UNIVERSITY LIBRARY
21 NOV. 1931
MADRAS

# കൈരളി

പുസ്തകം ൧൩ | ൧൧൦൭ ചിങ്ങം | ലക്കം ൧

## *സംസ്കൃതഭാഷാഭ്യസനം.

(തുടൎച്ച)

5. ഗവേഷണപ്രയോജകത:— വിവിധവിഷയങ്ങളിൽ നിഗ്രൂഢങ്ങളായ തത്വങ്ങളെപ്പററി വേണ്ട അന്വേഷണം ചെയ്യുന്നതിനു സംസ്കൃതസാഹിത്യംപോലെ മറെറാന്നും പ്രയോജകീഭവിക്കുന്നില്ല. "റോയൽ ഏഷ്യാററിക്കു സൊസൈററി, ഏഷ്യാററിക്കു സൊസൈററി ഓഫ് ബെങ്ഗാൾ, അമേരിക്കൻ ഓറിയൻററൽ സൊസൈററി മുതലായി അനവധി പണ്ഡിതപരിഷത്തുകൾ ഇന്നു നടത്തുന്ന ഗവേഷണവും ചൎച്ചയും പ്രധാനമായി ആശ്രയിക്കുന്നതു് ഈ സാഹിത്യത്തെയാകുന്നു. അഭിനവങ്ങളായി, അന്യഥാ അവിജ്ഞേയങ്ങളായുള്ള അനേകം ലോകചരിത്രരഹസ്യങ്ങൾ ഇവരുടെ സദ്വ്യവസായത്തിൻെറ ഫലമായി നമുക്കു ലഭിക്കുന്നുമുണ്ടു്.

6. ആനന്ദദായകത:— "സത്യം, ശിവം, സുന്ദരം" (The true, the good and the beautiful) ഈ നാമധേയങ്ങളിൽ മുക്തിസൌധത്തിലേയ്ക്കു മൂന്നു ഘണ്ടാപഥങ്ങളുണ്ടു്. അവയിൽ ഹ്ലാദൈകമയിയായ കവിഭാരതി ആനന്ദമാൎഗ്ഗത്തിലൂടെയാകുന്നു നമ്മെ ആ പ്രാപ്യസ്ഥാനത്തേയ്ക്കു നയിക്കുന്നതു്. രസം, ധ്വനി ഇത്യാദി സാഹിത്യവിദ്യാമാൎഗ്ഗങ്ങളെന്തെന്നു് ഇദംപ്രഥമമായി കണ്ടുപിടിച്ചു് അവയുടെ സ്വരൂപം ലോകാനുഗ്രഹത്തിനായി ചിത്രണം ചെയ്തതു ഭാരതീയ സഹൃദയന്മാരാകുന്നു. വാല്മീകി, വ്യാസൻ, കാളിദാസൻ, ഭവഭൂതി മുതലായ മഹാകവി സാൎവ്വഭൌമന്മാർ വൎഷിച്ച സാരസ്വതരസായനത്തിൻെറ സ്വാദുത അന്യാദൃശമാകുന്നു. വാല്മീകിയേയും, ഹോമറേയും ചില ഉപരിപ്ലവബുദ്ധികൾ ഉപമാനോപമേയരൂപേണ സ്വീകരിക്കാറുണ്ടു്. സീതാദേ

വിക്കും ഹെലേനിനും തമ്മിലുള്ള വ്യത്യാസം ആ കവിനിബന്ധങ്ങൾക്കു തമ്മിലും മൎമ്മജ്ഞന്മാൎക്കു കാണാം. വ്യാസഭഗവാന്റെ മഹാഭാരതംപോലെ അത്ര ബൃഹത്തും, മഹത്തുമായ ഒരു കാവ്യം—കാവ്യമെന്നു ഞാൻ പറയുന്നതു് അതിന്റെ അൎത്ഥം പൂൎണ്ണമായിട്ടല്ലാതെ അനുസരിച്ചുകൊണ്ടു തന്നെയാണ്—ലോകത്തിലില്ല.

"ധൎമ്മേ ചാൎത്ഥേ ച കാമേ ച
മോക്ഷേ ച ഭരതൎഷഭ!
യദിഹാസ്തി തദന്യത്ര;
യന്നേഹാസ്തി ന തൽ ക്വചിൽ"

എന്നു് ആ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ കവി ചെയ്യുന്ന സത്യപ്രതിജ്ഞ അക്ഷരംപ്രതി അന്വൎത്ഥമാകുന്നു.

"ശ്രുത്വാ ത്വിദമുപാഖ്യാനം
ശ്രാവ്യമന്യന്ന രോചതേ;
പുംസ്കോകിലഗിരം ശ്രുത്വാ
രൂക്ഷധ്വാങ്ക്ഷസ്യ വാഗിവ"

എന്ന പദ്യത്തിന്റെ തത്വവും എനിക്കു പല അവസരങ്ങളിലും ബോദ്ധ്യമായിട്ടുണ്ടു്. അഭിജ്ഞാനശാകുന്തളവും, ഉത്തരരാമചരിതവും യഥാക്രമം നിൎമ്മിച്ച കാളിദാസനേയും, ഭവഭൂതിയേയും ലോകം ഏതുപ്രകാരത്തിലാണു നമസ്കരിക്കുക! എത്ര നമസ്കരിച്ചാലാണ് മതിയാകുക! സ്മൃതിസമ്പുടത്തിൽ സംഗ്രഹിച്ചു വെച്ചുകൊണ്ടു് ആവശ്യംപോലെ അനുസന്ധാനം ചെയ്തു് ആനന്ദിക്കുന്നതിനു സംസ്കൃതശ്ലോകങ്ങൾ പോലെ മറ്റൊന്നും ഉതകുന്നതല്ല.

"വന്ദേ ഗജേന്ദ്രവദനം
വാമാങ്കാരൂഢവല്ലഭാശ്ലിഷ്ടം
കുങ്കുമപരാഗശോണം
കുവലയിനീജാരകോരകാപീഡം"

ദുൎവ്വാസസ്സ്—ആൎയ്യാശതകം.

"പരതന്ത്രാവയമനയാ
പങ്കജസബ്രഹ്മചാരിലോചനയാ
പരയാ കാഞ്ചീപുരയാ
പൎവ്വതപൎയ്യായപീനകുചഭരയാ."

മൂകൻ—പഞ്ചശതി.

"കല്പിതചന്ദനതിലകം
കർണ്ണപരിസ്ഫുരിതകനകതാടങ്കം.
കബളയതി മാനസം മേ
കാന്തം കർണ്ണാടകാമിനീവദനം.
അമ്മാളാചാര്യർ—വസന്തതിലകഭാണം.

ഇത്യാദി കേവലം ശബ്ദസുന്ദരങ്ങളായ സംസ്കൃതപദ്യങ്ങൾ പോലും പരമാനന്ദപ്രദങ്ങളാണെന്നിരിക്കെ വിമർദ്ദഹൃദ്യങ്ങളായ,

ഇദം ഭുങ്ക്ഷ്വ മഹാരാജ!
പ്രീതോ,യദശനാവയം;
യദന്നഃ പുരുഷോലോകേ
തദന്നാസ്തസ്യദേവതാഃ"

എന്നു ശ്രീരാമൻ പരേതനായ ദശരഥന് ഇങ്ഗുദീപിണ്യാക ദാനം ചെയ്യുന്ന അവസരത്തിലും

"അലാതംതിന്ദുകസ്യേവ
മുഹൂർത്തമപിഹിജ്വല;
മാതുഷാഗ്നിരിവാനർച്ചി
ർദ്ധൂമായസ്വജിജീവിഷുഃ."

എന്നു കുന്തീദേവി വിദുലോപദേശദ്വാരാ കർത്തവ്യകർമ്മം ശ്രീകൃഷ്ണൻ മുഖേന ധർമ്മപുത്രരെ ധരിപ്പിക്കുന്നതുമായ പദ്യങ്ങളുടേയും മററം അവസ്ഥയെന്താണ്? അതെ, സർവോത്തമങ്ങളായ എതാനും സംസ്കൃതശ്ലോകങ്ങൾ ഹൃദിസ്ഥമായുള്ള ഒരു സഹൃദയനു സാഹിത്യദുർഭിക്ഷത്തിൻെറ പീഡ ഒരു കാലത്തും അനുഭവിക്കേണ്ടിവരികയില്ല.

7. ജ്ഞാനോദ്ദീപകത:—കാമക്രോധാദിഷഡ്വർഗ്ഗങ്ങളെ നിയമനം ചെയ്തു കൃത്യാകൃത്യവിവേചന ജ്ഞാനം സമ്പാദിച്ച് തദ്വാരാ ചതുർവ്വർഗ്ഗലബ്ധിക്കു മനുഷ്യനെ പാത്രീഭവിപ്പിക്കുന്ന വിഷയത്തിൽ സംസ്കൃതസാഹിത്യത്തിനുള്ള ശക്തി സർവ്വവിദിതമാകുന്നു. "There are two hemispheres in human nature—the active, combative, political, and the passive, meditative and philosophical" എന്നു തത്ത്വദർശികൾ പറയാറുണ്ട്. മനുഷ്യസ്വഭാവമാകുന്ന ഗോളത്തിനു രണ്ട് അർദ്ധങ്ങളുണ്ട്; അവയിൽ ഒന്നു ബഹിർമ്മുഖവും പ്രവൃത്തിനിരതവും, ക്ഷോഭസങ്കുലവുമാകുന്നു; മററൊന്ന് അന്തർമ്മുഖവും, നിവൃത്യുന്മുഖവും, ശാന്തിപരവുമത്രെ. ഇതിൽ രണ്ടാമത്തെ അർദ്ധഗോളത്തിൻെറ ആധിപത്യം ഇന്നും സംസ്കൃതസാഹിത്യസമ്പന്നയായ ഭാരതമാതാവിൽതന്നെ സ്ഥിതിചെയ്യുന്നു. അഭ്യുദയവും നിശ്രേയസവും ഏതിൽനിന്നു സിദ്ധിക്കുമോ അതാകുന്നു ധർമ്മം. ഐഹികചിന്തകളുടാതെയുള്ള ആമുഷ്മികബുദ്ധിയേ

യും ആമുഷ്മികചിന്തകൂടാതെയുള്ള ഐഹികബുദ്ധിയേയും ശ്രുതിസ്മൃതികൾ ഒന്നുപോലെ നിഷേധിക്കുന്നു. ധർമ്മാർത്ഥകാമങ്ങളുടെ യൌഗപദ്യേനയുള്ള സമവായത്തിൽ മുൻപുമുൻപുള്ളതു സ്വീകാര്യമാണെന്നു മാത്രം അവ അനുശാസിക്കുന്നു. അർത്ഥത്തിനു കാമത്തേയും, ധർമ്മത്തിനു അർത്ഥകാമങ്ങളേയും കീഴ്പ്പെടുത്തിയാൽ ത്രിവർഗ്ഗസാധനം സുകരമായി. ധർമ്മത്തിൻെറ ഉപായം, "ആത്മവൽ പരത്ര കുശലവൃത്തിചിന്തനം; ശക്തിതസ്ത്യാഗതപസീച" അതായതു തൻെറ എന്നപോലെ സമസ്തഭൂതങ്ങളുടേയും അഭ്യുദയനിശ്രേയസങ്ങളെപ്പററിയുള്ള ചിന്തനവും ശക്തിക്കൊത്തവണ്ണമുള്ള ത്യാഗവും തപസ്സുമാകുന്നു എന്നത്രേ അഭിയുക്തവചനം. "സർവ്വസത്വേഷു ഹി സമതാ സർവ്വാചാരാണാം പരമാചരണം," എന്നും നീതിശാസ്ത്രഗ്രന്ഥങ്ങളിൽ പ്രവചിച്ചുകാണുന്നുണ്ടു്. സർവ്വസത്വങ്ങളുടെ നേക്കുമുള്ള സമബുദ്ധിയാകുന്നു സകലാചാരങ്ങളിലും വെച്ചു ശ്രേഷ്ഠമായിട്ടുള്ളതു്. ആത്മൌപമ്യത്തിൽ ലോകത്തെ കാൺമാൻ കഴിയുന്നവൻ ജീവന്മുക്തനായി. "ആത്മാനമുപമാം കൃത്വാ സ്വേഷുദാരേഷുരമ്യതാം" എന്നത്രേ പതിവ്രതാശിരോമണിയായ വൈദേഹി അഴകിയ രാവണനെ ഉപദേശിക്കുന്നതു്. വ്യാസഭഗവാനാകട്ടെ ഈ തത്വത്തെ വിധിരൂപത്തിലും നിഷേധരൂപത്തിലും

"യദ്യദാത്മനിചേച്ഛേത തൽപരസ്യാപി ചിന്തയേൽ"
"ന തൽ പരസ്യ കുർവ്വീത ജാനന്നപ്രിയമാത്മനഃ"

എന്ന പദ്യാർദ്ധങ്ങളിൽ നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടു്. "ധർമ്മസാരമിദം ജഗൽ" എന്നു രാമായണത്തിലും "യതോധർമ്മസ്തതോജയഃ" എന്നു മഹാഭാരതത്തിലും പദേപദേ ആ മഹർഷിമാർ നമ്മെ അനുസ്മരിപ്പിക്കുന്നു. പിന്നെയും മഹാഭാരതത്തിൻെറ പരിസമാപ്തിയിൽ ലോകാനുജിഘൃക്ഷുവായ ആ പരമഗുരു

"ഊർദ്ധ്വബാഹുർവ്വിരൌമ്യേഷ
ന ച കശ്ചിച്ഛൃണോതിമാം
ധർമ്മാദർത്ഥശ്ചകാമശ്ച;
സധർമ്മഃ കിംന സേവ്യതേ"

എന്നു തൻെറ ആശയത്തെ വീണ്ടും ആവിഷ്കരിക്കുന്നു. "ഞാനിതാ തലയിൽ കൈവച്ചുകൊണ്ടു നിലവിളിക്കുന്നു, ഒരുത്തനെങ്കിലും ഞാൻ പറയുന്നതു കേൾക്കുന്നില്ലല്ലോ. ധർമ്മത്തിൽ നിന്നാകുന്നു അർത്ഥവും കാമവും; ആ ധർമ്മത്തെ മനുഷ്യർ എന്തുകൊണ്ടു സേവിക്കുന്നില്ല?" എന്നത്രേ അദ്ദേഹം ചോദിക്കുന്ന ഭാവഗർഭമായ ചോദ്യം. "ധർമ്മേരതിർഭവതു വസ്സതതോത്ഥിതാനാം" എന്നു് അദ്ദേഹം ഭാരതീയരെ ഉദ്ദേശിച്ചു

ചെയ്യു പ്രാൎത്ഥന—അല്ല ആശിസ്സ്—ഒരിക്കലും വിഫലമാകുന്നതല്ല. ധൎമ്മത്തിന് ഇതര ഭാഷകളിൽ പൎയ്യായപദമില്ല. ഈശ്വരന്റെ സത്തയ്ക്ക് അനുരൂപവും അംഗീകാൎയ്യവുമായുള്ള പ്രവൃത്തി പദ്ധതിയെയാണ് ഭാരതീയർ ധൎമ്മമെന്ന ശബ്ദത്താൽ വ്യവഹരിക്കുന്നതെന്നു പരേതനായ ലോകബന്ധു എഡ്വേർഡുകാർപെന്റർ (Edward Carpenter) ഒരു സന്ദൎഭത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

8. കൎമ്മം:— കൎമ്മത്തേയും, പുനൎജ്ജന്മത്തേയും പററി ഭാരതീയരായ മഹൎഷിമാർ നിപുണമായി നിരീക്ഷിക്കുകയും നിഷ്കൃഷ്ടമായി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. കൎമ്മത്തിനു ഫലമുണ്ടെന്നു വിശ്വസിക്കുന്നവനെ മീമാംസകന്മാർ ആസ്തികനായി അംഗീകരിക്കുന്നു. “സാധുകാരി സാധുൎഭവതി; പാപകാരീ പാപോ ഭവതി; അഥോഖല്വാഹുഃ കാമമയ ഏവായം പുരുഷ ഇതി; സ യഥാകാമോ ഭവതി തൽക്രതുഃ, യൽ ക്രതുൎഭവതി തൽ കൎമ്മ കുരുതേ; യൽ കൎമ്മ കുരുതേ തദഭിസമ്പദ്യതേ” എന്നു ഛാന്ദോഗ്യോപനിഷത്തു ഘോഷിക്കുന്നു. നന്മചെയ്യുന്നവൻ നല്ലവനായി ഭവിക്കുന്നു; തിന്മചെയ്യുന്നവൻ പാപിയായിത്തീരുന്നു. അതുകൊണ്ടാകുന്നു മനുഷ്യനെ കാമമയനെന്നു പറയുന്നത്; യാതൊന്നു മനുഷ്യൻ കാമിക്കുന്നുവോ അതിൽ അദ്ധ്യവസായം ചെയ്യുന്നു; യാതൊന്നിൽ അദ്ധ്യവസായം ചെയ്യുന്നുവോ അതിനുവേണ്ടിയുള്ള കൎമ്മം ചെയ്യുന്നു; യാതൊരു കൎമ്മം ചെയ്യുന്നുവോ അതിന്റെ ഫലമനുഭവിക്കുന്നു. “യോയച്ഛ്രദ്ധസ്സ ഏവ സഃ” ‘യാതൊന്നിൽ മനുഷ്യൻ ശ്രദ്ധിക്കുന്നുവോ അവൻ അതായി പരിണമിക്കുന്നു’ എന്നുള്ള ആപ്തവാക്യത്തിന്റെ സാരവും ഇതു തന്നെയാണ്.

“വിഷയാൻ ധ്യായതശ്ചിത്തം
വിഷയേഷു വിഷജ്യതേ;
മാമനുസ്മരതശ്ചിത്തം
മയ്യേവ പ്രവിലീയതേ”

എന്നു ഭഗവാൻ അൎജ്ജുനനു നൽകുന്ന ഉപദേശവും മറെറാന്നല്ല. വിഷയങ്ങളെ ധ്യാനിച്ചാൽ വിഷയങ്ങൾക്കു മനസ്സ് അധീനമാകും; ഭഗവാനെ ധ്യാനിച്ചാൽ ഭഗവാനിൽ ലയിക്കും. മരിക്കുമ്പോൾ അൎത്ഥങ്ങൾ ഗൃഹത്തിലും പുത്രാദിബന്ധുക്കൾ ശ്മശാനത്തിലും നമ്മെ വിട്ടുപിരിയുന്നു. എന്നാൽ “തം വിദ്യാകൎമ്മണീ സമന്വാരഭേതേ; പൂൎവ്വപ്രജ്ഞാ ച” എന്ന ഉപനിഷദ്വാക്യാനുസരിച്ചു മൂന്നുകൂട്ടം ശാകടികസംഭാരരൂപത്തിൽ പരലോകപാന്ഥന്മാരായ നമ്മെ അനുഗമിക്കുന്നു. പഠിച്ചവിദ്യ; ചെയ്തു കൎമ്മം (സുകൃതമായാലും ദുഷ്കൃതമായാലും) പൂൎവ്വാനു

ഭൂതവിഷയമായ പ്രജ്ഞ, ഇവയാകുന്നു ആ അനുഗാമികൾ. ഈ പൂൎവ്വപ്രജ്ഞതന്നെയാകുന്നു അതീതകൎമ്മങ്ങളെ അനുഭവിക്കുന്നതിനുള്ള വാസന. കൎമ്മത്തിനു ഫലമുണ്ടു്; ഈ രഹസ്യം നമ്മുടെ പൂൎവ്വികന്മാർ—മന്ത്രദ്രഷ്ടാക്കളായ മഹൎഷിവൎയ്യന്മാർ—ആദ്യമായി കണ്ടുപിടിച്ചതും ഇന്നും അന്തൎമ്മുഖന്മാൎക്കു കരതലാമലകംപോലെ ദൃശ്യവുമാകുന്നു. ഇതിന്റെ ബാഹ്യങ്ങളായ ചില ആവരണങ്ങളെ മാത്രമാകുന്നു അധുനാതനന്മാരായ ചില പാശ്ചാത്യ തത്വചിന്തകന്മാർ അനാച്ഛാദനം ചെയ്തിട്ടുള്ളതു്.

എന്നാൽ ഫലാഭിസന്ധി കൂടാതെയാകുന്നു നാം സകല കൎമ്മങ്ങളും അനുഷ്ഠിക്കേണ്ടതു് എന്നുള്ള സിദ്ധാന്തതത്വവും ഈ സന്ദൎഭത്തിൽ സ്മരണീയമാണു്. "അൎഹസ്തിഷ്ഠതി; അനൎഹസ്തരതി" എന്നു പലപ്പോഴും നമുക്കു ലോകയാത്രയിൽ മൎമ്മവേധകമാകുംവണ്ണം അനുഭവപ്പെടാം; അതു സാരമില്ല; അൎഹൻ നില്ക്കട്ടെ; അനൎഹൻ തരണം ചെയ്യട്ടെ; അതുകൊണ്ടു സൽകൎമ്മങ്ങളിൽ നമുക്കു ആസക്തി കുറയരുതു്. ഈ വിഷയത്തെപ്പററി മനസ്വിനിയായ പാഞ്ചാലിയും മഹാപുരുഷനായ യുധിഷ്ഠിരനും തമ്മിൽ നടന്ന ഒരു സംവാദം മഹാഭാരതം ആരണ്യപൎവ്വത്തിൽ വേദവ്യാസൻ രേഖപ്പെടുത്തീട്ടുണ്ടു്. പാഞ്ചാലി പറകയാണു്:—"ഭൎത്താവേ! തന്തുബദ്ധമായ പക്ഷിയെപ്പോലെ അസ്വതന്ത്രനായ മനുഷ്യൻ ഈശ്വരനു് അധീനനായി "നാന്യേഷാം നാത്മനഃ പ്രഭുഃ" എന്ന നിലയിൽ വലയുന്നു. ഭഗവാനാകട്ടെ ഭൂതങ്ങളെക്കൊണ്ടു കേവലം ക്രീഡിക്കുകയത്രേ ചെയ്യുന്നതു്. അവിടുന്നു ചരാചരങ്ങളുടെ വിഷയത്തിൽ ഒരിക്കലും മാതാപിതാക്കന്മാരെപ്പോലെ പ്രവൎത്തിക്കുന്നില്ല; രോഷാകുലനെന്നമാതിരിയിലാണു് അവിടുത്തെപ്പെരുമാററം. കൎത്താവിനെയല്ലാതെ കൎമ്മം മററാരുവനെ അനുഗമിക്കുന്നില്ല എന്നുള്ള ആപ്തവാക്യം സത്യമാണെങ്കിൽ ദുഷ്കൎമ്മഫലമായ പാപത്താൽ ലിപ്തനാകേണ്ടതു് ഈശ്വരൻ തന്നെയാണു്; അഥവാ ഈശ്വരനെ ആ പാപം തീണ്ടുന്നില്ലെങ്കിൽ അതു അവിടുത്തെ കൈയൂക്കിന്റെ ഫലമായിരിക്കണം; ഹാ! ഞാൻ ദുൎബ്ബലരായ മനുഷ്യരെ— അനീശ്വരരായി കൎമ്മശൃംഖലയാൽ വലയുന്ന സാധുക്കളെ—പററിയാകുന്നു പരിതപിക്കുന്നതു്." ഇതിലധികം യുക്തിയുക്തമായി ഒരു നാസ്തികനു വാദിക്കുവാൻ പ്രയാസമല്ലേ? ഇതിനു യുധിഷ്ഠിരന്റെ മറുപടിയെന്തെന്നു പരിശോധിക്കാം. "പ്രിയതമേ! ഞാൻ കൎമ്മഫലത്തെപ്പററി അന്വേഷിക്കുന്നില്ല.

"ധൎമ്മം ചരാമി സുശ്രോണി! ന ധൎമ്മഫലകാരണാൽ;
ധൎമ്മവാണിജികോഹീനോ ജഘന്യോ ധൎമ്മവാദിനാം
ന ധൎമ്മഫലമാപ്നോതി യോധൎമ്മം ദോഗ്ധുമിച്ഛതി."

ധർമ്മഫലത്തെ ഉദ്ദേശിച്ചു ഞാൻ ധർമ്മമാർഗ്ഗത്തിൽ സഞ്ചരിക്കുന്നില്ല ധർമ്മംകൊണ്ടുള്ള കച്ചവടം ചെയ്യുന്നവൻ ഹീനനും ധർമ്മവാദികളിൽ വെച്ച് അധമനുമാകുന്നു. ധർമ്മത്തെ കുറയ്ക്കുവാൻ ഇച്ഛിക്കുന്നവൻ ഒരിക്കലും ധർമ്മഫലത്തെ നേടുന്നില്ല. എന്നാൽ ഒന്നു നീ ധരിക്കണം. ധർമ്മം ഫലശൂന്യമാണെങ്കിൽ അപ്രതിഷ്ഠമായ തമസ്സിൽ ഈ ജഗത്തു് ആണ്ടുപോകുകതന്നെ ചെയ്യും. വിജ്ഞൻ അണുകൊണ്ടും സന്തോഷിക്കും; മൂഢൻ അചലംകൊണ്ടും സന്തോഷിക്കുകയില്ല. ധർമ്മംകൊണ്ടു സന്തുഷ്ടിയുണ്ടാകുന്നു; സന്തുഷ്ടൻ ധന്യനാകുന്നു. അപ്പോൾ കാര്യത്തിന്നു ഫലമില്ലെന്നു എങ്ങനെ പറയാം?

"നഫലാദർശനാൽ ധർമ്മഃ ശങ്കിതവ്യോനദേവതാഃ;
കർമ്മണാംഫലമസ്തീഹ തദേതൽകർമ്മശാശ്വതം;
ഈശ്വരംചാപിഭൂതാനാം മാവമംസ്ഥാഃ കഥഞ്ചന;
ശിക്ഷസ്വൈനം നമസ്വൈനം മാതേഭൂദ്ബുദ്ധിരീദൃശീ"

"ഈ ഫലം കാണായ്കയാൽ ധർമ്മമോ ഈശ്വരനോ ഇല്ലെന്നു വിചാരിക്കരുതു്. കർമ്മത്തിന്നു ഫലമുണ്ടെന്നു വിശ്വസിക്കണം; അല്ലെങ്കിൽ ശാശ്വതമായി ഇത്തരത്തിലൊരു കർമ്മപദ്ധതി ലോകത്തിൽ സ്ഥാപിതമാകയില്ല. സർവ്വേശ്വരനേയും ഒരിക്കലും അവമാനിക്കരുതു്. അവിടത്തെ വരുതിക്കു കീഴ്പെടണം; അവിടത്തെ നമസ്കരിക്കണം. നിനക്കു നിന്റെ ചോദ്യത്തിൽ അന്തർഭവിച്ചതായി കാണുന്ന ബുദ്ധി ഒരിക്കലും ഉണ്ടാകരുതേ." എന്നാകുന്നു ആ ധർമ്മാത്മാവിന്റെ സംശയച്ഛേദിയായ പ്രത്യുത്തരം.

ഏതു പുണ്യശാലിക്കും ഒരു ഭൂതകാലം ഉണ്ടായിരുന്നതുപോലെ ഏതു പാപിഷ്ഠനും ഒരു ഭാവികാലം ഉണ്ടാകാം. കർമ്മാദ്ധ്യക്ഷനും കർമ്മസാക്ഷിയുമായ ഈശ്വരൻ കർമ്മഫലോപഭോഗത്തിനു് ഉചിതമായ ജന്മത്തെ നമുക്കു് പ്രദാനം ചെയ്യുന്നു. ഇതിൽനിന്നു നമുക്കു് നമ്മുടെ ഭാവിയെ നിയമനം ചെയ്യുന്നതിനു സ്വാതന്ത്ര്യമില്ലെന്നു സിദ്ധിക്കുന്നില്ല. നമ്മുടെ കർമ്മങ്ങളെ ഉപഭോഗക്ഷമതയനുസരിച്ചു ആഗാമിയെന്നും സഞ്ചിതമെന്നും പ്രാരബ്ധമെന്നും മൂന്നായി ആചാര്യന്മാർ തരംതിരിച്ചിരിക്കുന്നു. പ്രവൃത്തഫലങ്ങളായ കർമ്മങ്ങൾ—യാവചിലകൊണ്ടു താൽകാലികമായ ശരീരം നാം ആരംഭിക്കുന്നുവോ അവ പ്രാരബ്ധങ്ങൾ; അവ ഉപഭോഗംകൊണ്ടുതന്നെ ക്ഷയത്തെ പ്രാപിക്കേണ്ടതാണു്. എന്നാൽ സഞ്ചിതങ്ങളുടേയും ആഗാമികളുടേയും സ്ഥിതി അത്തരത്തിലല്ല. അവയെ ജ്ഞാനാഗ്നികൊണ്ടു്, അതിനുവേണ്ട മനസ്സു മാത്രം ഉണ്ടെങ്കിൽ ആർക്കും ദഹിപ്പിക്കാം. മനുഷ്യനു് അവന്റെ കർമ്മഫലത്തെ നശിപ്പി

കളവാൻ അത്യല്പമാത്രമെങ്കിലും ശക്തിയുണ്ടു; അതൊരു വലിയ ശക്തിയുമാണ്. പൂൎവ്വജന്മവാസനയെ നിയന്ത്രിക്കുന്ന വിഷയത്തിൽ അവനു പൂൎണ്ണസ്വാതന്ത്ര്യമുണ്ട്. കൎമ്മഫലത്തിലുള്ള വിശ്വാസം അവനെ ഭൂതകാലത്തിൽ വ്യഥാനുശയംകൂടാതെ ഭാവികാലത്തിൽ പ്രത്യാശയോടുകൂടി ജീവിക്കുവാൻ പരികരബന്ധനംചെയ്യുന്നു. ഈ തത്വങ്ങളെല്ലാം ഛാന്ദോഗ്യാദ്യുപനിഷത്തുകളിൽനിന്നു സവിസ്തരം ഗ്രാഹ്യങ്ങളാണ്. കാമിക്കണം; ഈശ്വരൻകൂടി കാമിച്ചു എന്നു ശ്രുതി നമ്മെ ഉൽബോധിപ്പിക്കുന്നു; ആ കാമത്തിന്റെ ഫലമാണു പ്രപഞ്ചസൃഷ്ടി; നമ്മുടെ കാമത്തിന്റെ ലക്ഷ്യം ലോകോപകാരമാണ്. കൎമ്മം ചെയ്യണം; കൎമ്മം കൂടാതെ ഒരു ജന്തുവിന്നും ജീവിക്കുവാൻ സാധിക്കുന്നില്ല. "അല്ലയോ അൎജ്ജുന! എനിക്ക് അവാപ്യമായി മൂന്നു ലോകങ്ങളിലും യാതൊന്നുമില്ലെങ്കിലും ഞാൻ കൎമ്മത്തിൽതന്നെ സ്ഥിതിചെയ്യുന്നു." എന്ന ഭഗവത്‌വാക്യത്തിന്റെ താല്പൎയ്യം നാം ഗ്രഹിക്കണം. ഫലാനപേക്ഷിയായ സൽകൎമ്മമാകുന്നു പാൎത്ഥിവമായ പാരിജാതം.

ജ്ഞാനം:—മനുഷ്യജന്മത്തിന്റെ മാഹാത്മ്യത്തെപ്പററ ശ്രീമദ്ഭാഗവതം ഏകാദശസ്കന്ദത്തിൽ,

"സൃഷ്ട്വാ പുരാ ഹി വിവിധാന്യജയാത്മശക്ത്യാ
വൃക്ഷാൻ സരീസൃപപശൂൻ ഖഗദംശമത്സ്യാൻ
തൈസ്തൈരതുഷ്ടഹൃദയഃ പുരുഷം വിധായ
ബ്രഹ്മാവലോകധിഷണംമുദമാപദേവഃ."

എന്നൊരു ശ്ലോകം കാണുന്നുണ്ട്. വൃക്ഷങ്ങൾ, സരീസൃപങ്ങൾ, പശുക്കൾ മുതലായ വിവിധസ്ഥാവരജംഗമങ്ങളെ തന്റെ ശക്തികൊണ്ടു ബ്രഹ്മാവു സൃഷ്ടിച്ചിട്ടും അവയിലൊന്നും അവിടുത്തേയ്ക്കു സന്തോഷമുണ്ടായില്ല; ഒടുവിൽ പരബ്രഹ്മത്തെ അവലോകനം ചെയ്യുന്നതിന്നുവേണ്ട ധിഷണയോടുകൂടിയ മനുഷ്യനെ സൃഷ്ടിച്ചു; ആനന്ദത്തേയും ലഭിച്ചു. സകല ചരാചരങ്ങൾക്കും ആത്മാവുണ്ടെന്നുള്ളതു് ആൎയ്യമതസിദ്ധാന്തങ്ങളിൽ ഒന്നാകുന്നു. വൃക്ഷങ്ങളെപ്പററി ഭവിഷ്യപുരാണത്തിൽ

"തമസാ ബഹുരൂപേണ വേഷ്ടിതാ ബഹുകൎമ്മണാ
അന്തസ്സംജ്ഞാ ഭവന്ത്യേതേ സുഖദുഃഖസമന്വിതാഃ"

എന്നു പ്രസ്താവിച്ചുകാണുന്നു. വൃക്ഷങ്ങൾക്ക് അന്തസ്സംജ്ഞയുണ്ട്; തന്നിമിത്തം സുഖദുഃഖങ്ങളുമുണ്ട്. ഈ തത്വത്തെത്തന്നെയാകുന്നു ആധുനിക സസ്യശാസ്ത്രജ്ഞന്മാരിൽ അദ്വിതീയനായ സർ. ജഗദീശചന്ദ്രബോസ് അദ്ദേഹത്തിന്റെ വിശ്വസമ്മതങ്ങളായ ഗ്രന്ഥങ്ങളിൽ ഉപപാദിക്കുന്നതു്. എന്നാൽ അവയ്ക്കുള്ള ഈ അന്തസ്സംജ്ഞയ്ക്കും മനുഷ്യന്റെ പ്രത്യേക

സമ്പത്തായ ബ്രഹ്മാവലോകധിഷണയ്ക്കും തമ്മിൽ വളരെ അന്തരമുണ്ട്. 'പ്രജ്ഞാനംബ്രഹ്മ' 'അഹംബ്രഹ്മ' 'തത്ത്വമസി' 'അയമാത്മാബ്രഹ്മ' — ഈ ശ്രുത്യന്തർഗ്ഗതങ്ങളായ മഹാവാക്യങ്ങളുടെ അർത്ഥം സൂക്ഷ്മമായി ഗ്രഹിക്കുന്നതിനും അതിനെ സ്വാനുഭൂതിപദവിയിൽ ആനയിച്ച് ദുഃഖോപഹതമല്ലാത്ത സുഖത്തിൽ ലയിക്കുന്നതിന്നും അവനു കഴിയും. ബൃഹദാരണ്യകോപനിഷത്തിൽ മൈത്രേയീബ്രാഹ്മണത്തിൽ യാജ്ഞവല്ക്യൻ തന്റെ ധർമ്മപത്നിയായ മൈത്രേയിക്കു ധനം നൽകാമെന്നു പറയുമ്പോൾ ആ ബ്രഹ്മവാദിനി "യേനാഹംനാമൃതാ സ്യാംകിമഹം തേനകുർയ്യാം, യാതൊന്നിനാൽ ഞാൻ മരണത്തെ പ്രാപിക്കാതിരിക്കുകയില്ലയോ അതുകൊണ്ടു എനിക്കു എന്തു പ്രയോജനമാണുള്ളത്?" എന്നു ചോദിക്കുകയും അതിനു മഹർഷി 'ആത്മനസ്തു കാമായ സർവം പ്രിയം ഭവതി ആത്മവാ അരേ! ദ്രഷ്ടവ്യഃശ്രോതവ്യോമന്തവ്യോനിദിധ്യാസിതവ്യഃ — ആത്മാവിന്റെ കാമത്തിനാകുന്നു ലോകത്തിൽ മനുഷ്യനു സർവ്വവും പ്രിയമായി ഭവിക്കുന്നത്; അതിനാൽ പരമലക്ഷ്യമായ ആ ആത്മാവിനെയാകുന്നു ദർശിക്കേണ്ടതും ശ്രവിക്കേണ്ടതും മനനം ചെയ്യേണ്ടതും നിദിധ്യാസനം ചെയ്യേണ്ടതും" എന്ന് ഉപദേശിക്കുകയും ചെയ്യുന്ന ഘട്ടം ആരെയാണ് ആനന്ദപുളകം അണിയിക്കാത്തത്?

(തുടരും)

റാവുസാഹേബ്, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ. ബി. എൽ.

## കുസുമ.

### I

മായാൻ തുടങ്ങി പകലിൻസ്മൃതിരാഗപൂർണ്ണ-
മായാലുമന്നപരദിക്കിനു ഹൃത്തിൽ നിന്നും,
സ്ത്രീയായ്പിറന്ന ശുഭസൌഹൃദ, മൂഴിവിട്ടു-
പോയാലുമെൻ'കുസുമ'യെങ്ങിനെ ഞാൻ മറക്കും! 1

ധന്യാഗ്ര്യയായസഖിതൻ പരിമുഗ്ദ്ധപാദ-
വിന്യാസമേററചില കല്പടയെത്തൊടാനായ്
അന്യാദൃശാദരഭരാകുലമായ ജഹ്നു-
കന്യാതരംഗനിര തിക്കുകയായിരിക്കാം. 2

ഈ വാരിതൻനടുവിലാദ്യ വലിച്ചെറിഞ്ഞു
ഭൂവാസകാംക്ഷ; നിഴലിപ്പൊരുഡുക്കളോടേ
രാവാസ്ഥലത്തൊരുകുടുന്ന വിടർന്ന മുല്ല-
പ്പൂവാരി, ഹാ! വിതറിനിൽപു വികാരമൂകം. 3

## II

ഈയാററിലിക്കടവിലെത്രദിനം പ്രശാന്ത-
സായാഹ്നവേളകളിൽ മേൽക്കഴകീല ഞങ്ങൾ!
ഈയാററിലിക്കടവിലെത്രദിനം സുനീല-
തോയാർദ്രവേണി സഖി ഞാനൊരുമിച്ചു ചിക്കി! 1

പാരത്രയം പരമകൗതുകമാർന്നു നോക്കും-
നേരത്തുതന്നെ മറയും പുലർകാലതാരം
പാരം പ്രഹൃഷ്ടമവനിക്കുളവാക്കിനിൽക്കാ-
താരക്തസന്ധ്യ,യെവിടെക്കറിയില്ല, പോകും. 2

ആ മട്ടനന്യസമകാന്തിയെയും, വിശുദ്ധ-
പ്രേമത്തെയും നിരവലംബനിലയ്ക്കു തള്ളി,
ആമന്ദമെൻസഖി നിരാശതകൊണ്ടു നിര-
മീമന്നിൽനിന്നു മറഞ്ഞിച്ചിറകാർന്നുയർന്നാൾ. 3

## III

പൂവിദ്ധമോദമാട്ട മഞ്ജുളമന്ദഹാസം
തൂവിപ്പിറപ്പനെട്ടുവിപ്പൊട്ടുവാടിവീഴാൻ;
രാവിന്റെ 'ക്രൂരിരുൾവിഷത്തെ' യശിച്ചു ചാവാ-
നാവിർഭവിപ്പു ദിവസം സവിലാസഹാസം! 1

പ്രേമപ്രകർഷമഖിലത്തിനുമേകിയേകി
ഹേമന്തയാമിനികളെത്തുവതെന്തിനെന്നോ,
കാമം നിരാശതയൊടാത്മഹിമാശ്രുബിന്ദു-
സ്തോമത്തിനാലിള നനച്ചു നനച്ചു ചാവാൻ! 2

ഏകാകിയായൊളിവിലിങ്ങനെമേവിയെന്തി-
നാകാം പുരണകവി ജീവിതനാടകങ്ങൾ
ശോകാന്തമായെഴുതിടുന്നതഹോ! സുഖാന്ത-
മേകാങ്കമൊന്നെഴുതുവാനസമർത്ഥനെന്നോ! 3

## IV

വാട്ടും പനീരലർ, പിറക്കുമനേകമാഭ-
ക്കൂട്ടം പടിക്കു; കുളിരമ്പിളിയസ്തമിക്കും,
നീട്ടററകാന്തിയൊടുദിക്കു; മിളയ്ക്കൊരിക്കൽ
വീട്ടുന്നതല്ല സഖി പോയതിലുള്ള നഷ്ടം! 1

തേഞ്ഞാൽ, ക്രമേണ തെളിയാർന്ന പയോദചാപം;
മാഞ്ഞാൽ, തിരിച്ചുവരവറ്റ വസന്തമാസം;
ചീഞ്ഞാൽ, പരംമുളവരാത്തൊരുമുല്ല; തോഴി,
കാഞ്ഞാളുമുള്ളുമൃതിതന്നമൃതിങ്കലാഴ്ത്തി! 2

ഓളങ്ങളായളകപാളികൾ; കൺകളാത്ത-
വ്രീളങ്ങളഗ്രവിദളന്നളിനങ്ങളായി;
നീളംപെട്ടംകബരി ശൈവലമായ്; മൃണാള-
നാളങ്ങളായ് മൃദുലകോമളമംഗളാംഗം! 4

ആരക്തവസ്ത്രത്തിനുടെ ഛായമലിഞ്ഞലിഞ്ഞി
നീരത്തിലെത്ര നവകോകനദം വിടർന്നു!
ധീരസ്വഭാവയുടെ ദുസ്സഹഗൂഢദുഃഖ-
പൂരംപുഴയ്ക്കടിയൊഴുക്കിനുവെമ്പലേറ്റി!. 4

## V

താതന്റെ വത്സലതതൻതലണത്തു, താപാ-
പേതം ജനിത്രിയുടെ ശീതളമാർത്തടത്തിൽ,
ജാതദ്യുതിത്തളിരൊടാച്ചെറുവല്ലി ഭാഗ്യ-
ശ്രീതന്റെ ലാളനകളാർന്നുതുടർന്നുബാല്യം. 1

വാനിൻവിശാലതമനസ്സിനു; കൊച്ചുപേട-
മാനിന്റെശാന്തതമുഖത്തിനു; വാക്കുകൾക്കോ
തേനിന്റെമാധുരി; മനോഹരതാകരത്തി-
ലാനിത്യശുദ്ധയുടെ മേനി വിളഞ്ഞുവന്നു! 2

ചേണഞ്ചുമാമുടിവശത്തുചകുത്തിടാനും,
ശോണപ്പനീരലരരത്തണിയിക്കുവാനും,
വേണം സഖിക്കിവളൊരാളി; വളെപ്പുറത്തെ-
പ്രാണൻകണക്കഹഹ! തോഴിനിനച്ചിരുന്നു. 3

## VI

ഓരനുപുത്രിയുടെനന്മ പിതാക്കൾ; പേരി
ന്നാരുക്മഗാത്രിയുടെ വേളിമഹം നടന്നു.
വാരുറ്റപൂന്തനുകടഞ്ഞുതുടങ്ങിയില്ല
താരുണ്യശില്പി; അവളന്നൊരുകൊച്ചുകുട്ടി. 1

പ്രേമത്തിനാൽ പുതിയൊരെണ്ണകലന്റ ലോല-
ശ്യാമങ്ങളാംമിഴികളും,ദീർഘമനോഹരങ്ങളും,
കാമന്റെ ചാണയിൽ മിനുങ്ങിവിളങ്ങിയപ്പോ-
ളാമന്ദഭാഗ്യ ഗതഭർത്തൃകയാണു;പോരേ!. 2

ക്രൂരംമനുഷ്യരുടെഭാവി! യതിന്നുനൽകി-
യാരത്തിരസ്കരിണി? തൊട്ടുതൊടാതെനില്ലേ
സ്വൈരം നരാശ വിഹരിച്ചമരും വിനോദാ-
ഗാരത്തിനാരുമറിയില്ലതു കൊള്ളിവയ്ക്കും. 3

## VII

ഇല്ലാതെയായി പതിതൻകഥ;തന്റെനാട്ടി-
ലല്ലായിരുന്നു പണിയാത്തരുണന്നു പണ്ടേ;
എല്ലാവരുംപഥികർ; ജീവിതഭാണ്ഡമേതെ-
ന്നില്ലാ,കരാളമൃതിചോരകരാഗ്രവർത്തി! 1

കാണാതെയായൊരുയുവാവിനെയോർത്തു തെല്ലു-
കേണാർ കുറച്ചിലർ; കുറച്ചിലർ നന്മ വാഴ്ത്തി
പ്രാണാധികപ്രിയസുഹൃജ്ജനവും മുഖത്തു
നീണാൾ വിഷാദമഷിയേന്തിയതില്ല;മാഞ്ഞു. 2

സൂരൻ നശിക്കി'ലിരുൾമൂടുപടത്തെ'യെത്ര
നേരംധരിക്കുമിള? തിങ്കളുദിക്കുവോളം!
നേരററയോഗ്യരുടെയോർമ്മയുമാശ്മശാന-
ച്ചാരത്തിലും വളരെമുൻപുതണുത്തുപോകും. 3

## VIII

ആ വത്സയന്നു ചെറുബാലിക; ഹാ, പ്രബോധാ-
ഭാവം മനുഷ്യനൊരനുഗ്രഹമാം ചിലപ്പോൾ!
മാൽവന്നടിച്ചൊരടിയപ്പൊഴറിഞ്ഞതില്ല-
പ്പാവം;ക്രമാൽ വിധവയെന്നൊരു പാട്ടുകാണായ് 1

വാമംഭൃത്രുഹവിധിമാച്ചുകളഞ്ഞു പെട്ടെ-
ന്നാമംഗളക്കുറിയെയന്യഗുണാസഹിഷ്ണു;
ശ്രീമൽപദച്യുതിവിഷാദവിമൂഢമൂക-
മാമഞ്ജുനൂപുരവുമാച്ചിരിവിസ്മരിച്ചു. 2

പാരംമെലിഞ്ഞതനു; നിമ്മലശുഭ്രവസ്ത്രം,
ആരമ്യശുദ്ധ ഗതഭൂഷണ മിന്നിയേവം
നീരല്പമായ് കൊടിയ വേനലുകൊണ്ടു തങ്ക-
ത്താരററ ബാഷ്പനിര മൂടിയ ഗംഗപോലെ. 3

നാരായണസ്മരണ നാമജപം പുരാണ-
പാരായണം ഭജനമച്ചനമെന്നിവക്കായ്
ആരാദ്ധ്യമൽസഖി പകുത്തു പവിത്രദുഃഖ-
ഭാരാഗ്നി നീററിനിറമേററിയ ജീവകാലം. 4

ഏതോകഴിഞ്ഞൊരു കിനാവുകണക്കുമാത്രം
ശാതോദരിക്കുപയമസ്മൃതിയുള്ളു പക്ഷേ,
ചേതോഹരപ്രിയമുഖാസ്ഫുടരൂപമുള്ളിൽ
നാൾതോറുമങ്ങിനെ തെളിഞ്ഞു തെളിഞ്ഞുവന്നു. 5

ഹാ! കഷ്ടമേ വിധവതൻനില! ഭത്തൃബന്ധു-
ലോകത്തിനേകസുമമദ്യദഹൃദ്യഗന്ധം
വേകപ്പെട്ടും കരളെഴും നിജബാന്ധവക്കു
ശോകപ്പെരുംകടലുയത്തുമൊരിന്ദുബിംബം. 6

കാലപ്പെരുംകഴുകു ദുസ്സഹദുഃഖതുണ്ഡ-
ത്താലക്കുമാരിയുടെ ജീവനെയിട്ടുകൊത്തി,
നാലഞ്ചുവട്ടമഥവന്നുപറന്നു ശാന്ത-
ശീലക്കുചുററുമിരുൾ തൻ നിഴലാൽ പരത്തി. 7

## IX

മാവിൻെറ പൊൻതളിരണിഞ്ഞു, സുഗന്ധമെങ്ങും
തൂവി, ദ്രുമങ്ങളിൽ നിജപ്രിയനാമധേയം
പൂവിൻ വിചിത്രലിപിയാലെഴുതിപ്പുളപ്പോ-
ടാവിർഭവിച്ചു നവമാധവലക്ഷ്മി വീണ്ടും. 1

ശ്രീസമ്മിളദ്ഘനമലർച്ചഷകത്തിലാത്മ-
ശ്വാസത്തിനാൽ സുരഭിയാക്കിയ നവ്യമാദ്ധ്വി
വാസന്തലക്ഷ്മി സവിധത്തിലുപാത്തമന്ദ-
ഹാസംവരുംപകലുകൾക്കു പകന്നുനൽകി. 2

പുല്ലാൽസ്ഫുടംപുളകമാൎന്നുചിരിച്ചപൂവാൽ
സല്ലാപകൗതുകമൊടദ്രിശിരസ്സുയൎത്തി
ചൊല്ലാത്തൊരക്ഷരമെഴും മഹിയെക്കനിഞ്ഞു
തെല്ലാഞ്ഞു സുന്ദരനഭസ്സു മുകൎന്നുനിന്നു. 3

## X

നീലം വിശാലഗഗനം വിലസീ വസന്ത-
കാലപ്രശാന്തമിഴിപോലെ വിലോഭനീയം;
കൂലങ്ങളിൎക്കുലയറുത്തു നടന്നിതാത്ത-
ലീലം മദാലസ, ചലാകുലവേണി, ഗംഗ. 1

ഗാനങ്ങളാൽ മണിഗൃഹങ്ങളും തരിച്ചു, ധന്യോ-
ദ്യാനങ്ങളോ മധുരനൂപുരശിഞ്ജിതത്താൽ;
സൂനങ്ങളാൽച്ചെടി, നവാശകളാൽ സുഖേച്ഛാ-
ധീനം യുവാശയവുമാകുലമാകയായി. 2

താനാൎന്നിടുംമധുരവേദനയുള്ളടക്കി-
ട്ടാനായിടാതെ, ജനദൃഷ്ടികളിൽപ്പെടാതെ,
ഗാനാളിതൂകി, കവിപോൽ, കുയിൽ; ദുഃഖചിന്താ-
ധീനായിയെൻറസഖിയന്നുമിരുന്നു പാവം. 3

## XI

ആമുക്തകങ്കണകരങ്ങളിരാ,ലുലഞ്ഞു-
പോമുത്തമാംഗപടമൂന്നു നേരെയാക്കി,
നീർമുക്കുവാൻ കുടവുമൊക്കിലെടുത്തു കാല-
ത്താമുഗ്ദ്ധ ചെന്നിതൊരുനാൾ നദിതൻതടത്തിൽ. 1

ആനാരിതന്നരികിലൂടെ കടന്നുപോയി
നാനാജനം; വിജനമെന്നവളെണ്ണിലോകം.
ജ്ഞാനാൎദ്ധനീനനൊരു കൊച്ചുമഹൎഷിപോലാ-
ദ്ദീനാംഗനാംഗലത കോൾമയിരാൎന്നുപോയി. 2

നിരംശ്രുപക്ഷ്മമധുരേക്ഷണതന്റെ തോളി-
ലാരമ്യമൂടുപടമൂന്നറിയാതെ വീണു.
ചാരത്തണഞ്ഞളവു ചഞ്ചലമായ് നടുങ്ങി
[illegible]ദൃഷ്ടിതൻ കരതല്ലാരോൎമ്മതടഞ്ഞപോലെ. 3

## XII.

വല്ലാത്ത വേപഥുനിമിത്തമിരട്ടിയായി
നല്ലാരിനംഗരുചി; മാനസമാഞ്ഞടിക്കെ,
മല്ലാക്ഷിയും, കരുതിടാത്ത മനോവികാര-
ത്തല്ലാൽത്തളർന്നു യതിയും നടകൊണ്ടുവേഗം. 1

ജീവന്നു ജീവനൊടെഴുന്നൊരു ബന്ധമോതാ-
നാവശ്യമായ ചിലവാക്കുളരാക്കുവാനായ്
പാവംപിടഞ്ഞു കരൾ, കണ്ണുകൾ സംഭവിച്ചു
ഭാവപ്പകർച്ചയതഹേതുകമായ് ഗണിച്ചു. 2

വൻപീഡയോ ഹൃദയനിർവൃതിയോ നിമിത്തം
കൺപീലിനീലിമ വളർത്തിന വാശ്രുലേശം.
മുൻപീവിധം ധൃതിലയം സഖിയാർന്നതില്ല
വെമ്പീവപുഃ, കുഴലഴിഞ്ഞു, കുഴഞ്ഞു കൈകൾ. 3

## XIII.

ആനമ്രമായ് പകുതിയൂർന്ന നിചോളമാർന്ന
ദീനം മുഖം ലഘുതിരിച്ചൊരു മഞ്ജുരൂപം,
ധ്യാനത്തിനായ് മിഴിയടച്ചു, യമിക്കു കാണാ-
മാനംഗശില്പകലതൻ വിരുതെന്നപോലെ. 1

'ഹേ, രാഗവഞ്ചിതഹൃദന്തരമേ, നിനക്കു-
പോരായ്മയാണിതു, വിമുക്തിതിരഞ്ഞൊടുക്കം
ആ രാമതൻ തലമുടിക്കണിയിൽക്കുടുങ്ങാ-
നോരായ്ക'യെന്നവനുരച്ചു നടിച്ചു ധൈര്യം. 2

ഏവം തടുക്കുകിലുമാരസപൂർണ്ണമായ-
ലാവണ്യവാപിയിലണഞ്ഞ ഹൃദന്തരന്തി
പൂവൽക്കപോലതലർ, കുന്തളശൈവലങ്ങൾ
ഭാവക്കുളിർത്തിരകളെന്നിവയിൽക്കളിച്ചു.

ജി. ശങ്കരക്കുറുപ്പ്.

# ഋഗ്വേദം.

## ഒരു നവീനവാദം.

വേദങ്ങളുടെ കാലനിൎണ്ണയം അതിതീക്ഷ്ണമായ വാദപ്രതിവാദങ്ങൾക്കു വിഷയമായ ഒന്നാണ്. പൎയ്യവേക്ഷണവിദഗ്ദ്ധന്മാർ ഉദ്ദേശം അയ്യായിരം വൎഷത്തെ പഴക്കം അവയ്ക്കു കല്പിക്കുന്നുണ്ട്. വിദേശിയർ കഷ്ടിച്ചു മൂവ്വായിരവും. എന്നാൽ സംസ്കൃതഭാഷാഗ്രന്ഥങ്ങളിൽ ഏററവും പ്രാചീനങ്ങൾ വേദങ്ങളാണെന്ന് ഏവരും ഐകകണ്ഠ്യേന സമ്മതിക്കുന്നു.

ഋഗ്വേദം ദശമണ്ഡലങ്ങളടങ്ങിയ ഒരു ഗ്രന്ഥമാണല്ലൊ. ഇന്ദ്രൻ, സൂൎയ്യൻ, പ്രജാപതി, വരുണൻ തുടങ്ങിയ ദേവന്മാരെ ഉപാസിച്ചു പ്രസാദിപ്പിക്കുവാൻ ഋഷിപ്രോക്തങ്ങളെന്നു വിശ്വസിച്ചുപോരുന്ന മന്ത്രങ്ങളുടെ സംഗ്രഹമാണ് ഓരോ മണ്ഡലവും. അഗ്നി, അപ്പ്, അനിലൻ മുതലായവയുടെ അധിഷ്ഠാനദേവതകളായിട്ടാണ് ഈ ഈശ്വരന്മാരെ വേദവാദികൾ കല്പിച്ചിരിക്കുന്നതെന്ന് ഒരു ന്യായവും പുറപ്പെട്ടിട്ടുണ്ട്. അതെങ്ങിനെയുമാകട്ടെ. ഒരേ ദേവോപാസനയ്ക്കുദ്ദേശിച്ചിട്ടുള്ള മന്ത്രങ്ങൾ തന്നെ ഋഗ്വേദത്തിൽ പല പ്രാവശ്യം ആവൎത്തിച്ചുകാണുന്നുണ്ട്. എന്നാൽ വിഷയവിശേഷമോ ആമന്ത്രണരീതിയുടെ വ്യതിരേകതയോ ഇവയ്ക്കില്ലായ്കയാൽ ഋഗ്വേദത്തിനു മററു വേദങ്ങളെ അപേക്ഷിച്ചു രസസ്ഫൂൎത്തിതന്നെ കുറവാണ്. ഓരോ മന്ത്രത്തിൻേറയും പ്രണയനം ഓരോ ഋഷികളിലാണ് ആരോപിച്ചിട്ടുള്ളതു്.

പല ഋഷികളും ചേൎന്നാണ് ഒരേ ഗ്രന്ഥത്തെ രചിച്ചിരിക്കുന്നതെങ്കിൽ, വിഭിന്നങ്ങളായ വിഷയങ്ങളെപ്പററിയാണ് ഓരോരുത്തർ വ്യവഹരിച്ചിരിക്കുന്നതെന്ന് അനുമാനിക്കുവാൻ ന്യായമില്ല. മറിച്ച് ഒരേ വിഷയത്തിൻെറ നാനാമുഖമായ പ്രകൃതിസിദ്ധാന്തസംഗ്രഹമാണ് ഋഗ്വേദമെങ്കിൽ ആ വിഷയമെന്തു്? ഈ പ്രശ്നത്തിനു തക്കതായ ഉത്തരമാണു ശാസ്ത്രജ്ഞന്മാർ ചിരകാലങ്ങളായി ആരായുന്നതു്. തൽഫലമായി പലേ മതങ്ങളും ആവിൎഭവിച്ചിട്ടുണ്ടെങ്കിലും സാക്ഷാൽ തത്വമിന്നതെന്ന് ഇനിയും വെളിപ്പെട്ടു കഴിഞ്ഞിട്ടില്ലെന്നുതന്നെവേണം പറവാൻ. ഉദ്ദേശം അയ്യായിരം വൎഷങ്ങൾക്കുമുമ്പു വിരചിതമായ ഒരു ഗ്രന്ഥത്തിൻെറ മൂലാൎത്ഥം ആൎഷപ്രയോഗങ്ങളാലെന്നല്ല ആദൎശങ്ങളുടെ പ്രാചീനതയാലും ക്രിസ്ത്വാബ്ദം 1200 ൽ ജീവിച്ചിരുന്ന സായണന്നുതന്നെ അഗ്രാഹ്യമായിരുന്നിരിക്കണമെന്ന് അതിലും എത്രയോ അൎവ്വാചീനങ്ങളായ ഗ്രന്ഥങ്ങൾ

വ്യാഖ്യാനത്തിന്നു പ്രദശിപ്പിക്കുന്ന വൈമുഖ്യത്തിൽനിന്നു് അനുമാനിക്കാവുന്നതാണു്. ഇങ്ങിനെ ഈ സായണവ്യാഖ്യാനംതന്നെ ഋഗ്വേദത്തിന്റെ മൎമ്മപ്രകാശനം സാധിക്കുന്നില്ല. വേദകാലശേഷം എത്രയോ പരമ്പരകൾ കഴിഞ്ഞിട്ടേ വിദ്വാന്മാർ വ്യാഖ്യാനശ്രമം തുടങ്ങുകയുണ്ടായുള്ളു. സ്ഥലകാലാനുസൃതമായ മാററങ്ങൾ ജീവിതാദൎശങ്ങൾക്കും സംഭവിച്ചുകൊണ്ടിരുന്നു. അതിന്നിടയ്ക്കു വേദദ്രഷ്ടാക്കളുടെ മൂലാദൎശങ്ങൾ മുഴുവൻ, ഇല്ലെങ്കിൽ മിക്കതും ജനഹൃദയത്തിൽനിന്നും മാഞ്ഞുകഴിഞ്ഞു. പോരെങ്കിൽ അന്നത്തെ ജീവിതരീതിയെപ്പററിയോ ജീവിതോദ്ദേശങ്ങളെപ്പററിയോ ആത്മസംസ്കാരത്തെ നിയന്ത്രിച്ചിരുന്ന നിയമങ്ങളെപ്പററിയോ ബോധം ഉണ്ടാകുവാൻ തക്ക സന്ധാനങ്ങൾ അവശേഷിച്ചതുമില്ല. ആകയാൽ പ്രകൃതിവശ്യമാൎഗ്ഗമാണു വേദപ്രകൃതം എന്നു സകലരും അടിസ്ഥാനകല്ലുറപ്പിച്ചു തുടൎന്ന പ്രയത്നം പല വികൃതവേഷങ്ങളിലും പൎയ്യവസാനിച്ചു, എന്നു മാത്രമല്ല വേദങ്ങളെത്തന്നെ വല്ലാതെ അലങ്കോലപ്പെടുത്തുകയും ചെയ്തു.

ശബ്ദശാസ്ത്രപ്രവീണന്മാരായ ചില വൈദേശികരുടെ മററു ചില പ്രാചീന ഗ്രന്ഥങ്ങളിലുള്ള ആൎഷപ്രയോഗങ്ങളെ അവലംബിച്ചു് വേദപാഠങ്ങളെ വീക്ഷിച്ചും പഴയ ചില വ്യാകരണ നിയമങ്ങളാൽ അവയുടെ അൎത്ഥവ്യാപ്തിയെ നിയന്ത്രിച്ചും ആവക ഗ്രന്ഥങ്ങളോടു വേദങ്ങളെ മാററുരച്ചു് അവയുടെ കാതലെന്തെന്നറിവാൻ ശ്രമിച്ചു; എന്നാൽ താരതമ്യപ്പെടുത്തിയ കാഞ്ചനശകലത്തിന്റെ വാസ്തവമായ ഗുണദോഷജ്ഞാനംതന്നെ അവൎക്കില്ലായ്കയാൽ പല സ്ഖലിതങ്ങളിലും ചെന്നുചാടി. അതോടുകൂടി പരിശോധനരീതി ഒന്നു മാറി. മതോല്പത്തിതന്നെ എന്തെന്നറിഞ്ഞാൽ പിന്നെ വേദാൎത്ഥം സുഗ്രഹമാണെന്നുറച്ചു് ആ പന്ഥാവിനെ തുടൎന്നു. ആദിമനുഷ്യർ ആരാധിച്ചതു ജലം, തടിത്തു, മരം മുതലായവയെയാണെന്നും ഈ ആരാധനയിൽ നിന്നാണു മതത്തിന്റെ ആവിൎഭാവമെന്നും ഉറപ്പിച്ചു് വേദങ്ങളെ ഉരച്ചുനോക്കി. എന്നാൽ ഈ തത്വങ്ങൾക്കു വിരുദ്ധങ്ങളായ പല സിദ്ധാന്തങ്ങളും അവർ വേദങ്ങളിൽ കാണുകയാലും തങ്ങളുടെ മതത്തിന്നുതന്നെ ഈ ഉല്പത്തിവാദം ഊനത്തെ ഉളവാക്കുന്നുണ്ടെന്നു തോന്നുകയാലും ആ പന്ഥാവും വെടിയാതെ ഗത്യന്തരമില്ലെന്നു വന്നുകൂടി.

ദേവന്മാരുടെ സ്ഥൂലശരീരവൎണ്ണനയെ അവഗണിച്ചു് നടത്തിയ പൎയ്യന്വേഷണങ്ങളെല്ലാം അവതാളത്തിൽ അവസാനിച്ചിരിക്കെ വേദമൎമ്മം ആരാഞ്ഞറിവാനുള്ള ഏകമാൎഗ്ഗം അതിനെ അവലംബിച്ചായിരിക്കണമെന്നു സാധിക്കുകതന്നെ. ദേവന്മാരുടെ സ്വഭാവഗുണങ്ങൾ എന്തെങ്കിലുംതന്നെ ആയിരിക്കട്ടെ. ഈ ഗുണങ്ങൾക്കനുരൂപമായ സ്ഥൂല

ശരീരത്തെയാണ് അവർക്ക് ഋഷികൾ കല്പിച്ചിരിക്കുന്നതെന്നു ഉറപ്പിച്ചു മററു കാൎയ്യങ്ങളെ ചിന്തിക്കാം.

ഒരു സംഗതികൂടി. ബഹിർല്ലോകവസ്തുക്കളെപ്പററിയാണ് വേദങ്ങൾ പ്രതിപാദിച്ചിരിക്കുന്നതെന്നു വിശ്വസിച്ചു വേദങ്ങളിൽ നിലീനമായിക്കിടക്കുന്ന തത്വങ്ങളുടെ പ്രകാശനത്തിനു ഒരുമ്പെട്ടിട്ടുണ്ടായ ശ്രമങ്ങൾ എല്ലാം വിഫലമായിത്തീൎന്നിരിക്കെ വേദലോകത്തിന്നു സാമ്യം വഹിക്കുന്ന മറേറതെങ്കിലും പ്രത്യക്ഷലോകമുണ്ടെങ്കിൽ നമ്മുടെ ദൃഷ്ടി ആ ലോകത്തിലേയ്ക്കാണു തിരിക്കേണ്ടതു്. വേദവ്യാഖ്യാനത്തിന്നൊരുമ്പെട്ടമിക്കവരും വൈദ്യശാസ്ത്രനിപുണന്മാരല്ലായിരുന്നു എന്നുകൂടി ഓൎമ്മിക്കേണ്ടതുമുണ്ടു്.

ഋഗ്വേദത്തിലെ ലോകം നമുക്കു ഗോചരമായ ബഹിർല്ലോകത്തിൽനിന്നും തീരെ വ്യത്യസ്തപ്പെട്ടാണിരിക്കുന്നതു്. അതിനെയും രണ്ടു അൎദ്ധങ്ങളായി ഭാഗിച്ചിട്ടുണ്ടെങ്കിലും ഈ അൎദ്ധങ്ങൾ ഗോളാംശങ്ങളല്ലെന്നു മാത്രമല്ല അവ തൊട്ടുതൊട്ട് ക്രമേണ മേല്പോട്ടുയൎന്നു പോകുന്നവയാണ്. ഓരോ അംശത്തിലും ഉള്ള ഭൂമി, അന്തരിക്ഷം, സ്വൎഗ്ഗം എന്നീ ത്രിവിഭാഗങ്ങൾ അന്യോന്യം തൊട്ടുതൊട്ടാണ് സ്ഥിതിചെയ്യുന്നതു്. ആകപ്പാടെ ഒരു മരത്തിനോട് ഈ ലോകത്തിന്നു ഏതാണ്ടു ഒരു സാമ്യമുണ്ടു്.

പ്രജാപതിയുടെ രണ്ടുളവു കോലുകളാണ് ഋഗ്വേദത്തിലെ ഭൂമികൾ. ഇവ സ്വൎഗ്ഗത്തിന്റെ ദ്വിഭാഗങ്ങളെ താങ്ങുകയും ചെയ്യുന്നു. താങ്ങില്ലാതെ നില്ക്കുന്ന അന്തരീക്ഷത്തിന്റെ രണ്ടംശങ്ങളും സ്വൎഗ്ഗംഭൂമിയെ അവലംബിക്കുന്ന സ്ഥാനത്താണ് പ്രതിഷ്ഠിച്ചിരിക്കുന്നതു്. ഈ അന്തരീക്ഷം, വായുമയമല്ല, ജലമയവും അന്ധകാരമയവുമാണ്. മേഘങ്ങൾക്കും മഞ്ഞിന്നും പകരം ഇതു നദീപൎവ്വതങ്ങളാൽ നിബിഡവുമാണ്. സ്വൎഗ്ഗം കൂട്ടിത്തൊടാത്ത രണ്ടു കിണ്ണങ്ങൾ വായോടു വായതിരിച്ചുവച്ച ആകൃതിയിലാകുന്നു.

ഈ സ്വഭാവം വഹിക്കുന്ന ആ ലോകം നമ്മുടെ ദൃഷ്ടിക്കു ഗോചരമല്ലെങ്കിലും യഥാൎത്ഥത്തിൽ ഉണ്ടു്. വൈദ്യവിദഗ്ദ്ധൻ ഉടനേ ഉത്തരം പറയുന്നു. മനുഷ്യന്റെ കായവ്യൂഹമെന്തു്? മസ്തിഷ്കത്തിന്റെ (Brain) ദ്വിഭാഗങ്ങളെ വേദദ്രഷ്ടാക്കൾ രണ്ടുസ്വൎഗ്ഗങ്ങളായും കശേരരജ്ജുവിൽ (spinal cord) നിന്നും മസ്തിഷ്കത്തിലേക്കു പുറപ്പെടുന്ന രണ്ടു ഞരമ്പുകൾ (penducles) സ്വൎഗ്ഗത്തെ താങ്ങുന്നതായും ഈ ഞരമ്പുകളുടെ ഒരു ഭാഗത്തായി നിമ്നോന്നതപ്രകൃതിയിലുള്ള ഒരു തരം തന്തുവാൽ ബന്ധിക്കപ്പെട്ട കശേരുകരജ്ജുവിന്റെ നാലാമത്തെ കോശത്തിനെ (fourth of the spinal cord) അന്തരീക്ഷമായും ഋഷികൾ കല്പിക്കുന്നുണ്ടെന്നു

സ്ഥാപിക്കാം. ഈ കോശം ജലാന്ധകാർമയവുമാണു് (cerebro-spinal fluid)

ഇത്രവല്പതായ ഒരു സാമ്യം അവഗണിക്കത്തക്ക ഒന്നല്ല. സ്വർഗ്ഗജാതരാണു് എന്നു ഋഷിമാർ കല്പിച്ചിട്ടുള്ള ദേവന്മാർ മജ്ജാതന്തുക്കളുടെ ഓരോഭാഗത്തിന്നു മൂർത്തിത്വം കല്പിച്ചുണ്ടായതായിരിക്കണം. ഈ ദേവന്മാരുടെ വിശേഷഗുണങ്ങൾ ഈ ഭാഗങ്ങൾ സാധിക്കുന്ന പ്രവൃത്തികളും ആയിരിക്കണം. ഇവയും, ഇവസ്ഥിതിചെയ്യുന്ന ശരീരാംശങ്ങളും കൂടുമ്പോൾ അതാതു ദേവന്നു് ഓരോസ്വരൂപവും ഉണ്ടായി. അതായിരിക്കണം ഇന്ദ്രനെ ഒരു ഋഷഭമായും അഗ്നിയെ ഒരു കുതിരയായും മററും വേദദ്രഷ്ടാക്കൾ കാണുന്നതു്.

അകപ്പാടെ മനുഷ്യശരീരത്തിലെ നാഡിവ്യൂഹത്തെ അലങ്കാരവൈചിത്ര്യങ്ങളോടുകൂടി ഋഷികൾ വിവരിക്കുന്നതല്ലേ ഋഗ്വേദം എന്ന സംശയത്തിന്നിടയുണ്ടു്.

എം. എൻ. മണാളർ, ബി. എ.

# കൌടില്യത്തിൻെറ വിജയം.

(ഷാജിഹാൻ എന്ന ബങ്കാളി നാടകത്തിലെ
ഒരു രംഗം).

## I

സ്ഥലം:— ഡൽഹിയിലെ ആസ്ഥാനമണ്ഡപം. സമയം:—പൂർവ്വാഹ്നം.

(മയൂരസിംഹാസനത്തിന്മേൽ അറംഗസീബ് ഇരിക്കുന്നു. ഇരുപാർശ്വങ്ങളിലായി മീർജ്ജുമ്ലാ, ശായെസ്ഥാഖാൻ മുതലായ സേനാനായകന്മാർ, മന്ത്രിപ്രധാനികൾ, ജയസിംഹൻ എന്നിവർ യഥാസ്ഥാനം ഇരിക്കുന്നു. അല്പം അകലെയായി അംഗരക്ഷകന്മാരും പുരോഭാഗത്തിൽ യശോവന്തസിംഹനും നില്ക്കുന്നു.)

യശോവന്തസിംഹൻ:— തിരുമേനി! സുൽത്താൻ ഷുജായോടുള്ള യുദ്ധത്തിൽ തിരുമേനിക്കു സൈന്യസഹായം ചെയ്യാമെന്നു വിചാരിച്ചിട്ടാണു് ഞാൻ ഇങ്ങോട്ടു പുറപ്പെട്ടതു്. പക്ഷെ ഇവിടെ വന്നതോടുകൂടി ഞാനതു വേണ്ടെന്നുവെച്ചു. ഇന്നുതന്നെ യോധപുരത്തിലേക്കു മടങ്ങിപ്പോകുവാനാണു ഞാൻ തീരുമാനിച്ചിരിക്കുന്നതു്.

അറംഗസീബ്:— അല്ലയോ യശോവന്തസിംഹമഹാരാജാവേ! അങ്ങു നർമ്മദാതീരത്തുവെച്ചു ദാറായുടെ പക്ഷത്തിൽ ചേൎന്നു യുദ്ധം ചെയ്തു

കൊണ്ടു് നമ്മുടെ അപ്രീതിക്കു പാത്രമായിട്ടില്ല. അങ്ങയുടെ രാജഭക്തിക്കു തക്കതായ തെളിവു ഇനിയെങ്കിലും തരുന്നപക്ഷം അങ്ങയെ നാം നമ്മുടെ മിത്രമായി കരുതുന്നതാണ്.

യശോവന്തസിംഹൻ:— തിരുമേനി! യശോവന്തസിംഹൻ അവിടത്തെ അപ്രീതിക്കു പാത്രമാകട്ടെ, അല്ലെങ്കിൽ പ്രീതിക്കു പാത്രമാകട്ടെ, അതുകൊണ്ടു് അയാൾക്കു ദോഷമോ ഗുണമോ ഒന്നും വരുവാനില്ല. ഇന്നു ഞാൻ ഇവിടെ വന്നിരിക്കുന്നതു തിരുമേനിയുടെ അനുഗ്രഹത്തെ അർത്ഥിക്കുവാനുമല്ല.

അറംഗസീബ്:— പിന്നെ എന്തിനാണ് അങ്ങിപ്പോൾ വന്നിരിക്കുന്നതു്?

യശോവന്തസിംഹൻ:— ഞാൻ വന്നിരിക്കുന്നതു തിരുമേനിയെ കണ്ടു് ഒരു കാര്യം ചോദിക്കുവാൻ—എന്തപരാധം പ്രവർത്തിച്ചതുകൊണ്ടാണു ഞങ്ങളുടെ ദയാലുവായ ഷാജിഹാൻ ചക്രവർത്തി ഇന്നു ബന്ധനത്തിൽ കിടക്കുന്നതു്? ഏതധികാരത്തെ അടിസ്ഥാനമാക്കിയിട്ടാണ് അവിടന്നു, പിതാവു ജീവിച്ചിരിക്കെ, അദ്ദേഹത്തിൻെറ സിംഹാസനത്തിന്മേൽ കയറി ഇരിക്കുന്നതു്?

അറംഗസീബ്:— അതിനു നിങ്ങളോടു നാം സമാധാനം പറയണമോ?

യശോവന്തസിംഹൻ:— സമാധാനം പറയുകയോ പറയാതിരിക്കയോ അവിടത്തെ ഇഷ്ടമാണ്. ഞാൻ വന്നിരിക്കുന്നതു് അതു ചോദിപ്പാൻ മാത്രം.

അറംഗസീബ്:— അതുകൊണ്ടുള്ള പ്രയോജനം?

യശോവന്തസിംഹൻ:—തിരുമേനിയുടെ സമാധാനം കേട്ടിട്ടുവേണം എനിക്കു എൻെറ ഭാവിനടപടിയെ തീരുമാനിക്കുവാൻ.

അറംഗസീബ്:— അതെങ്ങിനെ? നാം സമാധാനംപറയാൻ ഭാവമില്ലെങ്കിലോ?

യശോവന്തസിംഹൻ:—എന്നാൽ അവിടത്തേയ്ക്കു് ഇക്കാര്യത്തിൽ പറയത്തക്ക സമാധാനം യാതൊന്നുമില്ലെന്നു ഞാൻ മനസ്സിലാക്കും.

അറംഗസീബ്:— അങ്ങു് എങ്ങിനെ വേണമെങ്കിലും മനസ്സിലാക്കിക്കൊള്ളു. അതുകൊണ്ടു് അറംഗസീബിനു യാതൊരു ദോഷവുമില്ല. തൻെറ പ്രവൃത്തികൾക്കു്, ഈശ്വരനെ ഒഴിച്ചു മററാരോടും സമാധാനം പറയുവാൻ അറംഗസീബ് വിചാരിക്കുന്നില്ല.

യശോവന്തസിംഹൻ:— കൊള്ളാം. എന്നാൽ ഈശ്വരനോടുതന്നെ സമാധാനം പറഞ്ഞാൽ മതി.

(പോകുവാൻ ഭാവിക്കുന്നു.)

അറംഗസീബ്:— നില്ക്കണം മഹാരാജാവേ! നമ്മുടെ സമാധാനം കിട്ടാത്തപക്ഷം അങ്ങെന്താണു ചെയ്വാൻ ഭാവം?

യശോവന്തസിംഹൻ:— ഷാജിഹാൻ ചക്രവൎത്തിയെ സ്വതന്ത്രനാക്കുവാൻ എന്നാൽ കഴിയുന്നവിധം ഞാൻ ശ്രമിക്കും. അത്രമാത്രം. സാധിക്കുമോ ഇല്ലയോ എന്നുള്ളതു കണ്ടറിയേണ്ട കാൎയ്യമാണ്. എന്റെ കൎത്തവ്യം ഞാൻ ചെയ്യും.

അറംഗസീബ്:— രാജദ്രോഹം പ്രവൎത്തിപ്പാനാണോ ഭാവം?

യശോവന്തസിംഹൻ:— എന്ത്! രാജദ്രോഹമോ? ചക്രവൎത്തിക്കുവേണ്ടി യുദ്ധം ചെയ്യുന്നതിന്റെ പേരാണോ രാജദ്രോഹം? രാജദ്രോഹം പ്രവൎത്തിച്ചിട്ടുള്ളതു് അവിടന്നാണ്. കഴിയുമെങ്കിൽ ആ രാജദ്രോഹിയെ ഞാൻ അമൎത്തുവാൻ നോക്കും.

അറംഗസീബ്:— ഹേ മഹാരാജാവേ! ഇത്രയും നേരം നാം അങ്ങയുടെ അഹംഭാവം എത്രകണ്ടുണ്ടെന്നു പരീക്ഷിക്കയായിരുന്നു. അങ്ങ് ആരേയും കൂസാത്ത ധീരനാണെന്നു നാം കേട്ടിട്ടുണ്ട്. ഇപ്പോഴ് അതു വാസ്തവമാണെന്നു ബോദ്ധ്യവുമായി—അല്ലയോ മഹാരാജാവേ! ഭാരതചക്രവൎത്തിയായ അറംഗസീബ് യോധപുരാധിപതിയായ യശോവന്തസിംഹന്റെ ശത്രുതയെ ഭയപ്പെടുന്നില്ല. പോൎക്കളത്തിൽവച്ച് ഒരിക്കൽകൂടി അറംഗസീബുമായി പരിചയപ്പെടണമെന്നു മോഹമുണ്ടെങ്കിൽ അങ്ങിനെയാകാം. നൎമ്മദായുദ്ധത്തിൽവെച്ച് അങ്ങയ്ക്ക് അറംഗസീബുമായി നല്ലവണ്ണം പരിചയപ്പെടുവാൻ തരമായില്ലെന്നു തോന്നുന്നു.

യശോവന്തസിംഹൻ:— നൎമ്മദയിലെ യുദ്ധമോ തിരുമേനി? അവിടന്ന് ആ വിജയത്തിൽ അഭിമാനിക്കയാണ് ചെയ്യുന്നതു്. അല്ലേ? യശോവന്തസിംഹൻ അനുകമ്പയാൽ ആൎദ്രഹൃദയനായിത്തീൎന്നതുകൊണ്ടാണ് വഴിനടന്നു ക്ഷീണിച്ച അങ്ങയുടെ ബലഹീനമായ സൈന്യത്തെ അന്ന് ആക്രമിക്കാതിരുന്നതു്. അല്ലെന്നുവരികിൽ എന്റെ ഭടന്മാരുടെ ഒത്തൊരുമിച്ചുള്ള ഒരൊററ നിശ്വാസത്താൽ അറംഗസീബ് സൈന്യസമേതം പറപറക്കുമായിരുന്നു. ആ ഉദാരമായ അനുകമ്പയ്ക്കും അറംഗസീബിൽനിന്ന് ഇത്തരത്തിലുള്ള നീചമായ വഞ്ചനയാണ് തനിക്കു കിട്ടുവാൻ പോകുന്നതെന്നു യശോവന്തസിംഹൻ അശേഷം കരുതിയിരുന്നില്ല. അതയാളുടെ തെററായിപ്പോയി—ആ വിജയത്തെപ്പററിയാണോ അവിടന്ന് അഭിമാനിക്കുന്നതു്?

അറംഗസീബ്:—യശോവന്തസിംഹ! സൂക്ഷിച്ചു സംസാരിക്കു. അറംഗസീബിന്റെ ക്ഷമയ്ക്കും ഒരതിരുണ്ട്. അതോൎത്തിട്ടുവേണം സംസാരിക്കുവാൻ.

യശോവന്തസിംഹൻ:—അല്ലയോ സമ്രാട്ട്, ആരെയാണു അവിടുന്നു കണ്ണുരുട്ടിക്കാണിക്കുന്നതു്? ജയസിംഹനെപ്പോലെയുള്ള ആളുകൾ, ഒരുപക്ഷെ, അവിടത്തെ കണ്ണുരുട്ടൽകണ്ടു പേടിക്കുമായിരിക്കാം. യശോവന്തസിംഹൻ അതുകണ്ടിട്ടൊന്നും ഇളകുന്നവനല്ലെന്നു അവിടുന്നു ധരിച്ചാൽ കൊള്ളാം. അവിടത്തെ ചുവന്നകണ്ണുകളും വലിയ തോക്കിൽനിന്നും പുറപ്പെടുന്ന അയോഗോളങ്ങളും യശോവന്തസിംഹനു ഒരുപോലെ നിസ്സാരങ്ങളാണ്.

മിർജ്ജുമ്ലാ:—മഹാരാജാവേ! എന്തു ധിക്കാരമാണ് ഈ കാണിക്കുന്നതു്.

യശോവന്തസിംഹൻ:—മിണ്ടാതിരിക്കു ഹേ! അവിടെ. കേസരിവീരന്മാർ തമ്മിൽ പൊരുതുമ്പോൾ അതിൽ കുറുനരിക്കെന്തുകാര്യം? ഞങ്ങളിൽ ആരുംതന്നെ ഇനിയും മരിച്ചിട്ടില്ല. നിങ്ങളുടെ സമയം യുദ്ധത്തിനുശേഷമാണ്. നിങ്ങളും ഈ ശായേസ്താഖാനും—

ശായേസ്താഖാനും മിർജ്ജുമ്ലായും:—(എഴുന്നെററു പെട്ടെന്നു വാളൂരിയിട്ട്) എന്തുപറഞ്ഞു കാഫർ!

ശായേസ്താഖാൻ:—കല്പനതരണം തിരുമേനി! (അറംഗസീബ് ആശ്ചര്യംകൊണ്ടു തടുക്കുന്നു.)

യശോവന്തസിംഹൻ:—ഒത്തജോടി—മിർജ്ജുമ്ലായും ഈ ശായേസ്താഖാനും—മന്ത്രിയും സേനാപതിയും രണ്ടുപേരും നന്ദികെട്ടവർ! യജമാനന്നു പററിയ ഭൃത്യന്മാർതന്നെ!

ശായേസ്താഖാൻ:—തിരുമേനി ഈ കാഫറിൻെറ ധിക്കാരം കണ്ടില്ലേ! ഭാരതചക്രവർത്തിയുടെ മുമ്പിൽവെച്ച്—

യശോവന്തസിംഹൻ:—ആരാണ് ഹേ, ഭാരതചക്രവർത്തി?

ശായേസ്താഖാൻ:—ഭാരതചക്രവർത്തി സാക്ഷാൽ ഷാഹാജി ആലംഗീർ തന്നെ.

(മൂടുപടം ധരിച്ച ജാഹനാര പ്രവേശിക്കുന്നു).

ജാഹനാര:—അതു വെറും ഭോഷ്ക്; ഭാരതചക്രവർത്തി സാക്ഷാൽ ഷാഹാൻഷാ ഷാജിഹാൻ ആണ്.

മിർജ്ജുമ്ലാ:—ഈ സ്ത്രീ ആരാണ്?

ജാഹനാര—ഈ സ്ത്രീ ആരാണെന്നോ? ഈ സ്ത്രീ ആരാണെന്നറിയണമോ? എന്നാൽ കേട്ടോളൂ. ഈ സ്ത്രീ ഷാജിഹാൻ ചക്രവർത്തിയുടെ പുത്രിയായ ജാഹനാരയാണ്. (മുഖത്തുനിന്നു മൂടുപടം മാററിയിട്ട്) എന്താ, അറംഗസീബ്, നിൻെറ മുഖം പെട്ടെന്നു വിളറിപ്പോയതെന്താ?

അറംഗസീബ്:—ജ്യേഷ്ഠത്തി! നിങ്ങൾ എന്തിനു ഇവിടെ വന്നു?

ജാഹനാര:—"നിങ്ങൾ എന്തിനു ഇവിടെ വന്നു. എന്നു ഈ സിംഹാസനത്തിന്മേൽ ഞെളിഞ്ഞിരുന്നുകൊണ്ട് ഒരുപുരുഷൻെറ സ്വരത്തിൽ എന്നോടു ചോദിപ്പാൻ നിനക്കിന്നു ധൈര്യമുണ്ടായോ? അറംഗസീബ്!

ഞാനിവിടെ വന്നിരിക്കുന്നതു രാജദ്രോഹകുററത്തിനു നിന്റെ പേരിൽ ആവലാതി ബോധിപ്പിക്കുവാനാണ്.

അറംഗസീബ്:— ആരുടെ അടുക്കലാണ് ആവലാതി ബോധിപ്പിക്കുന്നതു്?

ജാഹനാര:— ഈശ്വരന്റെ അടുക്കൽ. ഈശ്വരൻ ഇല്ലെന്നു വിചാരിക്കുന്നുണ്ടോ? പിശാചിന്റെ ഭൃത്യവേല ചെയ്തു ചെയ്തു് ഒടുവിൽ നിനക്കു് ഈശ്വരവിശ്വാസംകൂടി നശിച്ചുപോയി എന്നുണ്ടോ?— ഉണ്ടു്; ഈശ്വരൻ എന്നൊരാറം ഉണ്ടു്.

അറംഗസീബ്:— ഞാൻ ഇവിടെ ഇതുകൊണ്ടു് ആ ദൈവത്തിന്റെ ദാസ്യവൃത്തിയാണ് അനുഷ്ഠിക്കുന്നതു്.

ജാഹനാര:— ഛീ! അരുതു്! ദൈവത്തിന്റെ പവിത്രനാമത്തെ നിന്റെ നികൃഷ്ടമായ നാക്കുകൊണ്ടു് ഉച്ചരിക്കണ്ട. നാക്കു പൊള്ളിപ്പോകും.— അല്ലയോ ഇടിത്തീയ്യേ! കൊടുങ്കാറേറ!, അല്ലയോ ഭൂകമ്പമേ! വെള്ളപ്പൊക്കമേ!, അല്ലയോ അഗ്നിബാധേ! മഹാമാരി!— നിരപരാധികളായ ലക്ഷോപലക്ഷം സാധുക്കളുടെ കുടുംബങ്ങളെ എരിച്ചും പൊരിച്ചും തകുത്തും നശിപ്പിച്ചു കളയുവാൻ മാത്രമേ നിങ്ങറംക്കു കഴിവുള്ളു എന്നു വരുമോ? ഭൂമിക്കുഭാരമായ ഇങ്ങനെയുള്ള ദുഷ്ടന്മാരോടു് ഒന്നും പ്രവൎത്തിപ്പാൻ നിങ്ങറംക്കു ത്രാണിയില്ലേ?

അറംഗസീബ്:— മഹമ്മദ്! ഈ ഭ്രാന്തിയെ ഇവിടെനിന്നും കൊണ്ടുപോവൂ. ഇതു് രാജസദസ്സാണ്, ഭ്രാന്താലയമല്ല. മഹമ്മദ്!—

ജാഹനാര:— ആ ചുണയൊന്നു കാണട്ടേ, ഈ സദസ്സിൽ ഷാജിഹാൻ ചക്രവൎത്തിയുടെ പുത്രിയെ തൊടുവാൻ ഉശിരുള്ളവർ ആരെന്നു ഞാനൊന്നു കാണട്ടെ. അറംഗസീബിന്റെ പുത്രനല്ല, സാക്ഷാൽ ചെകുത്താൻതന്നെ വന്നാലും എന്നെ തൊടുമോ എന്നു് ഞാനൊന്നു കാണട്ടെ.

അറംഗസീബ്:— മഹമ്മദ്! കേട്ടില്ലേ പറഞ്ഞതു്? പിടിച്ചുകൊണ്ടുപോവൂ.

മഹമ്മദ്:— പിതാവേ! ക്ഷമിക്കണം. അതിനു മാത്രം അവിവേകം എനിക്കില്ല.

യശോവന്തസിംഹൻ:— രാജകുമാരിയുടെ നേരെ ന്യായരഹിതമായ പെരുമാറവാൻ ഞങ്ങറം സമ്മതിക്കയില്ല.

മററെല്ലാവരും:— ഒരിക്കലുമില്ല.

അറംഗസീബ്:— അല്ലാ, നാം കോപത്താൽ വിവേകഹീനനായതിന്നു പോരയോ? കഷ്ടം!— നമ്മുടെ സ്വന്തം ജ്യേഷ്ഠത്തിയോടു്— ഷാജിഹാൻ ചക്രവൎത്തിയുടെ പുത്രിയോടു— ഈവിധം അനുചിതമായി പെരുമാറുവാൻ നാം കല്പിച്ചുവല്ലോ!— ജ്യേഷ്ഠത്തി, നിങ്ങറം അന്തഃപുരത്തി

ലേഖ്യ പൊയ്ക്കോളൂ. ഈ തുറന്ന സദസ്സിൽ—അനവധി നികൃഷ്ടനേത്രങ്ങളുടെ മുമ്പിൽ—വന്നുനില്ക്കുന്നതു ഷാജിഹാൻ ചക്രവർത്തിയുടെ പുത്രിക്കു യോജിച്ചതല്ല. അന്തഃപുരമാണു് ജ്യേഷ്ഠത്തിക്കു് ഉചിതമായ സ്ഥലം.

ജാഹനാര:—അറംഗസിബ്! അതെനിക്കറിയാം. എന്നാൽ ഭയങ്കരമായ ഭൂകമ്പത്താൽ ഭവനങ്ങളെല്ലാം തകൎന്നുവീഴുമ്പോൾ അതുവരെ അസൂൎയ്യംപശ്യകളായി ജീവിക്കുന്ന അംഗനകളും അശേഷം ലജ്ജയും സങ്കോചവും കൂടാതെ രാജമാൎഗ്ഗത്തിന്റെ മദ്ധ്യത്തിൽവന്നു നിശ്ശങ്കം നില്ക്കാറുണ്ടു്. അങ്ങനെയുള്ള ഒരവസ്ഥയാണു് ഇന്നു ഭാരതഖണ്ഡത്തിനു നേരിട്ടിരിക്കുന്നതു്. അതിഘോരമായ അക്രമത്താൽ ഒരു സാമ്രാജ്യം ഇന്നു തകൎന്നു വീണിരിക്കുന്നു. ഈ അവസരത്തിൽ ആ നിയമമൊന്നും നില്ക്കുകയില്ല. ഇന്നു ഭാരതഭൂരംഗത്തിൽ അഭിനയിക്കപ്പെടുന്നതുപോലെയുള്ള അതികഠോരമായ അന്യായം, അസഹനീയമായ അക്രമം, ഇതിനു മുമ്പൊരിക്കലും ഒരിടത്തും ഉണ്ടായതായി കേട്ടിട്ടില്ല. അത്ര വലിയ മഹാപാപമാണു്, അത്ര നീചമായ നിഷ്ഠുരതയാണു്, ഇന്നു ധൎമ്മത്തിന്റെ പേരിൽ നടക്കുന്നതു്. ഈ ആട്ടമാട്ടകൾ അതിന്റെ നേരെ കണ്ണുംമിഴിച്ചു നോക്കിക്കൊണ്ടു അനങ്ങാതെ നില്ക്കുകമാത്രമേ ചെയ്യുന്നുള്ളു. ഭാരതഖണ്ഡത്തിലെ മനുഷ്യരെല്ലാം ഇന്നു വെറും കൊറ്റാവിന്റെ വിശലിന്നു വഴങ്ങി ജ്ജീവിക്കുന്ന ഭീരുമൃഗങ്ങളോ? അനീതിയുടെ ഒഴുക്കിൽപ്പെട്ടു് ന്യായം, വിവേകം, മനുഷ്യത്വം—എന്നുവേണ്ട, ഏതെല്ലാം ഉൽകൃഷ്ടധൎമ്മങ്ങൾ മനുഷ്യൎക്കുണ്ടോ അതെല്ലാം തന്നെ—അസ്തമിച്ചുപോയോ? നീചമായ സ്വാൎത്ഥലാഭം മാത്രമാണോ മനുഷ്യരുടെ ഇപ്പോഴത്തെ ധൎമ്മവും നീതിയും?—സേനാനായകന്മാരേ! മന്ത്രിമാരേ! സദസ്യരേ! നിങ്ങളുടെ ചക്രവൎത്തിയായ ഷാജിഹാൻ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പുത്രനായ അറംഗസീബിനെ അദ്ദേഹത്തിന്റെ സിംഹാസനത്തിന്മേൽ കയറി ഇരിപ്പാൻ നിങ്ങൾ അനുവദിച്ചതു് എന്തുന്യായം കണ്ടിട്ടാണെന്നു് എനിക്കൊന്നറിഞ്ഞാൽ കൊള്ളാം.

അറംഗസീബ്:— സദസ്യരേ! നമ്മുടെ ജ്യേഷ്ഠത്തി ഇവിടെനിന്നും പോകുവാൻ ഭാവമില്ലെങ്കിൽ നിങ്ങൾ ഇവിടംവിട്ടു പോകുവിൻ! രാജകുമാരിയുടെ മാനത്തെ രക്ഷിക്കുവിൻ!

(എല്ലാവരും പോകുവാൻ ഭാവിക്കുന്നു.)

(തുടരും.)

പണ്ഡിതർ, ആർ. സി. ശൎമ്മ.

---

# രാമാനുജം.

വിശ്വവിഖ്യാതന്മാരായ ഗണിതവിദഗ്ദ്ധന്മാരിൽ അദ്വിതീയനായ ഒരാളായിരുന്ന ശ്രീനിവാസരാമാനുജയ്യങ്കാർ മദിരാശി സംസ്ഥാനത്തിൽ 1887-ൽ ജാതനായി. 32-ാമത്തെ വയസ്സിൽ കീർത്തിയുടെ മടിയിൽ കിടന്നു് ആ മഹാൻ നിത്യനിദ്രയടഞ്ഞു.

ബ്രാഹ്മണകുലജാതനായ രാമാനുജം ബാല്യത്തിൽത്തന്നെ ഒരു പ്രാഥമികവിദ്യാലയത്തിൽ ചേൎന്നു. എന്നാൽ അവിടത്തെ അദ്ദേഹത്തിന്റെ ജീവിതം ആരുടേയും ശ്രദ്ധയെ ആകർഷിക്കുന്നതായിരുന്നില്ല. അദ്ദേഹത്തിന്റെ അസാമാന്യമായ ബുദ്ധിസാമൎത്ഥ്യം പ്രകാശിച്ചതു ഹൈസ്കൂളിൽ എത്തിയതിന്നുശേഷമാണു്. എട്ടാംക്ലാസ്സിൽ വായിക്കുന്ന കാലത്താണു "ത്രികോണമിതിശാസ്ത്രം" കണ്ടതുതന്നെ. അതൊരാഖ്യായികയേക്കാൾ അദ്ദേഹത്തെ രസിപ്പിച്ചു. അല്പദിവസങ്ങൾക്കിടയിൽ ആ പുസ്തകത്തിലെ കണക്കുകളെല്ലാം അദ്ദേഹം ചെയ്തുതീൎത്തു.

അന്നുമുതൽ രാമാനുജന്റെ ചങ്ങാതി ഗണിതമായി. തൽഫലമായി പരീക്ഷയിൽ പരാജിതനായി. ലജ്ജ അദ്ദേഹത്തെ പാഠശാലയിൽനിന്നും പിടിച്ചുവലിച്ചു. എങ്കിലും ഗണിതത്തിൽ അത്ഭുതകരമാംവിധം അദ്ദേഹം പ്രയത്നിച്ചുവന്നു.

22-ാമത്തെ വയസ്സിലാണു് അദ്ദേഹം വിവാഹം ചെയ്തതു്. എന്തെങ്കിലും ജീവികാമാൎഗ്ഗത്തിന്നു് അന്വേഷിച്ചുകൊണ്ടിരിക്കുമ്പോഴാണു് മദിരാശി "പോർട്ട് ട്രസ്റ്റ് ഓഫീസി"ൽ ശമ്പളം കേവലം തുച്ഛമാണെങ്കിലും ഒരു ജോലി കിട്ടിയതു്.

ഇക്കാലത്താണു് അദ്ദേഹത്തിന്റെ ഗണിതശാസ്ത്രവൈദഗ്ദ്ധ്യത്തെപ്പററി ലോകം അറിഞ്ഞുതുടങ്ങിയതു്. കെയിംബ്രിഡ്ജ് സൎവ്വകലാശാലയിലെ സുപ്രസിദ്ധന്മാരായ ഗണിതവിദഗ്ദ്ധന്മാരുടെ പരിചയവും അദ്ദേഹത്തിന്നു സിദ്ധിച്ചു. രാമാനുജന്റെ ഗണിതശാസ്ത്രപരമായ സ്വതന്ത്രചിന്തകൾ ആ ശാസ്ത്രജ്ഞന്മാരെ അത്ഭുതാവിഷ്ടരാക്കി. മാത്രമല്ല, ശരിയായ വിദ്യാഭ്യാസത്തിന്നുവേണ്ടി അദ്ദേഹത്തെ അങ്ങോട്ടു വൎക്ഷണിക്കുകകൂടിചെയ്തു. എന്നാൽ ഇന്ത്യ വിടുവാൻ അദ്ദേഹത്തിന്നൊരു തടസ്സമുണ്ടായിരുന്നു. അതേ, ജാതിപ്പിശാച് അദ്ദേഹത്തിന്റെ മുമ്പിൽ വിലങ്ങടിച്ചുകിടന്നു. അതിനാൽ മദിരാശി സൎവ്വകലാശാലയിൽനിന്നും ലഭിച്ചിരുന്ന അല്പമായ "വേതനം" സ്വീകരിച്ചു സ്വകൃത്യം അദ്ദേഹം നിൎവ്വിഘ്നം നിൎവ്വഹിച്ചുവന്നു. ആയിടയ്ക്കു രാമാനുജന്റെ മാതാവു്

ഒരു സ്വപ്നം കാണുകയുണ്ടായി. പുത്രൻ ജീവിതോദ്ദേശം നിറവേററണമെങ്കിൽ ഇംഗ്ലണ്ടിലേയ്ക്കു പോകണമെന്നായിരുന്നു ആ "ദശനം."

കെയിംബ്രിഡ്ജിൽ രാമാനുജൻ വളരെ കൃത്യനിഷ്ഠയോടെ ദിവസം കഴിച്ചുവന്നു. പലപ്പോഴും പതിവാണു് താൻ സ്വപ്നം കാണുന്നരായ ആശ്ചയ്യകരങ്ങളായ സംഖ്യാനങ്ങളെ കുറിച്ചെടുക്കുവാൻവേണ്ടി അദ്ദേഹം ശയ്യവിട്ടെഴുന്നേൽക്കുക. 1918-ൽ അദ്ദേഹം'റോയൽസൊസൈററി' യിലെ ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ടു. അക്കൊല്ലംതന്നെ കെയിംബ്രിഡ്ജിലെ "ട്രിനിററി" കോളേജിൽ ഒരംഗമായി അദ്ദേഹം. എന്നാൽ ഇക്കാലത്തു് അദ്ദേഹത്തിൻെറ അത്ഭുതപൂണ്ണമായ ജീവിതം ദുഃഖപയ്യവസായിയായിത്തീന്നു. ക്ഷയത്തിൻെറ ചില ചിഹ്നങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. പ്രതിദിനം അതു വദ്ധിച്ചുവന്നു. നിഷ്കഷയോടുകൂടി ചികിത്സിക്കുകയാൽ അടുത്ത കൊല്ലം അദ്ദേഹത്തിനു സ്വരാജ്യത്തേയ്ക്കു മടങ്ങുവാൻ സാധിച്ചു. അതോടുകൂടി തൻെറ ഗണിതസംബന്ധമായ പ്രവത്തനം വീണ്ടും ആരംഭിക്കുവാൻ ആ യുവാവു് ഉത്സുകനായി. എന്നാൽ 1920-ൽ രോഗം പൂവ്വാധികം ശക്തിമത്തായി കാണപ്പെട്ടു. അധികം ദിവസം വേണ്ടിവന്നില്ല ഭാരതഭൂമിയുടെ ആ അഭിമാനപുഞ്ജം അസ്തമിക്കുവാൻ.

(യം. യസ്സ്. നീലകണ്ഠൻ നമ്പൂതിരി).

## അമ്പിളി.

ഉച്ചക്കൊടുംവെയിലിലുദഗ്രതാപ-
മുയന്നുഴന്നോരുലകിൻെറ കണ്ണേ!
അന്തിക്കു കാന്തിച്ഛടചിന്തിനിൽക്കു-
മിയമ്പിളിക്കുഞ്ഞിനെയൊന്നുഃനോക്കൂ. 1

വാനത്തിലീശൻെറ കരം കൊളുത്തി-
ക്കാണിക്കുമീവൈദ്യുതദിവ്യദീപം
മനസ്സിലെത്താമസബാധ നീക്കി
യാനന്ദബോധക്കതിർ ചിന്നിടട്ടെ. 2

കലേശ, നൈസഗ്ഗികകാന്തിവാരാ-
കരത്തിൽ മിന്നും നുരതന്നെയോ നീ
അതല്ല വേധാവിനെഴുന്ന വസ്തു-
നിമ്മാണനൈപുണ്യനിദശനം നീ. 3

വിശാലയാകും വിയദംബതൻെറ
നീലാഞ്ജനശ്രീ നിറയുന്നമാറിൽ
താരാളിഹാരാവലി മഞ്ജമാര
നീപുഞ്ചിരിക്കൊൾവു നിതാന്തശാന്തം. 4

പാരിന്നു വെൺപട്ടടയാട ചാൎത്താൻ,
പൊന്നാമ്പൽതോറും പുളകംപുരട്ടാൻ,
ആഴിക്കലക്കോളധികം പരത്താൻ,
നീതുകുമിപ്പുഞ്ചിരിതാൻ സമൎത്ഥം. 5

അഞ്ജിയ്ക്കെഴും പാഴ്ക്കുഴിയിൽ പിറന്നി-
ട്ടാകാശലക്ഷ്മിക്കണിയായ വൃത്തം
ഔന്നത്യലബ്ധിക്കുഴവന്ന ക്ഷുദ്ര-
ൎക്കസ്മാദൃശന്മാൎക്കൊരു പാഠമത്രെ! 6

ജഗതി സുകൃതികൾക്കായാസപാദിക്കുന്നതിന്നായ്
പ്രകൃതിമധുരസാരം നിൎമ്മലപ്രേമപൂരം
നിജഭുജകളിലേന്തിക്കൊണ്ടു നില്പാണു പാരം
കുതുകമൊട്ടുപകൎന്നീയമ്പിളിക്കമ്പിളിങ്കൽ. 6

(കെ. പി.)

# വിധിവിലാസം

## ഒരു ചെറുകഥ.

'ബഡായി രാജ്'നെന്നാണു നവീനചന്ദ്രനു സ്നേഹിതന്മാർ ഇട്ടിട്ടുള്ള ഓമനപ്പേര്. ഫലിതം പറയുന്നതിന്നു നവീനചന്ദ്രനുള്ള മിടുക്കു ഒന്നു വേറെതന്നെയാണ്. ഈ ഒരു സംഗതിതന്നെ 'ബഡായിരാജനെ' സ്നേഹിതന്മാരുടെ "പ്രാണ"നാക്കീട്ടുണ്ട്. മുത്തശ്ശിമാരുടെ നിരന്തരമായുള്ള അനുഗ്രഹം വഹിപ്പാൻ വയ്യാതെയാണെന്നു തോന്നുന്നു, അവരെക്കാണുമ്പോൾ 'നാന'ൻെറ തല ഒന്നു താഴും. 'ചന്ദ്രച്ചേട്ടൻ' ഒന്നു കഴുത്തിൽ കേററാഞ്ഞാൽ അന്നു മുഴുവൻ ഭവപുരത്തു 'കൊച്ചുകുഞ്ഞുങ്ങ'ളോട് 'ഒരുമ്മ' ചോദിച്ച് അമ്മമാരുടെ വായ കഴച്ചതേ ബാക്കി. മററുള്ളവൎക്ക് എത്ര മുഷിപ്പനായ്ത്തോന്നുന്ന ജോലിയും നവീനചന്ദ്രൻ വളരെ പ്രസന്നതയോടുകൂടി ചെയ്യുതീക്കും. അതുകൊണ്ടുമാണത്രെ അദ്ദേഹം "എമാൻെറ" 'Right Hand' ആയിത്തീൎന്നതു്, ആരോ പറഞ്ഞ മുതിരിക

ണ്ടാലും, വേണ്ടില്ല.' വായനക്കാർ തെററിദ്ധരിക്കരുതു്, അതുകൊണ്ടൊന്നുമല്ല "മിസിസ്സ് ഏമാനു" 'ചന്ദ്ര'നോടു് അത്ര 'വേണ്ടി.' നവീനചന്ദ്രനെ കടക്കണ്ണുകൊണ്ടുമാത്രം കാണാറുള്ള ഒരു കാമിനിയല്ല താനെന്നു "മീനാംബാൾ" അഭിമാനിക്കാറുണ്ടത്രെ. "ചന്ദ്രൻ" വല്ലപ്പോഴും വരുമ്പോഴേയ്ക്കും കാപ്പിയോ പലഹാരമോ കാലാവാഞ്ഞാൽ, അതുവരെ ഇടനാഴിയിലേക്കു് എത്തിച്ചുനോക്കാത്ത "കൊച്ചമ്മ" തീയൂതാറുകൂടിയുണ്ടെങ്കിൽ അതു പ്രാണപ്രിയന്റെ പ്രിയശിഷ്യനോടു "തനിക്കുണ്ടാവേണ്ടുന്ന" വാത്സല്യത്തെ മാത്രമേ സൂചിപ്പിക്കുന്നുള്ളു. അതു് അവരുടെ പാതിവ്രത്യത്തിന്റെ പ്രത്യക്ഷലക്ഷ്യമാണുപോലും. "ചന്ദ്രൻ" പോയാൽ 'ആമ്പൽ' കൂമ്പുമെന്നൊക്കെ അസൂയക്കാർ വല്ലതും പറഞ്ഞുണ്ടാക്കുന്നതെന്നു ചുരുക്കിപ്പറഞ്ഞാൽ നവീനചന്ദ്രൻ എല്ലാവരുടേയും കണ്ണിലുണ്ണിയാണു്!

അസാധാരണമാണു്, അന്നു് അദ്ദേഹത്തിന്റെ മുഖം മ്ലാനമായിരുന്നിരുന്നു. കയ്യിലുണ്ടായിരുന്ന "ജയന്തലക്ഷ്മി" കടലാസ്സ് മേശപ്പുറത്തിട്ടു. അതെടുത്തു വീണ്ടും വായിച്ചു. "ഉയന്ന സമുദായത്തിലെ രസകരമായ ഒരു സംഭവം. ഭവപുരം ജമിൻദാർ ശങ്കർലാൽ 'ശാരദാവിലാസം നാടകക്കമ്പനിയിലെ 'സൌന്ദര്യരത്ന'ത്തെ വിവാഹം ചെയ്യുവാൻ ഉറച്ചിരിക്കുന്നതായി വിശ്വാസയോഗ്യമായ അറിവു കിട്ടിയിരിക്കുന്നു." അദ്ദേഹം വല്ലാതെക്ഷോഭിച്ചുവശായി. "ഒരു നടിയെ—ഒരു മോഹനിയാട്ടക്കാരിയെ—വിവാഹം ചെയ്യുകയോ! എന്റീശ്വര, എന്തു ഭ്രാന്ത! ലാലൻ കാമാക്ഷിയെ വിവാഹം ചെയ്യുകയോ? ഭാനുപൂരത്തു് ഏററവും ഉൽകൃഷ്ടമായ കുടുംബത്തെ അലങ്കരിക്കുന്ന ഒരു പുരുഷരത്നം ഒരു നത്തകിയെ—അവൾ ഒരു സൌന്ദര്യധാമംതന്നെ, എന്നിരുന്നാലും—അവളുടെ പൂർവ്വചരിത്രമെന്തന്നറിയാതെ, അവളുടെ വെളുത്ത തൊലി കണ്ടു "കണ്ണുമഞ്ഞളിച്ചു വി........" അദ്ദേഹത്തിന്റെ ക്ഷമ തീരെ കെട്ടു. ഉടനെതന്നെ കോട്ടെടുത്തിട്ടു 'ആഗ്രാ ഗ്രാൻഡ്' ഹോട്ടലിൽനിന്നു് ഇറങ്ങി വേഗം നടന്നുതുടങ്ങി.

നേരം സന്ധ്യയോടടുത്തിരിക്കുന്നു. അസ്തമനസൂര്യന്റെ കനകകോജ്ജ്വലങ്ങളായ അരുണകിരണങ്ങൾ * അജാത്മജയുടെ 'അംബരാന്ത'ത്തിൽ പൊൻകസവിട്ടുതുടങ്ങി. പ്രകൃതിയുടെ സൌന്ദര്യവിലാസത്തെ കണ്ടാനന്ദിക്കേണ്ടതിനു പലരും 'അമൃതസര'സ്സിന്റെ കരയ്ക്കു കൂടീട്ടുണ്ടു്. ആ സമയത്തു് അമൃതസരസ്സിനെ ലക്ഷ്യമാക്കിക്കൊണ്ടു് ഒരു യുവരസികൻ നടന്നുപോയിരുന്നു. ഉദ്ദേശം 24 വയസ്സു പ്രായംതോന്നുന്ന കാമകോമളനായ ആ യുവാവു് ഒരു കുലീനനാണെന്നു പ്രഥമദൃഷ്ടിയിൽതന്നെ

---

* സന്ധ്യ.

ആക്കും തോന്നിപ്പോകും. പെട്ടെന്നു തിരിഞ്ഞുനിന്നു, തന്റെ പുറകിൽ വന്നുചേൎന്ന ഒരു ത്രുപത്തെ ആ സുഭഗൻ ആലിംഗനം ചെയ്തു. തന്റെ ജീവനെ ഒരിക്കൽ രക്ഷിച്ച ആ മനുഷ്യനെ, പ്രാണനുള്ള നാൾവരെ, ആ യുവാവു വിസ്മരിക്കയില്ല.

"ഏററവും പ്രിയപ്പെട്ട ചന്ദ്രാ! നീയെന്നെ അത്ഭുതപരവശനാക്കിയല്ലൊ. എനിക്കു കിട്ടിയ എഴുത്തു നീ എഴുതിയതുതന്നെയല്ലെന്നുണ്ടോ"?

"ഇല്ല സ്നേഹിത!" നവീന്ദ്രൻ പറഞ്ഞു. "നിണക്കു തെററിയിട്ടില്ല. എന്റെ തീൎപ്പാണു തെററിയതു്. നിന്റെ ഒന്നിച്ചു സരസ്സിലേക്കു വരേണ്ട എന്നു തീൎച്ചയാക്കിയതു മാററി. നിന്നെ അനുഗമിക്കുവാൻ തീൎച്ചയാക്കി; അത്രതന്നെ."

ശങ്കർലാൽ:—എന്നിട്ടു ഒന്നുകൂടി എന്നെ 'വല'യിൽനിന്നു വിമുക്തനാക്കാൻ, അല്ലെ?

ന: ചന്ദ്രൻ:—ആട്ടെ, ലാലാ, ആ സംഗതിയെങ്ങിനെയായി. നിന്റെ മനസ്സ് ഇനിയും മാറിയില്ലെ?

ശങ്ക:—"പ്രിയ ചന്ദ്രാ!" (അദ്ദേഹത്തിന്റെ സ്വരം ഇടറി) "കാമാക്ഷിയെ ഞാൻ ഉപേക്ഷിക്കണമെന്നോ! അതുമാത്രം ചന്ദ്രൻ നിൎബ്ബന്ധിക്കരുതു്. പ്രാണോപരി ഞാനവളെ സ്നേഹിക്കുന്നു. കാമാക്ഷിയെ ഞാൻ ത്യജിക്കയൊ, എന്റെ ജീവന്റെ വേർ ഞാൻ പറിക്കയൊ! അസഹനീയം സഹോദര, അചിന്ത്യം!

ന: ചന്ദ്രൻ:—ശരി, ലാല നിന്റെ സുഖസമൃദ്ധിയിൽ ഞാൻ ഹാൎദ്ദമായി അനുമോദിക്കുന്നു; എങ്കിലും ഇതിൽ ചില കോട്ടങ്ങളുണ്ടു്. ഞാൻ നിന്നോടു് ഒന്നു ചോദിച്ചോട്ടെ? നീ ശരിയായ മറുപടി പറയാമോ?

ശങ്കർ:—കേൾക്കട്ടെ, നോക്കാം.

ന: ചന്ദ്രൻ:—ലാലാ, കാമാക്ഷിയുടെ പൂൎവ്വചരിത്രത്തെപ്പററി നിനക്കെന്തറിവുണ്ടു്?

ശങ്കർ:—യാതൊരറിവുമില്ല. എങ്കിലും അവൾ ഒരു കുലീനയാണെന്നു അവൾതന്നെയെന്നോടു പറഞ്ഞിട്ടുണ്ടു്.

നവീനചന്ദ്രൻ പിറുപിറുത്തു. "ആൎക്കറിയാം, അവളൊരു മിരട്ടുകാരിയല്ലെന്നു!

അപ്പോഴേക്കും സ്നേഹിതന്മാർ തടാകതീരത്തിൽ എത്തിച്ചേൎന്നു. ഇളംതിങ്കളിന്റെ കുളുർ നിലാവേററു അമൃതസരസ്സു വെള്ളിത്തകിടുപോലെ പ്രകാശിച്ചിരുന്നു. രണ്ടുപേരും സുഖമായി കുളിച്ചതിന്നുശേഷം, പ്പോയി ഊണുകഴിച്ചു, വീണ്ടും നിലാവത്തേക്കിറങ്ങി.

"എങ്ങോട്ടു തിരിക്കണം" ശങ്കരലാൽ ചോദിച്ചു.

ന: ചന്ദ്രൻ:— എന്താ! സരസ്സീരത്തേക്കുതന്നെ പോകുക. അതു് എത്ര നയനമോഹനമായിരിക്കുന്നു.

ശങ്കര: — എന്തുകൊണ്ടു 'ശാരദവിലാസ്'ത്തിൽ പോയ്ക്കൂടാ. കണ്ണഞ്ചിക്കുന്ന ഒരു വസ്തു അവിടേയും ഉണ്ടല്ലൊ.

ന: ചന്ദ്ര: - (ആലോചിച്ചു) ശരി, നിണക്കു അങ്ങിനെയാണു് ആഗ്രഹമെങ്കിൽ അങ്ങിനെയാവട്ടെ.

അല്പസമയത്തിന്നുള്ളിൽ അവർ "ശാരദവിലാസ്"ത്തിൽ എത്തിച്ചേൎന്നു. കാമാക്ഷിയുടെ കൊട്ടാരോപമമായ മുറിയിലേക്കു് അവരെ ശിപായി കൂട്ടിക്കൊണ്ടുപോയി. "എമാ"ന്മാരുടെ വരവുണ്ടെന്നു ശിപായി പറയുമ്പോൾ കാമാക്ഷി "മനോരാജ്യ"ത്തിൽ സ്വച്ഛന്ദസഞ്ചാരം ചെയ്കയായിരുന്നു. അവളുടെ മടിയിൽ ഒരു കടലാസ്സുകഷണം കിടന്നിരുന്നു. അതിൽ അടങ്ങിയിരുന്ന ആ ചെറുവരികളെ അധികരിച്ചു വേത്തഫാലസ്ഥലം മൃദുകരത്തളിർകൊണ്ടു താങ്ങി" അവൾ ആലോചിക്കയായിരുന്നു. അപ്പോഴേക്കാണു് "എമാന്മാ"രുടെ "എഴുന്നള്ളു"ത്തുണ്ടെന്നുള്ള "പെരുമ്പറ" കേട്ടതു്. ആ കടലാസ്സു കഷണം വക്ഷഃസ്ഥാനത്തു നിക്ഷേപിച്ചു, ശങ്കരലാലിനെ ഒരു രുമന്ദഹാസത്താലും, നവീനചന്ദ്രനെ ബഹുമാനസൂചകമായ ഒരു ശിരോനമനത്താലും കാമാക്ഷി അഭിവാദനം ചെയ്തു. മൂന്നുപേരുംകൂടി കുറച്ചു നേരം "അതും ഇതും" പറഞ്ഞിരിക്കുന്നതിന്നിടയിൽ ചന്ദ്രൻ തോട്ടത്തിലേക്കിറങ്ങി, കാമിനീകാമുകന്മാൎക്കു് സ്വച്ഛന്ദസല്ലാപത്തിന്നു സൌകൎയ്യമുണ്ടാക്കിക്കൊടുത്തു.

"കാമന്നേ, നീയെന്തു പറയുന്നു?" ശങ്കരലാൽ ചോദിച്ചു. "തീയ്യതി നിശ്ചയിക്കട്ടെയൊ. വരുന്ന ആഴ്ചതന്നെ എന്നുവച്ചാലോ. "ശുഭസ്യ ശീഘ്രം"മെന്നില്ലെ. എന്താ നിണക്കതിന്നു വിരോധമുണ്ടോ?"

കാമാക്ഷി:— അതു വളരെ കാലെയായില്ലേ? എന്നാൽ ഭാവന്നു് അതാണു സുഖമെങ്കിൽ എനിക്കും അതുതന്നെ സന്തോഷം.

ശങ്ക: — സംശയമോ! ആട്ടെ നമുക്കു ചന്ദ്രനെ തേടിപ്പിടിക്കുക.

നവീനചന്ദ്രൻ ഒരു കസാലയിന്മേൽ ഇരിക്കുകയായിരുന്നു. ഒരു മരപ്പാവപോലെ അചേതനമായിരുന്നു അദ്ദേഹത്തിന്റെ ശരീരം. ശങ്കരലാലിന്റെ വിവാഹസംഗതിയെപ്പററി ഗാഢമായി ആലോചിക്കുകയായിരുന്നു അദ്ദേഹം. കാമാക്ഷിയുടെ പൂൎവ്വചരിത്രമെന്തെന്നു് അറിയണമെന്നു് അദ്ദേഹം ഉറച്ചു. ഉററവരും ഉടയവരും എന്തെന്നറിയാത്ത ഒരു നൎത്തകിയെ ഭാനുപുരം പ്രഭുവിവാഹം ചെയ്വാൻ പാടില്ലെന്നു് അദ്ദേഹം തീരുമാനിച്ചു. "ഒന്നുകിൽ കാമാക്ഷിയുടെ പൂൎവ്വചരി

ത്രം അറിയണം, അല്ലെങ്കിൽ ലാലൻ അവളെ എന്നന്നേയ്ക്കുമായി മറക്കണം." എന്നു തന്റെ വിചാരപരമ്പരവാക്യരൂപത്തിൽ വെളിപ്പെട്ടതും പിന്നിൽ കാലടിയൊച്ച കേട്ടതും ഒരു സമയത്തായിരുന്നു.

ശ: ലാലൽ: — ആവൂ, നിന്നെ തേടിപ്പിടിക്കാൻ പെട്ട പാട്! (അവർ ഇരുന്നു.) ചന്ദ്രാ, നിണക്ക് ഒരു മാംഗളവാർത്തയുണ്ട്. ഞങ്ങളുടെ വിവാഹദിവസം തീർച്ചയാക്കിയിരിക്കുന്നു. നീയെന്തു പറയുന്നു?

"ആട്ടെ. നന്ന,,...,,ന്നായി" അദ്ദേഹം വിക്കിവിക്കിപ്പറഞ്ഞു. നിരാശയുടെ ഒരു നിഴലാട്ടം അദ്ദേഹത്തിന്റെ മുഖത്തു കളിയാടി അദ്ദേഹം തിരിഞ്ഞു കാമാക്ഷിയോടു ചോദിച്ചു. "ഭവ,,...,,വതിയുടെ പൂർവ്വ,,...,,പൂർവ്വചരിത്രം ഞങ്ങളെ ധരിപ്പിക്കാമോ."

"അറിയുന്നേടത്തോളം" കാമാക്ഷി ചൊറുചൊറുപ്പോടെ മറുപടി പറഞ്ഞു. "എന്തെന്നാൽ എനിക്കുതന്നെ എന്റെ പൂർവ്വചരിത്രം നല്ലവണ്ണം അറിഞ്ഞുകൂടാ." അവൾ ഒരു ദീർഘശ്വാസംവിട്ടു. "ഉദ്ദേശം 4 കൊല്ലങ്ങൾക്കുമുമ്പു ഞാൻ അനാഥയാക്കപ്പെട്ടു. അക്കാലത്തു ഞാൻ എന്റെ വൃദ്ധയായ അമ്മയോടുകൂടി ഗുജറാത്തിൽ താമസിച്ചിരുന്നു. അവരുടെ വാത്സല്യപൂരത്തിന്റെ വിലാസരംഗമായിരുന്നു. ഞാൻ "ആ"—അവളുടെ തൊണ്ടയിടറി—"ആ, ദുർദ്ദിനത്തെ ഞാൻ എങ്ങിനെ മറക്കും. എന്റെ പന്ത്രണ്ടാമത്തെ ജന്മദിനമായിരുന്നു അന്ന്. കഷ്ടതയുടെ പാരമ്യം അമ്മ പരലോകപ്രാപ്തയായി. അവരുടെ അന്ത്യശ്വാസം വിടുന്നതിനുമുമ്പ് അവർ എനിക്കു ഒരു ചന്ദനപ്പെട്ടിതന്നു. ഞാൻ അതു തുറക്കുവാൻ ശ്രമിച്ചു. പക്ഷെ സാധിച്ചില്ല. അതിന്നു ഒരു രഹസ്യപ്പൂട്ടുണ്ടായിരുന്നു. മരിയ്ക്കാൻ കിടക്കുന്ന എന്റെ മാതാവു് അതു തുറന്നുകാണിച്ചുതന്നു. അതിൽ അമ്മയുടെ ഒരു ഛായയലും അതിനെ പൊതിഞ്ഞു ഒരു കടലാസു കുറിപ്പും ഉണ്ടായിരുന്നു. ആജീവനാന്തം ആ പെട്ടി ഞാൻ ആരേയും കാണിക്കയില്ലെന്നു അമ്മ എന്നെക്കൊണ്ടു സത്യം ചെയ്യിച്ചു. അതിൽപിന്നെ എന്റെ പ്രിയപ്പെട്ട അമ്മ അന്ത്യശ്വാ...........,"അവൾക്കു നാവു പൊങ്ങിയില്ല.

(കാമാക്ഷിതുടന്നു) എന്റെ അമ്മ എന്നെ ആടുവാനും പാടുവാനും പഠിപ്പിച്ചിരുന്നു. അതുകൊണ്ടു് അവരുടെ മരണശേഷം എനിക്കു 'ശാരദാവിലാസം' നാടകക്കമ്പനിയിൽ ചേരുവാൻ സാധിച്ചു. ഈ നാലുകൊല്ലങ്ങൾക്കുള്ളിൽ ഞാൻ ഇതിലെ പ്രധാനനടിയായിത്തീന്നു. അങ്ങിനെയിരിയ്ക്കേയാണു, ലാലാ, ഞാൻ ഭവാനെ കണ്ടതു് പ്രഥമദൃഷ്ടിയിൽതന്നെ ഞാൻ ഭവാനിൽ അനുരക്തയായി. എന്റെ അനുരാഗലതനനച്ചുരക്ഷിപ്പാൻ ഭവാൻ തെയ്യാറുണ്ടെന്നറിഞ്ഞതിനാൽ ഞാൻ

ജഗദീശ്വരനോടു നന്ദിപറയട്ടെ! (ചന്ദ്രൻ ചിന്താനിമഗ്നനായി.) അപ്പോൾ ഭവതിയുടെ അമ്മ ആ പെട്ടിയും സാമാനങ്ങളും ആരേയും കാട്ടരുതെന്നു പറഞ്ഞിരിക്കുന്നു, ഇല്ലേ" എന്നു ചോദിച്ചു.

'ഉവ്വ്" എന്നു കാമാക്ഷി തലകുനിച്ചു. മണി പത്തര അടിച്ചു. മന്ദസ്മിതപൂർവ്വമായ ഒരു വന്ദനത്തോടുകൂടി കാമാക്ഷി യാത്രപറഞ്ഞു തന്റെ മുറിയിലേക്കും സ്നേഹിതന്മാർ തങ്ങളുടെ താവളത്തിലെക്കും തിരിച്ചു.

അന്നു നവീനചന്ദ്രന്ന് ഉറക്കം വന്നില്ല. കാമാക്ഷിയുടെ കഥാശ്രവണം അദ്ദേഹത്തെ അനല്പമായി അസ്വാസ്ഥ്യപ്പെടുത്തി. അവളുടെ കുലത്തെപററി യാതൊരു തുമ്പും അദ്ദേഹത്തിന്നു കിട്ടിയില്ല. അവളുടെ രഹസ്യപ്പെട്ടി തന്നെ കാട്ടേണ്ടതായിരുന്നുവെന്നു അദ്ദേഹം വാദിച്ചു. "കാമാക്ഷി ഒരു കുലീനയായിരിക്കാം, പക്ഷെ അതിന്നു തെളിവൊന്നുമില്ല."

പിറേറ ദിവസം സൂര്യ്യൻ ഉദിച്ചയന്നു—ഉദ്ദേശം 8¼ മണിയായപ്പോൾ മാത്രമാണു ചന്ദ്രൻ കിടക്കയിൽനിന്നും എഴുന്നേററതു്. പ്രാതലിനുശേഷം സ്നേഹിതന്മാർ രണ്ടുപേരുംകൂടി അനന്തരകരണീയമെന്തെന്നാലോചിച്ചു. ആഗ്രായിൽനിന്നും രണ്ടുനാഴിക മാത്രമുള്ള "ആനന്ദ"മൈതാനത്തിലേക്കു കാമാക്ഷിയെ കൂട്ടിക്കൊണ്ടുപോകുവാൻ സ്നേഹിതന്മാർ തീരുമാനിച്ചു. തീർപ്പനുസരിച്ചു വൈകുന്നേരം 5½ മണിയോടുകൂടി മൂന്നുപേരും കൂടി സവാരിക്കിറങ്ങി. നവീനചന്ദ്രൻ "ഡ്രൈവരു"ടെ ജോലി "പകരം നോക്കി." അഞ്ചു മിനിററിന്നുള്ളിൽ ശങ്കരലാലും, കാമാക്ഷിയും, നവീനചന്ദ്രനും, സുഖവും, സന്തോഷവും, സംശയവുമെന്നപോലെ, 'ആനന്ദ' മൈതാനത്തിൽ ചെന്നുചേൎന്നു.

മറയാൻപോകുന്ന മാൎത്താണ്ഡന്റെ ചാരുകിരണങ്ങൾ ചരാചരങ്ങളിൽ ചെഞ്ചായപ്പണിചെയ്യുന്നു. കൂടുകളിലേക്കു മടങ്ങുന്ന കിളികളുടെ കളകളനിസ്വനം ആകാശദേശത്തെ മുഖരിതമാക്കുന്നു. പൊയ്കയിൽനിന്നും പൊങ്ങിവരുന്ന മന്ദസമീരണൻ യുവജനങ്ങളുടെ വികാരതരംഗിതമായ ഹൃദയത്തെ വിഹ്വലമാക്കുന്നു. കാര്യ്യപടുവായ നവീനചന്ദ്രൻ തനിക്കു തനിയെ ഒന്നു സവാരിചെയ്യണമെന്നു പറഞ്ഞു അവിടെനിന്നും പോയി, യുവമിഥുനങ്ങൾക്കു രഹസ്സല്ലാപത്തിന്നു രംഗമൊഴിച്ചുകൊടുത്തു.

സവാരി ചെയ്തുചെയ്തു നവീനചന്ദ്രൻ ഒരു കുളക്കരെയിലെത്തി. കാർ വൃത്തി കെട്ടിരുന്നതിനാൽ അതു കഴുകുന്ന ജോലിയിൽ ചന്ദ്രനേൎപ്പെട്ടു. അദ്ദേഹം പൊടിതട്ടാൻ മെത്തപൊന്തിച്ചു. ആശ്ചര്യ്യം! ഒരു പെട്ടി അതിന്റെ ചുകട്ടിൽനിന്നും ഉരുണ്ടുവീണു, ചന്ദ്രന്റെ മനസ്സിൽകൂടി ഒരു

ആശാശകലം മിന്നൽപിണർപോലെ പാഞ്ഞുപോയി. "ഇതിലായിരിക്കുമോ കാമാക്ഷിയുടെ ജീവിതരഹസ്യം." ഉടൻതന്നെ കാർ വൃത്തിയാക്കി മൈതാനത്തിലേക്കു ഓടിച്ചു. അപ്പോഠം കാമിനീകാമുകന്മാർ സ്ഥലം വിട്ടിരുന്നു. നവീനചന്ദ്രൻ ആ പെട്ടിയെടുത്തു ഒന്നു നല്ലവണ്ണം നോക്കി. അതു തുറക്കുവാൻ ജിജ്ഞാസ അദ്ദേഹത്തെ പ്രേരിപ്പിച്ചുവോ? ഇല്ല, മഹാന്മാരുടെ കോമളാത്മാക്കഠം ജിജ്ഞാസപ്പിശാചിയാൽ തീണ്ടപ്പെടുകയില്ല. അദ്ദേഹത്തിന്റെ സത്യതല്പരത, അദ്ദേഹത്തിന്റെ ആത്മാഭിമാനം, അതു തുറക്കുന്നതിനു അദ്ദേഹത്തെ അനുവദിച്ചില്ല. ഭാവിദമ്പതിമാർ "ശാരദാവിലാസ"ത്തിലുണ്ടാവുമെന്നു നവീനചന്ദ്രനറിയാമായിരുന്നു. അദ്ദേഹം അങ്ങോട്ടു 'വെച്ചടിച്ചു.'

നവീനന്റെ ഊഹം പ്രായേണ തെററാറില്ല. അദ്ദേഹം ഊഹിച്ചിരുന്നമാതിരി ശങ്കരലാലും കാമാക്ഷിയും അദ്ദേഹത്തെ കാത്തിരിക്കുകയായിരുന്നു. അകത്തുകടന്ന ഉടനെ ചന്ദ്രൻ രഹസ്യപ്പെട്ടി കാമാക്ഷിയുടെ കയ്യിൽ കൊടുത്തു. അഹോ! പ്രകൃതിയുടെ വികൃതിത്താക്കോൽഏതേതു രഹസ്യകവാടത്തെഭേദിക്കയില്ല. ആ പെട്ടി കാമാക്ഷിയുടെകയ്യിൽനിന്നും വഴുകിവീണു; അതിന്റെ രഹസ്യകവാടം തറയിൽ അടിക്കുകയാൽ അതു പൊടുന്നനവെ തുറക്കപ്പെട്ടു. തുറന്ന പെട്ടിയിൽനിന്നും കമനീയമായ ഒരു ഛായയും ഒരു കടലാസ്സുതുണ്ടും പുറത്തുവീണു. ആശ്ചര്യം! ചന്ദ്രന്റെ വദനം പ്രഫുല്ലമായി. അദ്ദേഹം ആ പടം കയ്യിലെടുത്തു. ആശ, ആശങ്ക, ഭക്തി, അത്ഭുതം, സന്തോഷം തുടങ്ങി വിവിധവികാരങ്ങളുടെ വിലാസരംഗമായി അദ്ദേഹത്തിന്റെ വദനം. അദ്ദേഹം ആ ഛായയുടെ മുമ്പിൽ മുട്ടുകുത്തി ഒന്നു വണങ്ങി. അത്ഭുതാവഹം! അനേകകാലമായി കാണാതിരിക്കുന്ന തന്റെ പ്രിയമാതാവിന്റെ—തന്റെ പിതാവിന്റെ ദുശ്ശാഠ്യം മൂലം നാടും വീടും ഉപേക്ഷിക്കേണ്ടിവന്ന ദുർഭാഗ്യവതിയായ മാതാവിന്റെ—മുഖകമലമാണ് ആ ഛായയിൽ ചന്ദ്രൻ ദശിച്ചതു്.

ശങ്കരലാലും കാമാക്ഷിയും വല്ലാതെ പരിഭ്രമിച്ചു. ചന്ദ്രന്റെ ചേഷ്ടകഠക്കു് ഒരത്ഥം കല്പിക്കുവാൻ അവർ അപ്രാപ്തരായി. ആനന്ദമാകുന്ന ചെറുതിരകളോടുകൂടിയ ഒരു മധുനിർഝരി ചന്ദ്രനിൽ നിന്നും പ്രവഹിച്ചു. "ബാലികേ," "പ്രിയരത്നബാലികേ,' ഈ ഛായ അനേകകാലമായി കാണാതിരിക്കുന്ന നമ്മുടെ പ്രിയമാതാവിന്റേതാണ്. നീയെന്റെ ഓമനസ്സഹോദരിയുമാണ് എന്നു പറഞ്ഞു ചന്ദ്രൻ കാമാക്ഷിയെ ആലിംഗനം ചെയ്തു. "ഭവാന്റെ സോദരിയോ!" കാമാക്ഷി അത്ഭുതത്തോടുകൂടി ചോദിച്ചു. "ഭവാന്റെ സോദരിയോ ശങ്കരലാലിന്റെ ചുണ്ടിലും അതു് പ്രതിധ്വനിച്ചു.

ന: ചന്ദ്രൻ—"അതേ, നീയെൻെറ സഹോദരിതന്നെ. ഞാൻ വിശദമായി പറഞ്ഞുതരാം. നമ്മുടെ അച്ഛൻ, മാനുപൂരത്തെ നാടുനീങ്ങിയ ജമീന്ദാർ, ദുർഭാഗ്യവശാൽ ഒരു മുൻകോപിയായിരുന്നു. അമ്മയുമായി എന്തോ നിസ്സാരസംഗതിയിൽ അഭിപ്രായവ്യത്യാസം വന്നപ്പോൾ "ഇനി നിന്നെ എൻെറ മുമ്പിൽ കാണരുത്" എന്നു് അമ്മയുടെ നേരെ അദ്ദേഹം എടുത്തുചാടി. പതിവ്രതാരത്നമായ നമ്മുടെ മാതാവു് അച്ഛൻെറ ആജ്ഞയെ അക്ഷരംപ്രതി അനുസരിച്ചു. ഏഴു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന തൻെറ കൊച്ചുമകളെ—നിന്നെ—എടുത്തുംകൊണ്ടു് അമ്മ വീടും നാടും വിട്ടിറങ്ങിപ്പോയി. അച്ഛൻെറ ആ കോപാഗ്നി ഒന്നു തണുത്തപ്പോൾ അദ്ദേഹം തൻെറ നിഷ്ഠുരശാസനത്തെക്കുറിച്ചു പശ്ചാത്തപിച്ചു. അമ്മയേയും നിന്നേയും അദ്ദേഹം ആളയച്ചു് അനവധി ദിക്കുകളിൽ അന്വേഷിപ്പിച്ചു. പക്ഷേ കണ്ടുകിട്ടിയില്ല. അക്കാലത്തു ഞാൻ പേർസ്യയിലായിരുന്നു. ഈ വർത്തമാനം, മുഴുവൻതന്നെ ഞാൻ കേൾക്കുവാൻ നിന്നില്ല, രണ്ടു ദിവസത്തിനുള്ളിൽ വീട്ടിലെത്തി. അതിൽപിന്നെ ഈ പത്തു കൊല്ലം മുഴുവനും ഞാൻ നിങ്ങളെ അന്വേഷിച്ചു തിരിയുകയായിരുന്നു. ഇതാ ഇന്നത്തോടുകൂടി എൻെറ തിരയലും തിരിച്ചിലും അവസാനിച്ചിരിക്കുന്നു. ഇന്നലെ—നിൻെറ നാവുകൊണ്ടുതന്നെയാണു—നമ്മുടെ പാപപ്പെട്ട അമ്മ സ്വർഗ്ഗത്തിലേയ്ക്കു പോയെന്നു കേട്ടതു്.

കാമാക്ഷി—"ഹാ വിധിയുടെ വിലാസം! ഈശ്വരൻെറ ഓരോ കുട്ടിക്കളികളേ! കഴിഞ്ഞ പത്തു കൊല്ലത്തിനുള്ളിൽ ഞാനും എൻെറ അമ്മയും മൂന്നാമതൊരാളുടെ കണ്ണെത്താതെസൂക്ഷിച്ചിരുന്ന ഈ പെട്ടി ഇന്നു യദൃച്ഛയാ താഴത്തുവീഴുവാനും, ആ ഒരു തുച്ഛസംഗതി ഒരു അത്ഭുതരഹസ്യത്തെ പരസ്യമാക്കുവാനും കാരണമായപ്പോൾ 'വിധിവിലാസ'മെന്നല്ലാതെ എന്താണു പറയുക!

"വിധിവിലാസം!തന്നെ, സംശയമില്ല" ശങ്കരലാൽ പറഞ്ഞു, "ആട്ടേ സ്നേഹിത, ഇനി കാമാക്ഷിയുടെ . . . . . .

ചന്ദ്രൻ കേറിപ്പറഞ്ഞു— "അല്ല ലാലാ, കാമാക്ഷിയെന്നല്ല രത്നബാലിക—ബാലിക—എന്നാണു് അവളുടെ സ്വന്തം പേര്."

കാമാക്ഷി— ആ കടലാസ്സുകഷണത്തിൻെറ രഹസ്യമെന്തെന്നു ജ്യേഷ്ഠൻ പറഞ്ഞില്ലല്ലോ.

ന: ചന്ദ്രൻ— ആ കടലാസ്സെടുത്തുനോക്കി പൊട്ടിച്ചിരിച്ചു. "ബാലികേ, അതു നമ്മുടെ കുടുംബസംജ്ഞ മാത്രമാണു്. അമ്മയുടെ കയ്യക്ഷരത്തിൻെറ വടിവു് . . . .

ശങ്കരലാൽ കടന്നു പറഞ്ഞു. "അതൊക്കെ പോട്ടെ ചന്ദ്രാ ആ കാൎയ്യം."

നവീനചന്ദ്രൻ ഒന്നു മന്ദഹസിച്ചുകൊണ്ടു അവിടെ നിന്നു മാഞ്ഞതും രത്നബാലിക ശങ്കരലാലന്മാർ തങ്ങളുടെ പ്രേമഭണ്ഡാരത്തിന്നു് ഒരു ഗാഢചുംബനത്താൽ ദൃഢമുദ്രവെച്ചതും തമ്മിൽ ഒരു നിമിഷത്തെ വ്യത്യാസം കഷ്ടിച്ചേ ഉണ്ടായിരുന്നുള്ളു.

വിധിവിലാസം, അഹോ, വിസ്മയാവഹംതന്നെ !!!

യു. ശങ്കരൻകുട്ടിമേനോൻ.

---

# മാതൃത്വമഹിമ.

സ്ത്രീയുടെ പരമാൎത്ഥമായ മാഹാത്മ്യം അവളുടെ മാതൃത്വത്തിലാണു സ്ഥിതിചെയ്യുന്നതു്. സ്ത്രീ കേവലം ഒരു വ്യക്തിയാണെന്നും മാതൃത്വത്തിൽ അവൾ, പിതൃത്വത്തിൽ ഒരു പുരുഷന്നു ലഭിക്കുന്ന മാഹാത്മ്യമേ ലഭിക്കുന്നുള്ളു എന്നും വിശ്വസിക്കുന്ന ഒരുവന്നു് ഇതു തീരെ അസംഗതമായി തോന്നുമായിരിക്കാം. പുരുഷനും സ്ത്രീക്കും ജീവിതരീതിയിലുള്ള വ്യത്യാസങ്ങളെല്ലാം വെറും പഴംകഥകളായി തീൎന്നിരിക്കുന്നു. ജീവിതരംഗത്തിൽ എവിടേയും സ്ത്രീ, പുരുഷനോടു കിടപിടിക്കുന്നതായി കാണാം. കലാശാലകളിൽനിന്നും സ്ത്രീ, പുരുഷനെ തോല്പിച്ചു സമ്മാനാൎഹയായി നില്ക്കുന്നതു കാണുന്നില്ലേ. നിയമപരിജ്ഞാനംകൊണ്ടു് അവൾ പ്രഭാഷകന്മാരെ അതിശയിക്കുന്നു. നിയമനിൎമ്മാണസഭകളിലും അവൾ പുരുഷനോടു വാദിച്ചു ജയംനേടുന്നു. വ്യായാമബലിഷ്ഠമായ ശരീരത്തോടുകൂടി അവൾ പുരുഷനോടു തോളോടുതോളു ചേൎന്നുനിന്നു ശത്രുക്കളെ ജയിക്കുന്നു. ചുരുക്കത്തിൽ ബുദ്ധിശക്തിയിലും വികാരശക്തിയിലും അവൾ പുരുഷനോടൊപ്പം, അല്ല പുരുഷനേക്കാൾ ഒരു പടി മീതെതന്നെയാണു നില്ക്കുന്നതു്. ഇനിയും അവളെ ഗാൎഹികകൃത്യങ്ങളിൽതന്നെ അടിച്ചുതാഴ്ത്തുന്നതു വെറും പൈശാചികവൃത്തിയായിട്ടേ കരുതുകയുള്ളു. സംസ്കൃതചിത്തയായ ഒരു സ്ത്രീ തന്റെ ഗാൎഹികകൃത്യമാകുന്ന അടിമത്തത്തിൽനിന്നും പിൻമാറി വിദ്യാസമ്പന്നനായ പുരുഷനോടൊപ്പം പൊതുജീവിതത്തിൽ പ്രകാശിക്കുവാൻ ആഗ്രഹിക്കുന്നു. പരിഷ്കാരം പൂൎത്തിയായ കാലത്തിന്നു ഈ ഉന്നമനം അനുയോജ്യംതന്നെ. സ്ത്രീയുടെ ഈ ഉന്നമനത്തിൽ ഒട്ടും അസൂയകൂടാതെ പുരുഷൻ അതിന്റെ പൂൎത്തീകരണത്തിന്നു സഹർഷം സഹായിക്കേണ്ടതാണു്.

യാഥാസ്ഥിതികന്മാരായ ചില അപരിഷ്കൃതന്മാരല്ലാതെ സ്ത്രീയുടെ ഈ ഉന്നമനത്തെ തടയുകയില്ല. പുരുഷൻ സ്ത്രീയുടെ നേരെ ചെയ്യുന്ന അന്യായങ്ങളാലും, സ്ത്രീയുടെ തദ്വിഷയകമായ പ്രതിഷേധസ്വരങ്ങളാലും ശക്തിയുക്തമായ അവകാശവാദത്താലും സങ്കുലമാണ് ഇന്നത്തെ ലോകസാഹിത്യം. പുരുഷൻ അവൻെറ പിതൃത്വത്തിൽമാത്രം ആത്മാത്ഥമായി ആഹ്ലാദിക്കുന്നില്ലെങ്കിൽ സ്ത്രീ എന്തിന്നു പിന്നെ അവളുടെ മാതൃത്വത്തിൽമാത്രം ആഹ്ലാദിക്കുന്നു? ആധുനികകാലത്തിലെ ഒരു പെൺകുട്ടിയോടു ചോദിക്കട്ടെ, "സ്ത്രീ ഒരു മാതൃത്വത്തിന്നു മാത്രമല്ലെ പരിശ്രമിക്കേണ്ടതു്, അവൾക്ക് അതിന്നുള്ള പഠിപ്പുമാത്രമല്ലെ കൊടുക്കേണ്ടതു് എന്നു് 'അവൾ ബലമായി തന്നെ പറയും എന്നാൽ അല്ല."

സ്ത്രീ തൻെറ മാതൃത്വത്തെ കോപപൂർവ്വം നിരസിക്കുമ്പോൾ അവളുടെ മഹാത്മ്യമേറിയ അന്തരാത്മാവിൻെറ ആഗ്രഹത്തെ അറിയുന്നില്ല. പഠിപ്പിൽ ബദ്ധശ്രദ്ധയായിരിക്കുന്ന സമയത്തു് അവൾ ഒരു കുട്ടിയുടെ കരച്ചിൽ കേൾക്കട്ടെ; പഠിപ്പെല്ലാം നിറുത്തിവെച്ച് ആ കുട്ടിയെ എടുത്തു കളിപ്പിക്കുവാൻ കാടിപ്പാവുകയായിരിക്കും അവൾ ഉടനെ ചെയ്യുക. സസന്തോഷം കളിച്ചുകൊണ്ടിരിക്കുന്ന സുമുഖനായ ഒരു ബാലനെ കാണുന്നതായിരിക്കും, ഗോൾ അടിക്കുവാൻ പോകുന്ന ഒരു പന്തുകളിക്കാരനെ കാണുന്നതിലും അവൾക്കു സന്തോഷപ്രദം. പുരുഷനോടൊപ്പം വരുവാൻ ശ്രമിക്കുന്ന ഒരു സ്ത്രീ അവളെത്തന്നെ നല്ലവണ്ണം അറിയുന്നില്ല. ഗുരുതരമായ എന്തു പ്രവൃത്തിയും പരിത്യജിക്കുവാൻ അവൾ സന്നദ്ധയാകുന്നു, അതുകൊണ്ടു വാശിപിടിച്ചിരിക്കുന്ന തൻെറ കുട്ടിയുടെ മധുരാധരങ്ങളിൽ നിന്നും ഒരു ചുംബനം കിട്ടുമെങ്കിൽ.

ഈ മാതൃത്വ'വാസന' സ്ത്രീയിൽ അഭിനവമായി നിരന്തരം പരിലസിക്കുന്നതായാൽ അതു വംശത്തിന്നു ഒരു അനുഗ്രഹമായിത്തന്നെ തീരും. എന്നാൽ ഈ ഔത്സുക്യത്തെ സാധാരണമായി പരിത്യജിച്ചു തിരെ നശിപ്പിക്കുന്നതായാൽ അത് അനത്ഥമായി പരിണമിക്കുന്നതുമാണ്.

മാതാവിൻെറ ലാളനവും സ്നേഹവുമാണ് മനുഷ്യന്നു ജീവിതത്തിൽ ഏററവും മഹാത്മ്യമേറിയതും ജന്മസിദ്ധവുമായ ഒരു സ്വത്തു്. അതു അനുഭവിക്കാത്തവൻ തീച്ചയായും ഹതഭാഗ്യൻതന്നെയാണ്. മാതാവിൻെറ പ്രണയമസൃണമായ അധരത്തിൻെറ ആ ഒരു സ്പശം മതി നിങ്ങളെ ആഹ്ലാദഭരിതരാക്കിത്തീക്കുവാൻ, നിശ്ശബ്ദമായ ആപത്തിൽ നിന്നും മുക്തരാക്കുവാൻ; അവളുടെ ധന്യമായ ഹസ്തങ്ങൾ നിങ്ങളുടെ ശത്രുക്കളായ ആഗ്രഹങ്ങളെ നശിപ്പിക്കുന്നു. നിരാശ്രയമായ ബാല്യകാലത്തിൽ മാത്രമല്ല പ്രായപൂത്തിവന്നതിന്നുശേഷംകൂടി നിങ്ങൾക്കു വേണ്ടി

യുള്ള മാതാവിൻെറ ത്യാഗങ്ങൾ അത്ഭുതകരങ്ങൾതന്നെ അവയുടെ പ്രഭാവം ഒരിക്കൽ മനസ്സിലാക്കി അനുഭവിച്ചാൽ നിങ്ങൾ അനുഗ്രഹീതരായിത്തീരുന്നു. ഇതു വെറും അനൎത്ഥകങ്ങളായ സംകല്പങ്ങൾ മാത്രമല്ല. മാനസികശാസ്ത്രത്തിൻെറയും പൎയ്യവേക്ഷണത്തിൻേറയും പരിധികളെ കവിഞ്ഞുനില്ക്കുന്നതാണ് മാതൃഹൃദയം. കാടിക്കൊണ്ടിരിക്കുന്ന തീവണ്ടിയിൽ നിന്നു ജനനി കുട്ടിയെ രക്ഷിക്കുവാൻ കുതിച്ചുചാടുന്നു. കുട്ടിയുടെ വ്രണത്തിൽ നിന്നും അവർ വിഷത്തെ നക്കിയെടുക്കുന്നു. മാതൃത്വത്തോടുകൂടി ഭരിക്കുമ്പോൾ അവൾ അജയ്യയാണ്, അനതിക്രമണീയയാണു.

സ്ത്രീത്വപരിപൂൎണ്ണതയ്ക്കു നവീനവിദ്യാഭ്യാസവും നവീനസംസ്കാരവും എങ്ങിനെയാണ് അപരിഹാൎയ്യമായ പ്രതിബന്ധമായിത്തീരുന്നതു്. നേരെമറിച്ചു സംസ്കാരം അവളെ ബുദ്ധിമതിയായ ഒരു ജനനിയാക്കുകയേ ഉള്ളൂ. സംസ്കാരം നിഷ്ഫലമാകാതെ ഫലവത്താക്കണം. അതു മാത്രമാണു വേണ്ടതു്. സ്ത്രീ പുരുഷനെ അവൻെറ അധൎമ്മങ്ങളിലും മൂഢതകളിലും കൂടി അനുകരിക്കാതിരിക്കയും മഹാത്മ്യമേറിയ സ്ത്രീഹൃദയത്തെ ദൂഷിപ്പിക്കാതിരിക്കയുംവേണം.

മനുഷ്യരോട് ഈശ്വരനുള്ള ദിവ്യപ്രേമത്തെ സ്മരിപ്പിക്കുവാൻ ഭൂമിയിൽ അവതരിക്കുന്ന ഒരു ദേവിയാണു മാതാവു്.

(യു. ഗോവിന്ദൻകുട്ടിമേനോൻ)

---

# ചായപ്പണി.

പണ്ടേ പ്രസിദ്ധിനേടിയിട്ടുണ്ടു ഭാരതം, അവിടത്തെ ശില്പസാമൎത്ഥ്യത്തിൽ. ഭാരതത്തിൽ ഒരു ചായപ്പണിക്കാരനും "കാലിക്കോ" വേലക്കാരനുമില്ലാത്ത ഗ്രാമം ചുരുങ്ങും. ഓരോ നാട്ടിന്നും പ്രത്യേകം ശില്പവിദഗ്ദ്ധന്മാരുണ്ടായിരിക്കും. ഭാരതത്തിലെ സ്ത്രീകൾ പല നിറത്തിൽ കമനീയമായ വിധമാണ് വസ്ത്രധാരണം ചെയ്യുന്നതു്. ഓരോ വൎഗ്ഗക്കാൎക്കും അവരുടെ വസ്ത്രങ്ങളുടെ നിറത്തിന്നും അതു ധരിക്കുന്ന രീതിക്കും ഒരു പ്രത്യേകതയുണ്ടു്. മാത്രമല്ലാ, ഉത്സവകാലങ്ങളിലും വിശേഷദിവസങ്ങളിലും ജനങ്ങൾ വിചിത്രവൎണ്ണങ്ങളായ വസ്ത്രങ്ങൾ ധരിക്കുന്നതിൽ വളരെ പ്രതിപത്തി കാണിക്കുന്നു. ഇക്കാരണങ്ങളാൽ ഒരു ചായപ്പണിക്കാരന്നു തുടരെത്തുടരെ വേല ലഭിച്ചുകൊണ്ടിരിക്കുന്നു.

രാജ്യത്തിലെ പ്രധാന കൈത്തൊഴിലുകളിൽ ഒന്നു "കാലിക്കോപ്രിൻറിങ്ങ്" ആണ്. എന്നല്ലാ അതിന്നു ഭാവിയിൽ കൂടുതൽ വ്യാപ്തി ല

ഭിക്കാനും വഴിയുണ്ടു്. അച്ചടിച്ച വസ്ത്രങ്ങൾക്കു് കൂടുതൽ ചിലവു വരും തോറും ഈ വ്യവസായവും ഉയൎന്നുവരും. പരുത്തിവസ്ത്രം ചായത്തിൽമുക്കി അതിൽ പലതരത്തിലുള്ള വിചിത്രങ്ങളായ ചിത്രങ്ങളുണ്ടാക്കുന്ന കലയാണു് 'കാലിക്കോപ്രിൻറിങ്ങ്' എന്നു പറയുന്നതു്. വ്യവസായ വിദഗ്ദ്ധരായ രാജ്യക്കാർ ഇതിന്നു വിലപിടിച്ച പുതിയ പുതിയ യന്ത്രങ്ങൾ സൃഷ്ടിക്കുന്നു. പക്ഷെ ഭാരതീയർ ഇനിയും അവരുടെ പഴയരീതി വിട്ടിട്ടില്ല. ഈ പഴയരീതിയിലുള്ള നിൎമ്മാണത്തിൻെറ ആവശ്യകത മററുപലേ രാജ്യങ്ങളിലും കണ്ടുവരുന്നുണ്ടു്.

പഞ്ഞി, രോമം മുതലായവകൊണ്ടുള്ള വസ്ത്രങ്ങൾക്കു ചായം കൊടുക്കുന്ന പണിയുടെ ജനയിത്രി ഭാരതഭൂമിയാണു് വളരെ കാലങ്ങൾക്കു മുമ്പുതന്നെ പാശ്ചാത്യരാജ്യങ്ങളും പ്രായേണ അതു പരിശീലിച്ചുതുടങ്ങി. ക്രിസ്തുവിന്നു മൂന്നു ശതാബ്ദങ്ങൾക്കു മുമ്പാണു പാശ്ചാത്യരുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞതു്. 'അലക്സാൻഡർ' തൻെറ ആക്രമണം കഴിഞ്ഞു മടങ്ങുമ്പോൾ ഭാരതത്തിൽനിന്നും ചായത്തിൽ മുക്കിയ രണ്ടു പഞ്ഞിവസ്ത്രങ്ങൾ കൊണ്ടുപോകയുണ്ടായത്രെ. പിന്നീടു് പരിഷ്കാരാഭിവൃദ്ധിയോടുകൂടി ഈ ശില്പം അവിടേയും വ്യാപിച്ചു.

ഭാരതീയൎക്കു കാലിക്കോ പ്രിൻറിങ്ങും അപരിചിതമല്ല. ഈജിപ്റ്റിലും ഭാരതത്തിലുമാണു് ഈ ശില്പം ഉത്ഭവിച്ചതുതന്നെ. ഇപ്പോൾ അതു ഭാരതീയരുടെ ഇടയിൽ മാത്രമേ നടപ്പുള്ളു. ലോകത്തെ മുഴുവൻ ആശ്ചൎയ്യഭരിതമാക്കത്തക്കവണ്ണം അതിൽ ഭാരതീയൎക്കു് ഇന്നു വൈദഗ്ദ്ധ്യത്തോടെ നടത്തത്തക്ക പരിചയം സിദ്ധിച്ചിട്ടുണ്ടു്. തിളക്കുന്ന വെള്ളത്തിൽ വസ്ത്രങ്ങൾ മുക്കി പലവിധ വൎണ്ണങ്ങളുണ്ടാക്കുക; ഈ വൎണ്ണങ്ങൾ പിന്നീടു നനച്ചാൽ പോകയുമില്ല. ഈ സംഗതിയാണു് അവൎക്കാശ്ചൎയ്യത്തിന്നു കാരണം.

“അലക്സാണ്ടരു”ടെ കാലത്തിനുശേഷം, “ബ്രിട്ടൻ”, “ജൎമ്മനി”, “ഇറ്റാലി”, “ഗ്രീസ്”, മുതലായ പ്രധാന പാശ്ചാത്യരാജ്യങ്ങളിലെ ജനങ്ങൾക്കു് അവരുടെ ശില്പകലയിൽ ചായവേലകൂടി കൂട്ടിച്ചേൎക്കുവാൻ അധികകാലം വേണ്ടിവന്നില്ല. മാത്രമല്ലാ, ഇതിൽ ഭാരതത്തിന്നുള്ള വൈദഗ്ദ്ധ്യത്തെ രേഖപ്പെടുത്തുവാൻ യൂറോപ്പിലെ പല വലിയ പ്രദൎശനങ്ങളിലും, ഇതിൻെറ പ്രാധാന്യം പരസ്യപ്പെടുത്തിയിട്ടുണ്ടു്. അത്തരത്തിലുള്ള ഒരു പ്രദൎശനത്തിൽ “ആംസ്റ്റർഡാം” എന്ന സ്ഥലത്തുവെച്ചു് ഒരു വമ്പിച്ച സസ്യശാസ്ത്രനിപുണൻെറ ഉത്സാഹത്തിൽ ഭാരതത്തിലെ ചായപ്പണിയുടെ നൈപുണ്യത്തിൻെറ രാമണീയകത പ്രത്യക്ഷപ്പെടുത്തി. തത്സന്ദൎഭത്തിൽ യൂറോപ്പു മുഴുവൻ മൂകതകൊണ്ടും ഭാരതത്തിന്നുള്ള

സാമൎത്ഥ്യത്തെ പ്രശംസിച്ചുപോയി. അതിനുശേഷം വ്യവസായലോകത്തിലുള്ള മൽപ്പിടുത്തം നിമിത്തം കുറേ കാലത്തേയ്ക്കു ഭാരതത്തിൽ ഈ കലയ്ക്കു വലിയ അഭിവൃദ്ധിയുണ്ടായില്ല. മാത്രമല്ലാ, കൃത്രിമച്ചായം മൂലം ഇവിടത്തെ കൈത്തൊഴിലിന്നു വലിയ ഉടവുതട്ടുകയും ചെയ്തു. ലോഹനിൎമ്മിതവും മിശ്രവൎണ്ണവും വില കുറഞ്ഞതുമായ സാമഗ്രികൾ ജനങ്ങളുടെ അഭിരുചിയെ നശിപ്പിക്കമാത്രമല്ലാ ചെയ്തിട്ടുള്ളതു്; ഭാരതീയവ്യവസായത്തെ ഇടിച്ചുമൎത്തുവാനും അവ സഹായമായിത്തീൎന്നിട്ടുണ്ടു്. ഭാരതത്തിലെ വസ്ത്രങ്ങൾക്കുണ്ടായിരുന്ന മൃദുലവും സമുചിതവുമായ വൎണ്ണത്തിന്റെ സ്ഥാനം ഇന്നു കടുത്തവണ്ണം അപഹരിച്ചു കഴിഞ്ഞു. ഇതോടുകൂടി ഇവിടത്തെ സസ്യനിൎമ്മിതമായ ചായംകൊണ്ടുള്ള വേലകൾക്കു ചിരസ്ഥായിത്വം സമ്പാദിച്ചിരുന്ന വിഖ്യാതി വിലുപ്തമാവുകയും ചെയ്തു. വസ്ത്രവ്യവസായത്തിന്നു മാത്രമല്ലാ ഇതുകൊണ്ടു നാശം സംഭവിച്ചതു്. ചായപ്പണിയും വിശേഷം നശിച്ചു. വൈയവസായികമായ ഈ അസമമത്സരത്തിന്റെ ഫലമായി മിശ്രവൎണ്ണങ്ങളുള്ള ചായപ്പണിസ്സാമഗ്രികൾ ഭാരതത്തിലേക്കു ഇറക്കുമതി ചെയ്തുതുടങ്ങി. ഭാരതത്തിലെ ചായപ്പണിക്കാർ പ്രകൃതിസിദ്ധമായ പദാൎത്ഥങ്ങൾ ഉപേക്ഷിക്കാൻ നിൎബ്ബദ്ധരായിത്തീൎന്നു. അതിന്നു രണ്ടു കാരണങ്ങളാണുള്ളതു്; പ്രഥമമായി അന്യനാടുകളിൽനിന്നും ഇറക്കുമതി ചെയ്യുന്ന ചായവസ്ത്രങ്ങൾക്കും ചായ തൂലികകൾക്കും ഈഴയും ഗുണവും കുറവാണെങ്കിലും നാട്ടുകാർ അതിലാണു് അധികം ആസക്തി കാണിക്കുന്നതു്; രണ്ടാമതു ഈ കൃത്രിമപദാൎത്ഥങ്ങൾക്കു വില വളരെ കുറവുമാണു്. ഈ വൎണ്ണസങ്കലനത്തിന്റെ വ്യാപ്തി അധികമാകുന്നിടത്തോളം ചായപ്പണിയ്ക്കുതകുന്ന പ്രകൃതിസിദ്ധമായ പദാൎത്ഥങ്ങളെക്കുറിച്ചു ജനങ്ങൾക്കുണ്ടായിരുന്ന അറിവു് അധഃപതിച്ചുവരുന്നു.

ലോകമഹായുദ്ധം, ഈ ഒരു ഭാഗം നോക്കുമ്പോൾ, ഭാരതത്തിന്നു നന്മയാണു ചെയ്തതു്. യുദ്ധകാലം ഭാരതത്തിലെ ഭംഗിയും ഗുണവും ഏറിയ ചായപ്പണിക്കു് ഒരു ജീവനുണ്ടാക്കി. പക്ഷേ ഇതധികകാലത്തേക്കു നിന്നില്ല. യുദ്ധാവസാനത്തോടെ ഇറക്കുമതി വീണ്ടും തുടൎന്നുതുടങ്ങി. സ്വദേശി ചായസ്സാമാനങ്ങൾ അതിന്റെ പഴയ അധഃപതിച്ച നിലതന്നെ സ്വീകരിക്കേണ്ടിവന്നു. ഇന്നത്തെ നിലക്കു ഭാരതത്തിന്നു ഉജ്ജ്വലമായ നിറത്തെ ഉപേക്ഷിപ്പാൻ നിവൃത്തിയില്ല. അതിന്റെ നിൎമ്മാണത്തിന്നു നവീനങ്ങളായ സാമഗ്രികൾ അത്യന്താപേക്ഷിതമാണുതാനും. ഇതോടുകൂടെ ചായപ്പണിക്കുള്ള സസ്യസാമഗ്രികളുടെ പുനരുദ്ധാരണം കൂടി ആശാസ്യമാകുന്നു. അതിന്നുള്ള ലക്ഷണങ്ങൾ കണ്ടുവരുന്നതു ആഹ്ലാദകരംതന്നെ. ഇപ്പോൾ ഭാരതത്തിൽ ഒരു പ്രക്ഷോഭണം നടക്കുന്നു

ണ്ട്, ചായപ്പണികളവേണ്ട പ്രകൃതിസിദ്ധമായ പദാൎത്ഥങ്ങളുടെ പുനരുദ്ധാരണത്തിന്ന്. ഈ കാൎയ്യത്തിൽ പ്രോത്സാഹജനകമായ വിജയം കണ്ടുവരുന്നു എന്നുള്ളതു സമാധാനത്തിന്നു വഴി നല്കുന്നുണ്ട്. പക്ഷേ അതിന്നു വിരുദ്ധമായി ചില ഭാഗത്തു നവംനവങ്ങളായ കൃത്രിമമായപ്പണിസ്ഥാപനങ്ങളും സ്ഥാപിച്ചുവരുന്നുണ്ട്.

വാസ്തവത്തിൽ ചായപ്പണിക്കാൎക്കു സുശോഭനമായ ഒരു ഭാവിയാണുള്ളത്. തങ്ങൾ ധരിക്കുന്ന വസ്ത്രത്തിൽ മൃദുലവും സുന്ദരവുമായ നിറം വേണമെന്നൊരഭിരുചിജനങ്ങൾക്കുണ്ടായിട്ടുണ്ട്. ദോത്തി, സാരി, ചിട്ടി, എന്നുവേണ്ട നാനാതരം വസ്ത്രത്തിന്നും വിശേഷരീതിയിലുള്ള വൎണ്ണങ്ങൾ അത്യാവശ്യമായിത്തീൎന്നിരിക്കുന്നു. ഖദർ മുതലായവ കടുംനിറത്തിൽ കൂട്ടത്തോടെ അടിച്ചുതെയ്യാറാക്കുന്നു. അവക്കു ജനങ്ങളുടെ ഇടയിൽ നല്ല പ്രചാരവും സിദ്ധിച്ചുവരുന്നുണ്ട്. വിവിധവൎണ്ണങ്ങളുള്ള തുണിച്ചരക്കിന്റെ ഇറക്കുമതിയുടേയും ഭാരതത്തിലെ വസ്ത്രശാലകളുടെ നിൎമ്മാണത്തിലുള്ള വേഗത്തിന്റേയും പ്രതിഫലനമാണിതു്. ചിത്രവൎണ്ണങ്ങളായ വസ്ത്രങ്ങൾക്കും പലപ്രകാരത്തിലും ഉൽകൎഷമാണു കാണുന്നതു്. അല്പകാലത്തിന്നുമുമ്പു ഫലം ആശങ്കാജനകമായിരുന്നെങ്കിലും വൎണ്ണശില്പം ഇന്നു് ആശാസ്യമായ ഒരു ഭാവിയെയാണു സൂചിപ്പിക്കുന്നതു്.

ഞാറവീട്ടിൽ അപ്പുക്കുട്ടിമേനോൻ.

---

# "ചാരിത്രരക്ഷ".

(ഒരു നിരൂപണം)

പ്രതിദിനം, അല്ല പ്രതിക്ഷണംതന്നെ, ആകൃതിയിലും പ്രകൃതിയിലും നവനവങ്ങളായ വിശേഷങ്ങളെക്കൊണ്ടു സാഹിതിപ്രണയികളെ ആനന്ദസാഗരത്തിൽ ആമഗ്നമാക്കുന്ന സ്വഭാവമാണെല്ലോ കേരളഭാഷായോഷയ്ക്കുള്ളതു്. അവളുടെ കടക്കണ്ണാൽ അനുഗൃഹീതന്മാരായ കാമുകന്മാർ അവളുടെ ശാശ്വതമായ ശ്രേയസ്സിൽ കങ്കണം കെട്ടിട്ടുള്ളവരുമാണ്. അവരാൽ സമൎപ്പിതമായ കല്പകമലർകൊണ്ടു കൈരളീവനിതയ്ക്കുണ്ടായിത്തീൎന്നിട്ടുള്ള സൌന്ദൎയ്യവിശേഷം പരിച്ഛേദിച്ചു പറവാൻ പ്രയാസംതന്നെ. ഇങ്ങിനെ അകത്തും പുറത്തും ഒരുപോലെ തിളങ്ങുന്ന കൈരളിക്കിന്നൊരു വാടാമലർ ശിരോലംകരമായ് സിദ്ധിച്ചിരിക്കുന്നു. അതാണു നമ്മുടെമുമ്പിൽ ഇരിക്കുന്ന "ചാരിത്രരക്ഷ." ഇതു പുതുതായ്വിരിഞ്ഞ ഒരു പുഷ്പമാണെങ്കിലും ഇതിന്റെ പരിമളം കേരളീയ

രെ ആകമാനം ഒന്നിളക്കിട്ടുണ്ടായിരിക്കും. ഇതിന്റെ കൎത്താവു സാഹിതീദേവിയുടേയും സാഹിതീപ്രണയികളുടേയും വിളഞ്ഞ നോട്ടത്തിന്നും തെളിഞ്ഞ പ്രശംസയ്ക്കും മുമ്പുതന്നെ പാത്രീഭൂതനായ സാഹിത്യരസികൻ മിസ്റ്റർ പി. കുഞ്ഞിരാമൻ നായരാണെന്നു പറഞ്ഞറിയിക്കുന്നതു ഞാൻ ചെയ്യുന്ന സാഹസങ്ങളിൽ ഒന്നായിരിക്കും. ഈ രത്നചഷകം ഒരു പരാവൎത്തനമാണെങ്കിലും അതേസമയത്തുതന്നെ ഒരു സ്വതന്ത്രദൃശ്യകാവ്യവുമാണ്. ജീവൻ വിടാതെ, സ്വാഭം കളയാതെ, ശക്തിഭദ്രന്റെ ആശയം ലളിതമായഭാഷയിൽ പകൎത്തിയിരിക്കുന്നു. ഏതായാലും ഈ തത്വം പൊതിഞ്ഞ കല കൈരളീദേവിയുടെ വിലമതിപ്പാൻ വയ്യാത്ത ശാശ്വതമായ ഒരു രത്നംതന്നെ. ഇതിനെപ്പററി ഒരു നിരൂപണമെഴുതുക എന്നതു ഭാഷയുടേയും സാഹിത്യത്തിന്റേയും ഉള്ളും പുറവും ഒരുപോലെ അറിഞ്ഞവരുടെ കൃത്യമാണ്. അതുകൊണ്ടു് ആന്തരമായ ചൎച്ചകൂടാതെ സ്ഥലദൃഷ്ട്യാ ഒരു സാധാരണനു തോന്നാവുന്ന ചില ആശങ്കകളെമാത്രമ ര താഴെ കുറിക്കുന്നതു്.

“ആശ്ചൎയ്യചൂഡാമണി”യാണു ചാരിത്രരക്ഷയുടെ അസ്ഥിവാരക്കല്ലെന്നു ഗ്രന്ഥകാരൻതന്നെ പറഞ്ഞിട്ടുണ്ടെങ്കിലും അതിനെ കുറച്ചുകൂടി വിശദീകരിക്കുന്നതു വായനക്കാരിൽ ചിലക്കു കൂടുതൽ സൌകൎയ്യമായിരിക്കുമെന്നു കരുതുന്നു. ആശ്ചൎയ്യചൂഡാമണിയിൽ ആകെ ഏഴങ്കങ്ങളാണുള്ളതു്. ചാരിത്രരക്ഷയിലോ പതിനഞ്ചദ്ധ്യായം. ഇതിന്റെ ക്രമം ഇങ്ങിനെയാണ്. ഒന്നും രണ്ടും അദ്ധ്യായം ഒന്നാമങ്കത്തിന്നു വിഷയം രണ്ടാമങ്കത്തിലെ ആശയം മൂന്നും നാലും അദ്ധ്യായങ്ങളിൽ പകൎത്തിയിരിക്കുന്നു. പിന്നെ എട്ടുവരെ അദ്ധ്യായങ്ങളുടെ അസ്ഥിവാരം മൂന്നാമങ്കം നാലാമങ്കവു, ഒമ്പതാമദ്ധ്യായവുമാണ്. ശേഷം മൂന്നദ്ധ്യായങ്ങളാൽ അഞ്ചാമങ്കം സംഗ്രഹിച്ചിരിക്കുന്നു. അടുത്ത അദ്ധ്യായത്തിലടുത്ത അങ്കം. ഏഴാമങ്കം അടുത്ത രണ്ടദ്ധ്യായങ്ങളെക്കൊണ്ടു ചിത്രീകരിച്ചിരിക്കുന്നു.

ഈ കൃതി പരാവൎത്തനമാണെങ്കിലും സ്വതന്ത്രമാണെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ. ഇതിലെ ഇതിവൃത്തത്തിന്നനുഗുണമായി വൎണ്ണിച്ചിട്ടുള്ള കാലത്തെപ്പററിയാണൊന്നാമതെനിക്കു രണ്ടുവാക്കു പറവാനുള്ളതു്. രാമന്റെ അനുവാദപ്രകാരം ലളിതവേഷയായ വനകന്യക, ശൂൎപ്പണഖ, ലക്ഷ്മണസമീപം വന്നു രാമാജ്ഞയേയും തന്റെ കരകവിഞ്ഞ കാമത്തേയും അറിയിക്കുന്നു. ധൎമ്മം കാമത്തിന്നടിമയല്ലെങ്കിലും പാതിമനസ്സോടുകൂടി “ജ്യേഷ്ഠനകത്തേയ്ക്കു പോയതും കണ്ടുകൊള്ളാം” എന്നു പറഞ്ഞു ലക്ഷ്മണൻ പിരിയുന്നു. ലക്ഷ്മണന്റെ വരവും കാത്തു ശൂൎപ്പണഖ പൎണ്ണശാലയുടെ പിൻഭാഗത്തുള്ള അത്തിച്ചുവട്ടിൽ കാത്തിരിക്കുന്നു.

ഇതാണ് ഒന്നാമദ്ധ്യായത്തിലെ കഥാസാരം. രണ്ടാമദ്ധ്യായം ആരംഭിക്കുന്നതു ഗ്രീഷ്മകാലത്തിലെ സായാഹ്നസന്ധ്യയിലാണ്. ചിത്രകൂടസാനുവിൽ സീതാരാമന്മാർ നർമ്മസല്ലാപം ചെയ്തുകൊണ്ടിരിക്കുന്നു. ലക്ഷ്മണൻ അവിടെ വന്ന ഉടനേ മൂവരും പർണ്ണശാലയിലേയ്ക്കു തിരിക്കുന്നു. ലക്ഷ്മണൻ പിരിഞ്ഞുപോയ ഉടനെ, വിജനമാകയാൽ രാമനും സീതയും സ്വൈരസല്ലാപംതന്നെ ആരംഭിച്ചു. ശൂർപ്പണഖയെ അത്തിച്ചുവട്ടിലേക്കയച്ചു ലക്ഷ്മണൻ രാമസമീപം വന്നിരിക്കാമെന്നല്ലേ ഇതിൽനിന്നനുമാനിക്കേണ്ടതു്. അതുകൊണ്ട് ഒന്നാമദ്ധ്യായത്തിലെ ഇതിവൃത്തത്തിന് ആധാരമായ സമയം ഗ്രീഷ്മദിനത്തിന്റെ മദ്ധ്യാഹ്നവും രണ്ടാമദ്ധ്യായത്തിന്റേതു് അതേ സായാഹ്നവുമാണെന്നൂഹിക്കുന്നതിൽ അബദ്ധമൊന്നുമുണ്ടെന്നു തോന്നുന്നില്ല.

മൂന്നാമദ്ധ്യായം ആരംഭിച്ചിട്ടുള്ളതു് വർഷാദിയിലെ ഒരു രാത്രിയിലാണെന്നു അത്രെ കവി പറയുന്നതു്. "അസ്തമയ സന്ധ്യ പെട്ടെന്നു ഭയങ്കരമായ കാളിരൂപം കൈക്കൊണ്ടു. വർഷർത്തുവിന്റെ അരങ്ങേററസമയം മഴക്കുറേശ്ശ തുള്ളിയിടുന്നു" ഈ സമയത്താണ് അത്തിച്ചുവട്ടിൽ രാത്രി കഴിച്ച ശൂർപ്പണഖ—മന്മഥ ലഹരിപിടിച്ച ശൂർപ്പണഖ—രാമസമീപം വരുന്നതു്. "ആ ആണും പെണ്ണും കെട്ട ശപ്പൻ (ലക്ഷ്മണൻ) പറഞ്ഞിട്ടല്ലേ ഞാൻ ആ അത്തിച്ചുവട്ടിൽ രാത്രി മുഴുവൻ കാത്തിരുന്നതു്. രാത്രി പുലന്നു, എന്റെ മോഹം മാത്രം പുലന്നില്ല." രാത്രി പുലന്നു എന്ന വാക്യം കൊണ്ട് മുൻ അദ്ധ്യായത്തിന്റെ അടുത്ത ദിവസമാണിത് എന്നേ ഊഹിപ്പാൻ വഴിയുള്ളു. അപ്പോഴും തന്നെയാണ് കൂടുതൽ ഔചിത്യവും. നിരാശയായ ശൂർപ്പണഖ - ലക്ഷ്മണനാൽ പടത്തിൽ ചവിട്ടപ്പെട്ട കാളഭുജംഗി—മറവകൈ ആലോചിപ്പാൻ താമസിക്കുന്നതു രസവാഹിയാകുന്നതുമല്ലല്ലോ. രാത്രി എന്നു ഏകവചനവും അത്തിച്ചുവടും ഈ ഊഹത്തിനു സഹായമായിരിക്കുന്നുമുണ്ട്. ജാതിവാചകശബ്ദം ഏകവചനത്തിൽ പ്രയോഗിക്കാറുണ്ടെങ്കിലും "അത്തിച്ചോട്ട" ഇരിന്നു് ഏകത്വത്തെത്തന്നെയാണ് സമത്ഥിക്കുന്നതു്. ഗ്രീഷ്മത്തിനും വർഷാദിക്കും അല്പം വ്യവധാനമാവശ്യമാകയാൽ അല്പം 'കാലദോഷം' ഇവിടെയുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഉച്ചവരെ കടും വെയിലും ഉച്ചയ്ക്കുശേഷം മഴയും തപാത്യയത്തിലാണ് കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതും. മൂലത്തിൽ ഇങ്ങിനെ ഒരാശങ്കയ്ക്കിടമില്ലെന്നുള്ളതും പ്രത്യേകം സ്മത്തവ്യമാണ്.

നാലാമദ്ധ്യായത്തിൽ ലക്ഷ്മണനാൽ കൃത്തനാസികയായ ശൂർപ്പണഖയുടെ വാക്കിൽ നിന്നു ഭാവിസമരത്തെ രാമൻ ഓക്കുന്നു. രാക്ഷസീരക്തം പ്രതിഫലിച്ചിട്ടെന്നപോലെ ആകാശം അരുണവർണ്ണമായപ്പോഴും രാജപുത്രന്മാർ സന്ധ്യാവന്ദനത്തിനുപോകുന്നു. ലക്ഷ്മണൻ ശൂർപ്പണഖയെ

അംഗഭംഗപ്പെടുത്തിയതു മഴ കുറേശ്ശെ തുള്ളിയിടുന്ന രാത്രിയിൽ രാമസമീപത്തിൽ നിന്നു പോയപ്പോഴാണെല്ലോ? അക്കാലത്തിലെ സന്ധ്യാസമയം ഈ വിധം വർണ്ണിക്കുന്നതു് എങ്ങിനെ ചമല്ക്കാരിയാകും. ഗ്രീഷ്മമാണെന്നുവെച്ചാലും വർഷത്തിന്നും ഗ്രീഷ്മത്തിന്നുമുള്ള വൈലക്ഷണ്യം സാമാന്യമല്ലാത്തതിനാൽ രസപരതന്ത്രനായ കവി ഈ വിഷയത്തിൽ കേവലം ശ്രദ്ധവെച്ചില്ലെന്നു് പറയേണ്ടിയിരിക്കുന്നു. മൂന്നും നാലും അദ്ധ്യായം ഒരേ അങ്കത്തിന്നു വിഷയമാകയാൽ എല്ലാം ഒരു പകൽകൊണ്ടു നടന്നതായിട്ടാണു് ശക്തിഭദ്രൻ വർണ്ണിച്ചിട്ടുള്ളതു്.

ഖരാദികളുടെ നിഗ്രഹം രാവണമാരീച സംവാദം മുതലായവയെപ്പററി ഋഷികളും വഴിപോക്കരും തമ്മിൽ ഒരു സംഭാഷണം. ഇതു ഗ്രീഷ്മാന്തത്തിലെ മദ്ധ്യാഹ്നത്തിലാണെന്നു കവി പറയുന്നു. അതേ സമയം വേറൊരു പർണ്ണശാലയിൽ രാമനും സീതയും നർമ്മസല്ലാപം ചെയ്തുകൊണ്ടിരിക്കെ ഖരവധത്താൽ സന്തുഷ്ടന്മാരായ ഋഷികൾ കൊടുത്തയച്ച അത്ഭുതാംഗുലീയകവും ചൂഡാരത്നവും ലക്ഷ്മണൻ രാമൻെറ കയ്യിൽ കൊടുക്കുന്നു. പെട്ടെന്നവിടെ മായാമൃഗവും കാണപ്പെടുന്നു. സീതാരക്ഷാർത്ഥം ലക്ഷ്മണനെ നിർത്തി രാമൻ മൃഗഗ്രഹണത്തിന്നുവേണ്ടി സീതയെ പിരിഞ്ഞു് വനം പ്രവേശിക്കുന്നു. മാരീചൻെറ—മായാമൃഗത്തിൻെറ—വനപ്രവേശത്തിന്നും മുൻഅദ്ധ്യായത്തിൽ വിവരിച്ച കഥക്കും ഒരു ചുരുങ്ങിയകാലംകൊണ്ടുള്ള വിച്ഛേദംമാത്രമാണാവശ്യമായിട്ടുള്ളതു്. രണ്ടാമങ്കത്തിലെ ഗ്രീഷ്മവും ഇതും ഒന്നാണെങ്കിൽ മദ്ധ്യേയുള്ളവർഷം അകാലവർഷംതന്നെ. വർഷർത്തുവിന്നു ശേഷമുള്ള ഗ്രീഷ്മമാണെങ്കിൽ ഈ ദൂരധാവനത്തിന്നുള്ള വൈഫല്യവും ആനർത്ഥക്യവും മാച്ചാൽമായാത്തതാണു്. അഞ്ചാമദ്ധ്യായം ഗ്രീഷ്മത്തിലാണെന്നു പറഞ്ഞ കവി ഇതാ ആറാമദ്ധ്യായത്തിൽ വസന്തത്തിലേക്കു ചാടുന്നു. ആരംഭിച്ചതും വസന്തപൌർണ്ണമി. രാവണൻ, ശൂർപ്പണഖ, സൂതൻ, മൂന്നുപേരും മണിരഥത്തിലേറി രാമാശ്രമത്തിൻെറ മുകളിൽവരുന്നു. മായാരാമനായ രാവണൻ സീതയെ മണിരഥത്തിൽവെച്ചു അയോദ്ധ്യയ്ക്കെന്ന നാട്യത്തിൽ പറപറക്കുന്നു. ഇതെല്ലാം രാമൻ മൃഗത്തെ പിൻപറ്റിചെന്നപ്പോഴാണെന്നു വായനക്കാരെ ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ. ഗ്രീഷ്മത്തിൽ മൃഗാനുസരണം, ഉടനെ വസന്തത്തിൽ സീതാപഹരണം! ഇതെന്തൊരു പുതുമ! ആ യുഗത്തിൽ ഋതുക്കൾക്കു തലതിരിച്ചൽ ഉണ്ടായിരുന്നുവോ? കവികൾക്കു കാലഭേദം ഇല്ലെന്നുവരുമോ? "യഥാസ്മൈ രോചതേ വിശ്വം തഥേദമനുവർത്തതേ" എന്നതനുസരിച്ചു ഗ്രീഷ്മം വസന്തമായിരിക്കുമോ? രാക്ഷസമായകൊണ്ടു ഗ്രീഷ്മം വസന്തമായതാണെങ്കിൽ ആകാശത്തിൽ

തേർനില്ക്കുന്ന വിഷയത്തിൽ നമ്മുടെ സഹൃദയൻ ഇത്ര ശ്രമപ്പെടേണ്ടിയിരുന്നില്ല. രാമൻ പൊൻമൃഗത്തെ പിന്തുടന്നപ്പോഴാണ് രാവണനാഗമം ആശ്രമസമീപം വന്നതു്. അപ്പോഴും ചന്ദ്രമുഖിയായ "രാത്രി" ജ്യോത്സ്നാവഗുണ്ഠനവുമായി ശോഭിച്ചിരുന്നു. അതിൽ പിന്നെയാണു ലക്ഷ്മണൻ രാമസമീപംപോകുന്നതു്. അതിന്നുശേഷം ഒരേസമയമാണ് രാവണൻ രാമനായി ആശ്രമത്തിലേയ്ക്കും ശൂൎപ്പണഖ സീതയായി രാമൻെറ സമീപത്തേയ്ക്കും ചെല്ലുന്നതു്. എട്ടാമദ്ധ്യായത്തിലിതാ, രാമൻ മായാസീതയുമായി ആശ്രമത്തിലേയ്ക്കു വരുന്നു. അപ്പോഴും കളികഴിഞ്ഞു അണിയറയിലേയ്ക്കു പോകുന്ന പകലിൻെറ പൊൻകിരീടംപോലെ അകലത്തായി അസ്തമനസൂൎയ്യൻ കിടന്നുതിളങ്ങിയിരുന്നു. ശൂൎപ്പണഖ സീതയായപോലെ രാത്രിസായം സന്ധ്യയുമായി. ഇതു രാമൻെറ ത്രേതായുഗത്തിലെ അത്ഭുതമോ? കവിയുടെ കലിയുഗത്തിലെ ആശ്ചൎയ്യങ്ങളിലൊന്നോ? എന്നു് തീൎത്തുപറയുന്നതിൽ കഷ്ടണിക്കേണ്ടിവന്നിരിക്കുന്നു. ഇതു പാലിലുള്ള ഉപ്പല്ലാതെ പൊൻതാമരയ്ക്കുള്ള സൌരഭ്യമാകുമോ? ജ്വലിക്കുന്ന രാക്ഷസമായയാകുന്ന ബ്രഹ്മാസ്ത്രം ഇതിനേയും സാധൂകരിക്കുമോ? അല്ലെങ്കിൽ കവിഹൃദയം ആർകണ്ടു? ഈ നാലദ്ധ്യായവും ഒരേ അങ്കത്തിന്നു വിഷയമാണെങ്കിലും കാലത്തിൻെറ മായരാവണമായയേയും അധഃകരിക്കുന്നു.

നാമിനി പതിനൊന്നാമദ്ധ്യായത്തിലെ സുഖകരമായ "ശരൽകാലപൌൎണ്ണമിക്കുപോകാം. 'സീതാസമീപം അഴകുരാവണൻെറ ചൊല്ലിയാട്ടത്തിന്നുള്ള പൂർവ്വരംഗം—ഹാ—ഈ നിർവൃതിജനകമായ ശരൽകാലം ഗ്രീഷ്മത്തിന്നു ശേഷമുള്ളതോ, ഗ്രീഷ്മത്തിൻെറ ശേഷമുള്ള വസന്തത്തിൻെറ ശേഷമുള്ളതോ എന്നു് തീൎച്ചപ്പെടുത്താൻ പ്രയാസം. ത്രൈലോക്യത്തിന്നു രാവണൻ ഏതു വിധം ശല്യമായിരുന്നുവോ, അതിലധികം സഹൃദയലോകത്തിന്നു ശല്യമായിട്ടാണ് കാലരാവണൻെറ കൂത്താട്ടം. ഈ പൌൎണ്ണമിദിവസമാണ് സീത കൊടുത്ത ചൂഡാരത്നവും കൊണ്ടു മാരുതി ദാശരഥിയുടെ സമീപം വരുന്നതു്. രാവണസംഹാരാനന്തരം രാമഭദ്രൻെറ കല്പനപ്രകാരം സീത രാമസമീപം വരുന്നു. എപ്പോഴും?—ഗ്രീഷ്മത്തിലെ ഒരു മദ്ധ്യാഹ്നത്തിൽ. ഈ കാലദൈൎഘ്യത്തിൽ പൊതിഞ്ഞുവെച്ച തത്വം ഇന്നതാണെന്നു കവി തന്നെ കാണിച്ചുതരുമോ? ആദികവിയുടെ രണ്ടു മാസം നമുക്കെട്ടു മാസമായെന്നു സമാധാനിക്കാമെങ്കിലും രസവിരോധിയല്ലാത്ത കഥാഭാഗം ഉപേക്ഷിപ്പാനുള്ളകാരണം വെളിപ്പെടുത്തേണ്ട ഭാരം കവിയെ വിട്ടൊഴിയുന്ന

തല്ല. അതുകൊണ്ടു കഥയ്ക്കനുഗുണമായും വിരോധമില്ലാതെയുമുള്ള കാലത്തെ ഘടിപ്പിക്കുന്നതിൽ കവിയുടെ ആലസ്യം ക്ഷന്തവ്യമല്ലെന്നു മാത്രമല്ല ഗ്രന്ഥത്തിന്നു തീർത്താൽ തീരാത്ത വൈകല്യവുമാണെന്നു പറയേണ്ടി വന്നതിൽ വ്യസനിക്കുന്നു.

കാലത്തെ ഈ നിലയിൽ വിട്ടു ചില വാചകങ്ങളേയും വർണ്ണനയേയും ആരായുകതന്നെ. നാലാമദ്ധ്യായത്തിൽ രാമൻ—"വിശന്നിരിക്കുന്ന നിനക്കു ചെറിയൊരിര ഉടനെ വരും, നിന്നെ ഒന്നു തൃപ്തിയാവോളം ഊട്ടിക്കളയാം, ഏതാണ് ആ ഇര? രാവണൻ. ഇന്നു മൂക്കററതിന്നു് നിനക്കു തേട്ടാം" ഇര ചെറുതാണെങ്കിൽ എങ്ങിനെ തൃപ്തിയാവോളം ഊട്ടാൻ സാധിക്കും? ഇര ചെറുതാണെങ്കിലും അതിന്നുള്ള അസാധാരണത, ലോകോത്തരത്വം മുതലായവകൊണ്ടു തൃപ്തിയായെന്നാണ് കവി ഹൃദയമെങ്കിൽ മൂക്കററം തിന്നലും തേട്ടലും അഹൃദ്യമായിരിക്കുന്നു.

ആറാമത്തെ അദ്ധ്യായത്തിൽ "ചന്ദ്രമുഖിയായ രാത്രി കണ്ണെത്താവോളം കിടന്നിഴയുന്ന ജ്യോത്സ്നാവഗുണ്ഠനവുമായി ഒരുമപോലെ കാണപ്പെട്ടു. അവളുടെ വിടർവിടർന്ന നയനങ്ങളിൽ മാത്രം നക്ഷത്രാശ്രുക്കൾ ചിതറിയിരുന്നു" ഇവിടെ ചന്ദ്രമുഖിയായ രാത്രിയുടെ നക്ഷത്രാശ്രുക്കൾ ചിതറിയ വിടർന്ന നയനങ്ങൾ ഇന്നതാണെന്നു ഗ്രന്ഥകാരൻെറ വ്യാഖ്യാനമില്ലാതെ തീർത്തുപറവാൻ യാതൊരു വഴിയും കാണുന്നില്ല. "രാമാശ്രമത്തിൻെറ മുകളിലായി ഒരു മണിരഥം വന്നുനിന്നു. അതിൻെറശേഷം രഥാരൂഢന്മാരായവരുടെ സംഭാഷണത്തിൽ "രാവണൻ......... സൂത! തേർ വേഗം തെളിക്കു. സൂതൻ— അവിടത്തെ രഥാശ്വങ്ങൾ സൂര്യാശ്വങ്ങളെ അതിലംഘിക്കുന്നു. രാവണൻ— സൂത! രാമാശ്രമത്തിലേയ്ക്കാണ് പോകേണ്ടതു കൈലാസത്തിലേയ്ക്കല്ല കേട്ടോ......... സൂതൻ (സ്വാഗതം) ഞാനിതാ അയച്ചുവിട്ടു. എന്തു്! ഒന്നാമതു സദാചാരം രണ്ടാമതു കടിഞ്ഞാൺ. രഥം അതിവേഗത്തിലോടി അതിൻെറ ഉരുളുകളുരുണ്ടു മേഘമാർഗ്ഗം കുഴിഞ്ഞു. ശൂർപ്പണഖ ഇതാ ഇക്കാണുന്നതാണ് രാമാശ്രമം ശൂർപ്പണഖ ചൂണ്ടിക്കാട്ടി." രാമാശ്രമത്തിൻെറ മുകളിൽ മണിരഥം വന്നതിൽപിന്നെ നടന്നതായി ഘടിപ്പിച്ചിട്ടുള്ള ഈ സംഭാഷണം എത്രത്തോളം യുക്തമായിട്ടുണ്ടെന്നു വായനക്കാർതന്നെ തീർച്ചപ്പെടുത്തട്ടെ. "തതഃ പ്രവിശതി രാവണോ രഥേന ശൂർപ്പണഖയാ സൂതേന ച" എന്നാരംഭിച്ച മുൻപറഞ്ഞ സംഭാഷണത്തിന്നുശേഷം ശൂർപ്പണഖ— "ആഗതാസ്സ്മോ രാമതപോവനം." എന്നാണു ശക്തിഭദ്രൻ പറഞ്ഞിട്ടുള്ളതു്. കേവലം പരാവർത്തനമല്ലെന്നു കവിവാക്യം ഞാൻ മറന്നിരിക്കുന്നുവെന്നു വായനക്കാർ ശങ്കിച്ചുപോകരുതു്. രാവണൻെറ കലിയുഗമാണെങ്കിലും കാലത്തിന്നു കോലമില്ലെന്നു വരുന്നതാണോ? അങ്ങിനെയാണെങ്കിൽ

തന്നെ സ്വതന്ത്രകൃതിയിൽ ഔചിത്യത്തെ രക്ഷിച്ചുകൂടെന്നുണ്ടോ? ഇതെങ്ങിനെ മൂലത്തിലെ ജീവനും സ്വഭാവും വിടാതെയുള്ള ജീവനും ഓജസ്സുമുള്ള പരാവർത്തനമാകും?

മായാമൃഗം, പരന്ന മൈതാനം, ഉയന്നഗിരിശൃംഗം, ഇരുണ്ടതമാലക്കൂട്ടം, ഇവ കടന്നു ജനസ്ഥാനത്തിലെ വനാന്തഭാഗത്തിൽ മറഞ്ഞു എങ്കിലും രാമന്റെ "വജ്രഗംഭീരദ്ധ്വനി" സീതയും മററും ഇടയ്ക്കിടെ കേട്ടിരുന്നു. മായാമൃഗത്തെ പിന്തുടന്ന രാമചന്ദ്രൻ വളരെ അകലെയായിരുന്നുവെങ്കിലും സീത മുതലായവർ "വജ്രഗംഭീരദ്ധ്വനി"യായതുകൊണ്ട് കേട്ടതായിരിക്കാമെന്നും ഇതിനുവേണ്ടിത്തന്നെയാണ് ഈ വിശേഷണം "ദ്ധ്വനി"ക്ക് കൊടുത്തിട്ടുള്ളതെന്നും നമുക്ക് സമാധാനിക്കാം. എങ്കിലും ഇത്രദൂരം രാമനെ അകററുന്നതിൽ അനൌചിത്യാശംകകൊണ്ടെന്നപോലെ ശക്തിഭദ്രന്റെ തൂലിക ഇങ്ങിനെയൊരു വർണ്ണനയിൽ വ്യാപരിച്ചതായി കാണുന്നില്ലെന്നു മാത്രം രേഖപ്പെടുത്തിക്കൊള്ളട്ടെ.

സീതയോടുകൂടെ രഥത്തിലിരിക്കുന്ന മായാരാവണൻ മായാലക്ഷ്മണനെ നോക്കി— "സൂത! രഥം വേഗം തെളിക്ക്" ഇവിടെ ലക്ഷ്മണനായിരിക്കുന്ന സമയംതന്നെ ഇവനൊരു സൂതനാണെങ്കിലും ഈ കോമളാമന്ത്രണം തുലോം വിപരീതമായിട്ടാണ് കലാശിക്കുന്നതു്. ഭൂമിയിൽ മായാസീതയേയും രാമനേയും കണ്ടു ചിന്താവ്യാകുലയായ സീതയ്ക്കു ഈ വാക്ക് അധികസംശയമല്ലേ ഉണ്ടാക്കുക? മൂലത്തിലെ ലക്ഷ്മണനു "ആദേശീ"മാണിനീ സൂതനെന്നതും വിസ്മത്തവ്യമല്ല. ജനാന്തികമാണെന്നു സമാധാനിക്കാമെന്നാണെങ്കിൽ ബാക്കി സ്ഥലങ്ങളിലെപ്പോലെ "സൂതനോടു" എന്നോ മറേറാ വേണ്ടതാണല്ലോ?

"ചികുരഭാരം അഴിച്ചിട്ടു കെട്ടാനുയന്ന രാവണന്റെ കയ്യു ദേവി തടഞ്ഞു. മോതിരം രാക്ഷസന്റെ കയ്യിൽ സ്പശിച്ചു. രാക്ഷസൻ സാക്ഷാൽ രാക്ഷസനായി" ലക്ഷ്മണൻ കൊണ്ടുവന്നുകൊടുത്ത മോതിരത്തിന്നാണീ ശക്തിയുള്ളതു്. മായാരാമനെ മാരീചനെന്നു തെളിയിക്കുവാൻ ആ മോതിരത്തിന്റെ സഹായത്താലാണു സാധിച്ചിട്ടുള്ളതെന്നു നമ്മുടെ കവിതന്നെ പറഞ്ഞിട്ടുമുണ്ടു്. പിന്നെ ഈ സന്ധ്യച്ചാഗരം എങ്ങിനെ ഫലിച്ചു. ഗംഗ രണ്ടുണ്ടായപോലെ, സീത രണ്ടുണ്ടായപോലെ, അത്ഭുതാംഗുലീയകവും രണ്ടുണ്ടായെന്നു വരുമോ? അല്ലെങ്കിൽ മോതിരവും ചൂഡാരത്നവും ഒരേടിക്കിൽനിന്നു ലഭിച്ചതിനാൽ ചൂഡാരത്നവും മോതിരമായെന്നോ? അഥവാ രണ്ടിന്റെ കയ്യുമൊന്നാകയാൽ ചൂഡാരത്നത്തിന്നും മോതിരത്തിന്നും അഭേദമെന്നോ? ഏതായാലും അത്ഭുതാംഗുലീയത്തെക്കാളും പരമാത്ഭുതം തന്നെ.

പതിനൊന്നാമദ്ധ്യായത്തിൽ രാവണന്റെ ആജ്ഞാപ്രകാരം മന്ത്രി "ചിത്രയോധി" പൂങ്കാവിൽ പ്രവേശിക്കുന്നു. മന്ത്രി രാവണന്റെ സവയസ്സനാണെന്നാണു കവി പറഞ്ഞിട്ടുള്ളതു്. അദ്ദേഹത്തിന്റെ മന്ത്രിയുടെ ചിത്രീകരണം ഈ വിധത്തിലാണു്. "ദീപ്തങ്ങളായ നയനങ്ങൾ, നരച്ചുവളൎന്ന താടി, ഇടയ്ക്കിടെ വെള്ളിക്കമ്പിയിട്ടു നെയ്തു പിന്നിലേയ്ക്കു ചീകിയൊതുക്കിവെച്ച തലമുടി, പരന്ന നെററി—ശോകമുദ്ര കുത്തിയ നെററി—ഈ ചിത്രം ഏകദേശം വയഃപരിണാമാവസ്ഥയിലിരിക്കുന്ന ഒരു വ്യക്തിവിശേഷത്തെയാണു വായനക്കാരുടെ ഹൃദയദൎപ്പണത്തിൽ പ്രതിഫലിപ്പിക്കുന്നതു്. സവയസ്സത്വംകൊണ്ടു സീതാകാമുകനായ രാവണന്റെയും ചിത്രം ഈ നിലയിലാവാനല്ലേ തരമുള്ളു. ഈ വൎണ്ണനകൊണ്ടു മന്ത്രിക്കുള്ള പഴക്കം തഴക്കം മുതലായ ഗുണങ്ങളും തെളിയുന്നുണ്ടു്. ഈ ത്രൈലോക്യസൌന്ദൎയ്യത്തിന്റെ മുമ്പിൽ "വെള്ളത്താടി"യെക്കൊണ്ടുവിടുന്നതു് "ഉള്ളു പൊള്ളയായതിനാലല്ലേ, എന്നു് ഉള്ളിൽ കള്ളമില്ലാത്തവർ വിചാരിക്കയില്ലേ എന്നാണു് എന്റെ സന്ദേഹം. രസഭംഗത്തിന്നു പ്രധാനഹേതുവായ അനൌചിത്യം ഇവിടെ എങ്ങിനെ തലപൊക്കാതെയിരിക്കും? അല്ലെങ്കിൽ ഇന്നത്തെ ലോകത്തിൽ കണ്ടുവരുംപോലെ മന്ത്രിയുടെ യൌവനവും ജരാനരാദൂഷിതമായിരിക്കുമോ? അഥവാ പരിഷ്കൃതലോകത്തിലേപ്പോലെ ചിത്രയോധിയുടെ താടി ചായം പിടിപ്പിച്ചതായിരിക്കുമോ? അങ്ങിനെയാണെങ്കിൽ ജീവിതത്തിന്നും കലയ്ക്കുമുള്ള ബന്ധം പിരിക്കാൻവയ്യാത്തതുതന്നെ.

സീതയിലുള്ള കരകവിഞ്ഞ കാമാവേശംകൊണ്ടു നൂതനമായ രാവണന്റെ ചിത്രത്തെപ്പററി വിചാരിക്കുന്ന കൂട്ടത്തിൽ മന്ത്രി "ചിത്രയോധി" ഇങ്ങിനെ വിചാരിക്കുന്നു.—"സഹജമായ ഗാംഭീൎയ്യം ദാവാഗ്നിയിൽ കടൽവെള്ളംപോലെ വററിത്തുടങ്ങിയിരിക്കുന്നു". കാട്ടുതീ എന്നൎത്ഥത്തിലാണു ദാവാഗ്നിശബ്ദത്തിന്നു ലോകത്തിൽ പ്രചുരപ്രയോഗം. മൂലത്തിൽ "ഔൎവ്വേണേവകൃശാനുനാ" എന്നും കാണ്മാനുണ്ടു്. സമുദ്രത്തിലെ വെള്ളം വററുന്നതു് അബ്ധിസ്ഥനമായ സമുദ്രവഹ്നിയാലാകയാൽ ഈ ദാവാഗ്നിശബ്ദം എങ്ങിനെ സാധുവാകുമെന്നറിയുന്നില്ല. "സൎവ്വേസൎവ്വാൎത്ഥവാചകാഃ" എന്നുണ്ടെങ്കിൽ വായനക്കാരെല്ലാം യോഗികളാണെന്നു കരുതുന്നതു സാഹസമല്ലേ? അല്ല, വല്ല നിഘണ്ടുവിലും ബഡവാഗ്നി പൎയ്യായമായി ദാവാഗ്നിശബ്ദം പഠിച്ചിട്ടുണ്ടോ? ഒരു സമയം ഇന്നത്തെ മലയാളത്തിൽ ഈ വിധം പ്രയോഗമുണ്ടെന്നുവരുമോ? അല്ലെങ്കിൽ ബഡവാഗ്നിയെ ദാവാഗ്നിയായദ്ധ്യവസായം ചെയ്തതായിരിക്കുമോ?

ഇത്രത്തോളം പറഞ്ഞതു പൌരോഭാഗ്യത്താലാണെന്നും ഇതിലുള്ള ഗുണങ്ങളെ അപലപിക്കേണ്ട ഉദ്ദേശത്തോടുകൂടിയാണെന്നും, ആരും തന്നെ വിചാരിക്കയില്ലെന്നു വിശ്വസിക്കുന്നു. 'സൂക്തിസഹസ്രംകൊണ്ടു സാഹിതീപ്രണയികളെ കടാക്ഷിച്ച പുണ്യശ്ലോകന്മാരുടെ ദോഷകീർത്തനം സ്വദോഷമായേ പരിണമിക്കൂ' എന്ന സിദ്ധാന്തത്തെ മുറുകെപ്പിടിച്ചവനാണു ഞാൻ. സുന്ദരകളേബരത്തിലുള്ള ശ്വിത്രംപോലെ കാവ്യത്തിലുള്ള ദോഷം അല്പമാണെങ്കിലും അതിന്റെ ചാരുതയെ അപഹരിക്കുമെന്നതു സർവ്വസമ്മതമാണല്ലോ. ദോഷങ്ങളെ ഗോപനംചെയ്തു ഗുണങ്ങളെ മാത്രം പ്രകടനം ചെയ്യുന്നതാണു നല്ലവരുടെ സഹജമായ സ്വഭാവം. എങ്കിലും ആത്മസുഹൃത്തിന്റെ ഹിതൈഷിയായ ഒരുവന്റെ കടമ ഗുണങ്ങളെ മൂടിവെച്ചും ദോഷങ്ങളെ ചൂണ്ടിക്കാണിക്കുകയാണ്. ഈ അഭിപ്രായത്തോടുകൂടിയാണു മേൽപ്പറഞ്ഞ ദോഷശങ്കാജനകങ്ങളായ ഭാഗങ്ങളെ ഇവിടെ ഉദ്ധരിച്ചതു്. ഈ തത്വം ആലോചിക്കുമ്പോൾ വായനക്കാരോ ഗ്രന്ഥകാരൻതന്നെയോ എന്നിൽ വൃഥാ ദോഷാരോപണംചെയ്യുവാൻ വഴിയില്ലല്ലോ. വിദ്യാർത്ഥിലോകത്തിന്നു വിശിഷ്യ വിജ്ഞാനപ്രദമായ ഈ പുസ്തകത്തിലെ സന്ദേഹനിവൃത്തി വരുത്തുന്നതും കവിഹൃദയം ഗ്രഹിക്കുന്നതും എന്നെപ്പോലെ വിദ്യാർത്ഥികളുടെ ഇടയിൽ പഴകുന്നവർക്കു പ്രത്യേകം ഉപകാരപ്രദമാവുകയും ചെയ്യും. അതുകൊണ്ടു മുൻപറഞ്ഞ സ്ഥലങ്ങളിൽ കാവ്യശോഭാജനകമായ വല്ല ഗൂഢാർത്ഥവും അന്തർഭവിച്ചിട്ടുണ്ടെങ്കിൽ എന്റെ ആശങ്കകളെ പൂർവ്വപക്ഷമായി വച്ചു, കവിയോ വായനക്കാരിൽ വല്ലവരുമോ വെളിപ്പെടുത്തുന്നതായാൽ ഞാൻ അനുഗൃഹീതനായി. എന്റെ ഈ യത്നവും കൃതാർത്ഥമായി. ദോഷം പ്രാതിഭാസികമല്ലാതെ യഥാർത്ഥമാണെങ്കിൽ അടുത്ത പ്രസിദ്ധീകരണത്തിലെങ്കിലും അതിനെ ദൂരീകരിപ്പാനുള്ള യത്നത്തിനു ഇതൊരു പ്രരോചകമായിരിക്കുമെങ്കിൽ അപ്പോഴും എന്റെ യത്നം സഫലംതന്നെ.

ഇ. കെ. മാരാർ (ശിരോമണി).